JUL 1935
MADRAS

# ഗുരുനാഥൻ.

| പുസ്തകം 14 | 110 മീനം | ലക്കം 8 |
|---|---|---|

## വിദ്യാലയവും ലോകവും.
### (ചില ആഗന്തുകചിന്തകൾ.)

(ആർ. ഈശ്വരപിള്ള ബി. എ.)

നാം ഇന്നു ജീവിക്കുന്നതു ദ്രുതഗതിയിൽ ചലിക്കുന്ന ഒരു ലോകത്തിലാണു്. നമ്മുടെ പൂർവ്വികന്മാർ സ്വപ്നത്തിൽപോലും വിചാരിക്കാത്ത അനുഭവഘട്ടങ്ങളിൽക്കൂടി നാം കടന്നുകൊണ്ടിരിക്കയാണു്. മനുഷ്യവർഗ്ഗം അതിന്റെ പുരോഗമനവേഗത്തെ നിയന്ത്രിക്കുന്നതിനും മററുമായി നിർമ്മിക്കപ്പെട്ടിട്ടുള്ള പ്രതിബന്ധരൂപേണയുള്ള നിയമങ്ങളെ നിർവ്വിശങ്കം ഇന്നു ലംഘിച്ചുവരികയാണു്. ഇന്നു് അധികം മനുഷ്യരുടേയും ദൃഷ്ടി പിന്നോട്ടു തിരിയുന്നില്ല. അവർ മുമ്പിൽ എന്തോ ലക്ഷ്യമാക്കി ചരിക്കയാണെന്നു് തോന്നിപ്പോകും. എന്നാൽ വാസ്തവം അങ്ങനെയാണോ എന്നു് സംശയിക്കാം. കഴിഞ്ഞ ലോകമഹായുദ്ധം ലോകത്തിനു് പ്രദാനം ചെയ്ത ആ ഭീമമായ ചലനശക്തി ഇരുപതുവർഷം കഴിഞ്ഞിട്ടും ഇന്നും നിലയിൽവന്നിട്ടില്ല. ഇന്നു് അവിടവിടെ "ഭൂകമ്പം" ഉണ്ടായിക്കൊണ്ടിരിക്കുന്നതായി കാണുന്നു. എന്നാൽ മനുഷ്യലോകത്തിൽ ഇന്നുള്ള കമ്പനത്തെ അപേക്ഷിച്ചു് ഇതു കേവലം തുച്ഛമാണു്. ചുരുക്കിപ്പറയുന്നതായാൽ സാമാന്യം സുദീർഘമായ ഒരു നിദ്രാവസ്ഥയിൽനിന്നും മനുഷ്യലോകം ഉണർന്നു് എന്തോ കുടിശ്ശിക ഉള്ളതിനെ കാലഹരണം വരാതെ ചെയ്തുതീർക്കാനുള്ള ശ്രമംപോലെ പരികരം ബന്ധിച്ചു നില്ക്കുകയാണു്. ഒരു ക്ഷണംപോലും കളയുവാൻ നിവൃത്തിയില്ലെന്നു തോന്നും.

വിദ്യാഭ്യാസം ലോകത്തിൽ പണ്ടുപണ്ടേ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു ചടങ്ങാണു്. അതിനു പല ഉദ്ദേശ്യങ്ങളും ഉണ്ടായിരുന്നിരിക്കാം. മനുഷ്യരെ ലോകരംഗത്തിൽ പ്രവേശിക്കാൻ സന്നദ്ധരാക്കുകയാണു പ്രധാന

മായിട്ടുള്ളതു്. പണ്ടു് ഇതിലേക്കു ദീർഘകാലം വ്യയം ചെയ്തുവന്നു. എന്നാൽ അന്നു ലോകകാര്യങ്ങൾ വളരെ കുറഞ്ഞും ഇരുന്നു. ലോകകാര്യങ്ങൾ വർദ്ധിച്ചുവരുന്തോറും വിദ്യാഭ്യാസകാലം ക്രമശഃ കുറയ്ക്കേണ്ടതാണല്ലോ. ശൈശവത്തിനും പുറമെ ചുരുങ്ങിയപക്ഷം ഇനിയൊരു പതിനഞ്ചുകൊല്ലം നാം ഇതിലേക്കു വിനിയോഗിക്കുന്നുണ്ടു്. ലോകവ്യാപാരാഹ്വാനങ്ങൾ ബഹുലങ്ങളും അവിചാരണീയങ്ങളുമായ ഇക്കാലത്തു് ഇന്നത്തെ വിദ്യാർത്ഥിജീവിതം കഴിച്ചാൽ ബാക്കിയുള്ള കാലം അവയെ അഭിമുഖീകരിക്കുന്നതിനു മതിയാകുമോ എന്നു സംശയിച്ചേക്കാം. എന്നാൽ ഇന്നു് വിദ്യാർത്ഥിയുടെ ചുമതലയും ഒട്ടും കുറവല്ല. പക്ഷെ ആപേക്ഷികമായി ലോകകാര്യങ്ങൾക്കാണു് കൂടുതൽ ഗൌരവം കല്പിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ ഇന്നു വിദ്യാർത്ഥികളുടെ ശ്രദ്ധയും ഐകാഗ്ര്യമില്ലാതെ പല വഴിക്കും ചുററിക്കൊണ്ടിരിക്കയാണു്. പുസ്തകങ്ങൾ പഠിക്കയും പ്രസംഗങ്ങൾ കേൾക്കയും പരീക്ഷകളിൽ ചേരുകയും മററുമുണ്ടെങ്കിലും ഇവ മിക്കവാറും വിദ്യാർത്ഥികളുടെ ദ്വിതീയ ചിന്താവിഷയമായിട്ടാണിരിക്കുന്നതു്. വിദ്യാലയങ്ങളുടെ വാതിൽ ലോകവീഥിയിലേയ്ക്കു തുറന്നു കിടക്കുന്നതുകൊണ്ടു് അവരുടെ ശ്രദ്ധ ആകർഷണവികർഷണശക്തികൾക്കധീനപ്പെട്ടു സ്ഥിരതയില്ലാതെ കാതരമായി ഭവിക്കുന്നു. അവർ ലോകരംഗത്തിലേക്കു് ഒരു അനിരോദ്ധ്യമായ ശക്തിയാൽ ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ "പാങ്ങും പടയിങ്ങും" എന്ന മട്ടിലാണു് കാലം നയിക്കുന്നതു്. മുൻപറഞ്ഞതുപോലെ ലോകത്തിന്റെ ആഹ്വാനങ്ങൾ സംഖ്യാതീതങ്ങളായിരിക്കുന്നതുകൊണ്ടും അവയ്ക്കു് ആകർഷണശക്തി കൂടിയിരിക്കുന്നതുകൊണ്ടും യുവജനങ്ങൾ വിദ്യാലയം വിടുന്നതിനു് അക്ഷമരായി വർത്തിക്കുന്നു. കായികവിനോദങ്ങൾ, നാടകാഭിനയങ്ങൾ, രാഷ്ട്രീയമൊ സാമുദായികമൊ ആയ സമ്മേളനങ്ങൾ, ഉദ്യോഗാന്വേഷണങ്ങൾ ഇവ വിദ്യാർത്ഥികളെ വശീകരിക്കുന്ന ശക്തികളിൽ ചിലവയാണു്. പണ്ടത്തെ വിദ്യാർത്ഥികളെ ഇങ്ങനെ ആരോ വർണ്ണിച്ചിട്ടുണ്ടു്.

കാകദൃഷ്ടിർബകധ്യാനം
ശ്വാനനിദ്രാ തഥൈവച
അല്പാഹാരം ജീർണ്ണവസ്ത്രം
ഏതദ്‌വിദ്യാർത്ഥിലക്ഷണം

ഇന്നത്തെ വിദ്യാർത്ഥികൾ എത്രയോ വ്യത്യാസപ്പെട്ടിരിക്കുന്നു. യുവാംസങ്ങളിൽ സ്ഥിതിചെയ്യുന്ന വൃദ്ധശിരസ്സ്, അഭിനവങ്ങളായ ഉൽകൃഷ്ടാകാംക്ഷകൾ, നിരന്തരമായ പ്രസരിപ്പു, ലോകനേമിയെ തിരിക്കാനുള്ള അക്ഷമ, അളവില്ലാത്ത ജിജ്ഞാസ, പ്രവൃത്തിധീരത, ഏതിലും യശസ്സു ലഭി

ക്കാനുള്ള ആഗ്രഹം കാലവിളംബനത്തിലുള്ള അസഹിഷ്ണുത, കായികാഭ്യാസത്തിലുള്ള ആസക്തി മുതലായവയാണ് ഇന്നത്തെ വിദ്യാത്ഥിയുടെ ലക്ഷണങ്ങൾ. ആഹാരവിഷയത്തിലും വസ്ത്രധാരണവിഷയത്തിലും ഇന്നത്തെ വിദ്യാത്ഥികൾ ഇതരന്മാരെ അതിശയിക്കുന്നു. പണ്ടു വിദ്യാഭാസം ലോകപ്രവേശനത്തിൻെറ പൂർവ്വരംഗമായിട്ടാണു ഗണിയ്ക്കപ്പെട്ടിരുന്നതു്. ഇന്ന് ഈ വ്യത്യാസം കാണുകയില്ല. വിദ്വാന്മാരും മററും വിദ്യാഭ്യാസത്തിൻെറ മഹിമയെപ്പററി പ്രസംഗിക്കുന്നുണ്ടായിരിക്കാം. എന്നാൽ യുവജനങ്ങൾ അതിനുള്ള വില ഇത്രയെന്നു മനസ്സിലാക്കിയിട്ടുണ്ടു്. വിദ്യാലയത്തിനും ലോകത്തിനും മദ്ധ്യേയുള്ള സീമാന്തരേഖ ഇന്നു മാഞ്ഞുപോയിരിക്കുന്നു. ഒരു യുവാവു വിദ്യാലയവളപ്പിലായാലും ലോകത്തിൻെറ തുറന്ന വീഥിയിലായാലും "പൌരൻ"തന്നെ. പക്ഷെ പൌരത്വം ഒന്നിൽ വികസിതവും മററതിൽ മുകുളിതവും ആണെന്നുള്ള ഭേദം സ്മരണീയമാണ്. വിദ്യാലയത്തിൻെറ ഹ്രസ്വവൃത്തം ഇന്നത്തെ യുവജനങ്ങൾ പ്രത്യേകമായി ഗണിക്കുന്നില്ല. അതു ലോകവ്യാപാരപരിധിക്കുള്ളിൽ ഉൾപ്പെട്ടിരിക്കുന്ന ഒരംശമാണ്. വിദ്യാലയങ്ങളിൽ ഇന്നു വ്യയംചെയ്യുന്ന കാലത്തിൽ ഒരു ഭാഗംകൂടി ലോകരംഗത്തിൽ വിനിയോഗിക്കുന്നതായാൽ ലോകത്തിൻെറ പുരോഗമനം പൂർവ്വാധികം ത്വരിതപ്പെടുന്നതാണ്. എന്നാൽ രംഗപ്രവേശത്തിനുമുമ്പു "കച്ചകെട്ടും ചൊല്ലിയാട്ടവും" വേണ്ടയോ എന്ന് ചോദിക്കയാണെങ്കിൽ അതിന് ഇങ്ങനെ ഉത്തരം പറയാം. ലോകം അക്ഷമയോടുകൂടി പ്രവത്തകന്മാരെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഉടുത്തുകെട്ടിച്ചമയുന്നതിനും മററും സുദീർഘസമയം വ്യയംചെയ്യുന്നതു യുക്തമാണോ? സൈനികമുറയനുസരിച്ചു കുഴൽവിളി കേൾക്കുമ്പോൾ രണഭൂമിയിലെത്തേണ്ടതു് ഓരോ ഭടൻെറയും ചുമതല അല്ലയോ? അപ്പോൾ ഒഴിവുകഴിവുകൾ നീതീകരിക്കത്തക്കതല്ല. ഇന്നു മനുഷ്യരെല്ലാവരും ശൈശവം ഒഴിച്ചാൽ ഒന്നുകിൽ വിദ്യാത്ഥിപൌരൻ അല്ലെങ്കിൽ പൌരവിദ്യാത്ഥി ആയിട്ടാണിരിക്കുന്നതു്. കേവലം വിദ്യാർത്ഥിയോ കേവലം പൌരനോ അല്ല. ജീവിതത്തിലെ പ്രവൃത്തിഘട്ടം കഴിയുന്നതും വിസ്തൃതമാക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതുനിമിത്തം മററുഘട്ടങ്ങൾ കഴിയുന്നതും ഹ്രസ്വങ്ങൾ ആക്കേണ്ടിയിരിക്കുന്നു. ലോകത്തിനു വിദ്യാലയത്തേക്കാൾ അധികം പാഠങ്ങൾ പഠിപ്പിക്കാനുണ്ടു്. പുസ്തകപാഠങ്ങളേക്കാൾ പ്രായോഗികപാഠങ്ങളാണു ലോകത്തിൽ അധികം ഫലിക്കുന്നതു്. ഇതിനുംപുറമെ ഇന്നത്തെ യുവാക്കന്മാർ കഴിഞ്ഞ ശതാബ്ദത്തിലെ യുവാക്കന്മാരല്ല. നൂറുവഷം ഒരു ഹ്രസ്വകാലവുമല്ല. മനുഷ്യവർഗ്ഗംതന്നെ പരിണാമശക്തിയുടെ വ്യാപാരത്തിന് അധീനമാണല്ലോ. തന്നിമിത്തം കായികവും മാനസികവും ആയ ശക്തികളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ മനുഷ്യൻ ഗത

ശതാബ്ദത്തിലെ മനുഷ്യനിൽനിന്നും വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അന്നത്തെ ശിക്ഷണം മുഴുവൻ ഇന്ന് ആവശ്യമില്ല. നൂറുവർഷത്തിനു മുമ്പുള്ള നടവടിയെ ഇന്നും തുടരുന്നതു പരിണാമശക്തിയെ വിസ്മരിക്കയാണ്. നാം ഇന്ന് എല്ലാ വിഷയങ്ങളിലും കാലവ്യയം കഴിയുന്നതും കുറയ്ക്കുകയാണ്. വ്യോമയാനം, ആവിശകടം, ആവിക്കപ്പൽ, വിദ്യുത് സന്ദേശം ഇവകൾമൂലം നാം എത്രയോ സമയവ്യയം ഇന്നു പരിഹരിച്ചുവരുന്നു. ഇങ്ങിനെ സമ്പാദിക്കുന്ന കാലം നമുക്ക് ഇതരകാര്യനിർവ്വഹണത്തിനായി വിനിയോഗിക്കാവുന്നതാണല്ലോ. ലോകകാര്യങ്ങൾ അളവില്ലാതെ വർദ്ധിക്കയും നമ്മുടെ സ്വാധീനത്തിലുള്ള കാലം വർദ്ധിക്കാതെ യഥാസ്ഥിതിയിൽതന്നെ ഇരിക്കയും ചെയ്യുന്നതിനാൽ നാം നമ്മുടെ സമയവിഭജനത്തിൽ മിതവ്യയം അനുഷ്ഠിക്കേണ്ടതു് അത്യാവശ്യമായിത്തീർന്നിരിക്കുന്നു. വിദ്യാലയങ്ങളിൽ ഇപ്പോൾ വ്യയം ചെയ്തുവരുന്ന കാലം കാര്യാന്തരാഹ്വാനങ്ങളെ പുരസ്കരിച്ചു കുറയ്ക്കേണ്ടതല്ലയോ എന്നാണു പലരും സംശയിക്കുന്നതു്. പൂർവ്വകാലത്തെ അപേക്ഷിച്ചു മനുഷ്യർ ഇന്നു പരിണാമശക്തിയുടെ പ്രവർത്തനംകൊണ്ടു കൂടുതൽ കൂടുതൽ പ്രഫുല്ലവുമായ മാനസികസത്വത്തോടുകൂടിയാണു ഭൂമിയിൽ അവതരിക്കുന്നതു്. അതുപോലെതന്നെ ഇന്നു മാനസിശക്തികളുടെ വികസനവും ദ്രുതഗതിയിലാണ്. അതുകൊണ്ടു നാം മുമ്പു വിദ്യാഭ്യാസത്തിനായി വ്യയം ചെയ്തുവന്നിരുന്ന കാലം കാര്യക്ഷമതയ്ക്കു ഹാനികൂടാതെ കുറയ്ക്കാവുന്നതാണ്. എന്നുതന്നെയുമല്ല, പ്രതിദിനം കണ്ടുപിടിച്ചുവരുന്ന നവീനങ്ങളും അധുനാതനങ്ങളും ആയ വിദ്യാഭ്യാസോപകരണങ്ങളും മാർഗ്ഗങ്ങളും വിദ്യാഭ്യാസകൃത്യങ്ങളെ ലഘൂകരിക്കുന്നതിനും കാലദൈർഘ്യത്തെ കുറയ്ക്കുന്നതിനും സഹായിക്കുന്നവയുമാണ്. യുവാക്കന്മാരെ പ്രവൃത്ത്യുന്മുഖമായ ഉത്സാഹത്തിൻെറ ആവിർഭാവത്തോടുകൂടി ലോകത്തിലേക്കു പ്രേഷണം ചെയ്യേണ്ടതാണ്. വിദ്യാലയംതന്നെ ലോകത്തിൻെറ ഒരു സംക്ഷിപ്തരൂപമാണ്. വ്യായാമം, കായികാഭ്യാസം, ശരീരസംസ്കരണം, സ്കൗട്ടുപ്രസ്ഥാനം മുതലായവയും ലോകവ്യാപാരങ്ങളിലേക്കുള്ള ഒരുക്കങ്ങളാണ്. വിദ്യാലയത്തിൻേറയും ലോകത്തിൻേറയും പരിധികൾ പരസ്പരം സംക്രാന്തങ്ങളായിട്ടാണിരിക്കുന്നതു്. വിദ്യാലയത്തിൽ ദീർഘകാലം വ്യയം ചെയ്തിട്ടു ലോകത്തിൽ തൊഴിലില്ലാതെ അലയുകയാണ് ഇന്നത്തെ യുവജനങ്ങളുടെ സ്ഥിതി. വിദ്യാലയകാലം നീട്ടുന്തോറും ഉദ്യോഗഭ്രമവും ഇതരവ്യവസായവൈമുഖ്യവും വർദ്ധിച്ചുവരികയാണ്. വിദ്യാലയജീവിതം പ്രായേണ മാനസികവ്യാപാരാസക്തി വർദ്ധിപ്പിക്കയും കായികവും പ്രവൃത്തിപരവുമായ വിഷയങ്ങളിൽ ശ്രദ്ധ കുറയ്ക്കുകയും ചെയ്യുന്നതായിട്ടാണു കാണപ്പെടുന്നതു്. വിദ്വാന്മാർക്കോ, സാഹിത്യകാരന്മാർക്കോ, ശാസ്ത്രാന്വേഷികൾക്കോ, ദീർഘമായ വിദ്യാലയകാലം ആവശ്യമായി

രിക്കാം. ഇവരുടെ സംഖ്യ വളരെ കുറവാണല്ലോ. വിദ്യാലയകാലം പൂത്തിയാകാതെ ഇടയ്ക്കു വിട്ടുപോകുന്നവരാണ് നല്ല തൊഴിലാളികളായും വ്യവസായികളായും തീരുന്നതു് എന്ന് അനുഭവം നമ്മെ ചൂണ്ടിക്കാണിക്കുന്നു. ജീവിതമത്സരത്തിനു പ്രതിദിനം കശ്നതയും നിശിതത്വവുംകൂടി വരികയാണ്. "പശ്ചാൽസ്ഥിതനെ പിശാചു പിടിക്കട്ടെ." എന്നാണു സാധാരണ ആപ്തവാക്യം. "നിന്റെ കൃത്യത്തെ അറിഞ്ഞു് അതിനെ നിവ്വഹിക്കുക" എന്നാണ് ഇന്നത്തെ വേദോക്തി.

ഇന്നത്തെ കാളേജുകളിലേക്കുള്ള വിവേകശൂന്യമായ തിക്കും തിരക്കും ഉദ്യോഗലാഭത്തേക്കാൾ ഉൽകൃഷ്ടമായ ഒരു ശരവ്യത്തെ ലാക്കാക്കി ആയിരുന്നു എങ്കിൽ പക്ഷെ അഭിനന്ദനീയമായിരിക്കാം. പക്ഷെ ഇത്തരം ദൃഷ്ടാന്തങ്ങൾ വളരെ കുറവാണെന്നു തോന്നുന്നു. നാം വസ്തുക്കളുടെ യഥാൎത്ഥവില കല്പിക്കുന്നതിലാണ് പലപ്പോഴും വഴിതെററി പോകുന്നതു്. മനുഷ്യജീവിതം, ഗൃഹം, വിദ്യാലയം, ലോകം ഇവ മൂന്നിലുംകൂടി വ്യാപിച്ചാണു കിടക്കുന്നതും. ഓരോ ഘട്ടത്തിന്റേയും വില അല്ലെങ്കിൽ ഗൌരവം നാം ശരിയായി ഗ്രഹിച്ചാൽ മാത്രമെ ജീവിതകാലത്തെ ശരിയായി വിഭജിക്കാൻ സാധിക്കയുള്ളൂ. വിദ്യാലയകാലം അധികം ദീഘിച്ചാൽ ലോകജീവിതകാലത്തിൽ അത്രയും കുറവു വരുന്നതാണെല്ലോ. അതിന്റെ അൎത്ഥം നാളെ ലോകത്തിൽ കൃതകൃത്യന്മാരില്ലെന്നാണ്. ആചരണത്തിനുള്ള കാലം ഏറക്കുറെ അദ്ധ്യയനത്തിൽ വ്യയം ചെയ്തു പോകുന്നു. വാൎദ്ധക്യമായ നിവൃത്തികാലംകൂടി പ്രവൃത്തികാലം ആക്കേണ്ടതായും വരുന്നു. വിദ്യാലയത്തിലെ പരാജയത്തിനേക്കാൾ ലോകത്തിലെ പരാജയമാണ് അധികം സാരമായി ഗണിക്കേണ്ടതു്. ലോകജീവിതത്തിലാണ് നമുക്ക് ദുഘടങ്ങളോടും ദുരന്തങ്ങളോടും സമരം ചെയ്യുവാനുള്ളതു്. അതിലേക്കു യുവസഹജമായ ശക്തിയും, ഉത്സാഹവും, പ്രസരിപ്പും കൂടാതെ കഴികയില്ല. ഇവയിൽ ഏതെങ്കിലും അന്യത്രവ്യയം ചെയ്തുപോയാൽ അത്രത്തോളം ലോകത്തിനു നഷ്ടമാണ്.

ഇത്രയും പറഞ്ഞതുകൊണ്ടു വിദ്യാഭ്യാസത്തിന്റെ ഗൌരവത്തെ ഞാൻ വിസ്മരിക്കുന്നതായി വിചാരിച്ചുകൂട. ലോകജീവിതത്തിന്റെ ഗൌരവത്തെക്കൂടി സ്മരിക്കുകമാത്രമെ ചെയ്യുന്നുള്ളൂ. വിദ്യാഭ്യാസപ്രശ്നം ഇന്നു ദുഘടപ്രശ്നമായിട്ടാണിരിക്കുന്നതു്. ഈ പ്രശ്നത്തിന്റെ നിവൃത്തിക്കായിക്കൊണ്ടു് ഒട്ടധികം മസ്തിഷ്കശക്തിയും സമയവും നാം വ്യയം ചെയ്യുന്നുണ്ട്. എന്നാൽ ഒരു തൃപ്തികരമായ പരിഹാരം ഇനിയും കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. വിദ്യാഭ്യാസത്തിന്റെ കാലദൈഘ്യം ഇന്നും അധികം ആളുകളുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുണ്ടോ എന്നു സംശയമാ

ണ്. എന്നതന്നെയുമല്ല വിദ്യാഭ്യാസകാലം ഇനിയും ദീർഘിപ്പിക്കണമെന്നുള്ള അഭിപ്രായക്കാരും ഇല്ലാതില്ല. ഏതായാലും ഈ കാര്യം ആലോചിക്കേണ്ടതായ ഒരു വിഷയമാണെന്നുള്ളതിനു സംശയമില്ല. ഈ പ്രശ്നത്തിൻെറ ഒരു വിധത്തിൽ അല്ലെങ്കിൽ മററൊരു വിധത്തിൽ ഉള്ള തീരുമാനം അവശ്യമായിട്ടാണിരിക്കുന്നതു്.

വിവിധവിഷയങ്ങൾ കൊണ്ടു തിങ്ങിയ ഇന്നത്തെ പാഠപദ്ധതി, അതിദീർഘമായ വിദ്യാലയകാലം, വിദേശീയഭാഷ ഗ്രഹിക്കുന്നതിനുള്ള പ്രയാസം, അതിയായ മനഃക്ലേശം, ഇടയ്ക്കിടെയുള്ള പരാജയം മുതലായവ വിദ്യാൎത്ഥികളുടെ ആരോഗ്യത്തേയും ആയുസ്സിനേയും സാരമായി ബാധിക്കുന്നില്ലയോ എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇവയെ ഒക്കെയും തരണം ചെയ്യുന്നതിനു യുവസഹജമായ നവോന്മേഷവും വികസ്വരങ്ങളായ ശാരീരികശക്തികളും സഹായിക്കുമെങ്കിലും അവയെ ദീർഘകാലം വിഷമിപ്പിക്കുന്നതു് ആശാസ്യമായിരിക്കയില്ല. യഥാൎത്ഥജീവിതം വിദ്യാലയത്തിനു പുറത്താണു കിടക്കുന്നതു്. അവിടെയാണു മനുഷ്യന് എതിർക്കാനും, സഹിക്കാനും തടുക്കാനും സന്ദൎഭങ്ങൾ നേരിടുന്നതു്. അതുകൊണ്ടു നേരത്തെതന്നെ സമയം കായികവും മാനസികവും ആയ ശക്തി, ഉന്മേഷം മുതലായ വിഷയങ്ങളിൽ സാഹിത്യപരവും ശാസ്ത്രീയവുമായ ജ്ഞാനം സമ്പാദിക്കേണ്ടവരെ ഒഴിച്ചാൽ മിതവ്യയം അനുഷ്ഠിക്കേണ്ടതു് ആവശ്യമാണ്. ലോകം അതിൻെറ ഏതോ നിൎദ്ദിഷ്ടഭാവിയിലേയ്ക്കു് പ്രയാണം ചെയ്യുകയാണ്. അതു് എന്താണെന്നു് ഇപ്പോൾ ആൎക്കും ഗ്രഹിക്കാൻ സാധിക്കുകയില്ല. എന്നാൽ അതു മിക്കവാറും മനുഷ്യവൎഗ്ഗത്തിൻെറ ഉൽക്കർഷത്തോടു സുദൃഢമായി ബന്ധിച്ചിരിക്കുന്ന ഒന്നാണെന്നു് അനുമാനിക്കുന്നതു് അടിസ്ഥാനരഹിതമായിരിക്കയില്ല. വിദ്യാലയജീവിതത്തിൻെറ ദൈൎഘ്യം ലോകജീവിതത്തിൻെറ ഗൌരവത്തെ പുരസ്കരിച്ചു നിൎണ്ണയിക്കേണ്ടതാണ്. യുവാക്കന്മാരാണ് എവിടെയും എന്നും മനുഷ്യവൎഗ്ഗത്തിൻെറ വിലയേറിയ സ്വത്തു് അഥവാ മൂലധനം. അതിൻെറ ശരിയായ വിനിയോഗത്തിലാണു മനുഷ്യവൎഗ്ഗത്തിൻെറ അഥവാ ലോകത്തിൻെറ അഭ്യുദയം അവലംബിച്ചു നില്ക്കുന്നതു്.

# സക്കാർ വിദ്യാഭ്യാസനയം; തിരുവിതാംക്കൂർ.

(ജി. രാമൻമേനോൻ എം. എ., ബി. എൽ.)

തിരുവിതാംക്കൂർ സക്കാരിൻെറ വിദ്യാഭ്യാസനയത്തിലെ മൌലിക ങ്ങളായ ന്യൂനതകളെപ്പററി, ഞാൻ ഇതിനുമുമ്പു പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്. സ്റ്റേറ്റാംകമ്മിററി റിപ്പോർട്ടു പ്രസിദ്ധം ചെയ്കയുടനേതന്നെ അതിനെ നിരൂപണംചെയ്തു "മലയാളരാജ്യം", "കോട്ടയം പത്രിക", "ഗുരുനാഥൻ" എന്നീ പത്രികകളിൽ ഞാൻ എഴുതിയിരുന്ന ലേഖനങ്ങളിലും ഈ കാര്യത്തെപ്പററി പറഞ്ഞിരുന്നു. എന്നാൽ, വിദ്യാഭ്യാസപ്രവത്തകന്മാക്കും ഗവമ്മെണ്ടിനും ഈ സംഗതിയുടെ ഗൌരവം ഇനിയും മനസ്സിലായിട്ടില്ലെന്നാണു തോന്നുന്നതു്. തിരുവിതാംക്കൂറിലെ വിദ്യാഭ്യാസനയത്തിൻെറ പ്രധാന ന്യൂനത ഇൻഡ്യായിൽ പൊതുവേയുള്ളതായിരുന്നെങ്കിലും, തിരുവിതാംക്കൂറിൽ അതു്, ഇപ്പോഴും അധികമധികം പ്രബലപ്പെട്ടുകൊണ്ടിരിക്കുന്നു. ഇൻഡ്യായുടെ മററുഭാഗങ്ങളിൽ, ഈ ന്യൂനത കുറേശ്ശെയായി നീക്കപ്പെട്ടുവരുന്നുണ്ട്. ബ്രിട്ടീഷ് ഇൻഡ്യൻസംസ്ഥാനങ്ങളിൽ വിദ്യാഭ്യാസകാര്യങ്ങളിൽ ജനപ്രതിനിധിയായ ഒരു മന്ത്രിക്കു പ്രധാന നിയന്ത്രണാധികാരം നൽകുന്നതായ ഭരണപരിഷ്കാരം ഉണ്ടായതോടുകൂടി, വിദ്യാഭ്യാസത്തിനു് ഉദ്യോഗസ്ഥമാമൂലുകളിൽനിന്നു കുറച്ചൊക്കെ മോചനം സിദ്ധിക്കയും, അങ്ങനെ അതു സാമാന്യജനങ്ങളുടെ സാധാരണ ജീവിതത്തോടു് ഒട്ടൊക്കെ അടുത്തു തുടങ്ങുകയും ചെയ്തു.

തിരുവിതാംക്കൂറിൽ, ഡാക്ടർ മിച്ചൽ വിദ്യാഭ്യാസമേധാവിയായതുമുതല്ക്കാണു വിദ്യാഭ്യാസത്തിൽ ഉദ്യോഗസ്ഥമാമൂൽ അത്യന്തം ദോഷപ്രദമായവിധത്തിൽ പ്രബലപ്പെട്ടതു്. അതിനുമുമ്പ് ഈ മാമൂൽ കുറച്ചൊക്കെ ഉണ്ടായിരുന്നുവെങ്കിലും, അതു ബ്രിട്ടീഷ്ഇൻഡ്യായിൽ ഉണ്ടായിരുന്നതിനെ അതിശയിച്ചിരുന്നില്ല. ഡാക്ടർ മിച്ചലിൻെറ ഉദ്ദേശം ഇതിനെ എല്ലാവിധത്തിലും, പ്രബലപ്പെടുത്തുന്നതായിരുന്നു. അതു കുറേനാളത്തേക്കു ഭയങ്കരമായ വിധത്തിൽ ഫലിക്കയും ചെയ്തു. ഉപ്പ്, കള്ള്, ചാരായം മുതലായവ സക്കാർ കുത്തകസ്സാമാനങ്ങളായിരിക്കുന്നതുപോലെ വിദ്യാഭ്യാസവും അങ്ങനെ ആയിത്തീൎന്നു. അനുദ്യോഗസ്ഥർ നടത്തിവന്ന ഒട്ടധികം വിദ്യാശാലകൾ നിറുത്തുകയോ സക്കാരിലേക്കു വിട്ടുകൊടുക്കയോ ചെയ്യപ്പെട്ടു. ഡാക്ടർ മിച്ചലിൻെറ കോഡിൻെറയും, മററും പ്രവത്തനം പലവിധത്തിലും ദോഷപ്രദവും അപ്രായോഗികവും ഗവമ്മെണ്ടിനു് അമിതവ്യയഹേതുകവും ആണെന്നു കാണുകയാൽ, അദ്ദേഹത്തിൻെറ കാലത്തുതന്നെ

ന്നെ അവയിൽ കുറേശ്ശെ ഭേദഗതികൾ വരുത്തിത്തുടങ്ങീട്ടുണ്ടിവന്നു. പ്രൈവററു വിദ്യാലയങ്ങളെല്ലാം നിറുത്തി പകരം സക്കാർ വിദ്യാലയങ്ങൾതന്നെ നടത്തണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആദശം. ഗവണ്മെൻറ് അതിനു തയ്യാറില്ലാതിരുന്നതിനാൽ, അദ്ദേഹത്തിൻെറ നിബന്ധനകളിൽ പലതും കടലാസിൽ മാത്രം ശേഷിച്ചു. പ്രൈവററു വിദ്യാശാലപ്രവത്തകന്മാർ, ഭാരിച്ച കെട്ടിടങ്ങൾക്കും മററുമുള്ള ചിലവു വഹിക്കുന്നതിനുപുറമേ നടത്തിപ്പിനു മൂലധനം കാണിക്കണമെന്നും, അവർ പ്രതിഫലമൊന്നും എടുത്തുകൂടെന്നുമാത്രമല്ല, ആണ്ടുതോറും സ്കൂൾനടത്തിപ്പിനായി പണം ചിലവിട്ടുകൊള്ളണമെന്നും മററുമാണു കോഡു നിർബന്ധിക്കുന്നതു്. ഇതൊക്കെ അപ്രായോഗികമാണെന്നു് ഈ രാജ്യത്തിൻെറ സ്ഥിതിയെക്കുറിച്ചു കുറച്ചെങ്കിലും പരിചയമുള്ളവക്കെല്ലാം അറിയാം. വിദ്യാഭ്യാസവകുപ്പിലെ സക്കാരുദ്യോഗസ്ഥന്മാക്കു വമ്പിച്ച ശമ്പളം വേണമെന്നിരിക്കെ പ്രൈവററു സ്കൂൾ മാനേജർമാർ അവരുടെ പ്രയത്നത്തിനും മുതൽ മുടക്കിനും യാതൊരു പ്രതിഫലവും പററിക്കൂടെന്നും, നഷ്ടം സഹിച്ചുകൊള്ളണമെന്നും നിർബന്ധിക്കുന്നതിലുള്ള അനീതിയും ഭോഷത്വവും സാമാന്യക്കാക്കെല്ലാം മനസ്സിലാക്കാവുന്നതാണല്ലോ. സക്കാരിൽനിന്നു നേരിട്ടുപള്ളിക്കൂടങ്ങൾ നടത്തുന്നതാണു് പ്രൈവററു വിദ്യാശാലകളേക്കാൾ ചിലവു കുറഞ്ഞ ഏപ്പാട് എന്നുപോലും ഡാക്ടർ മിച്ചൽ വാദിച്ചിരുന്നു.

പ്രൈവററു വിദ്യാശാലകൾക്കു ഗവണ്മെണ്ടു നല്കുന്ന ഗ്രാൻറിനുപുറമെ മാനേജർമാർ ചിലവിടുന്നതായി കണക്കുകളിൽ കാണിക്കുന്ന തുകകളെക്കൂടെ അടിസ്ഥാനപ്പെടുത്തീട്ടാണു് അദ്ദേഹം ഇങ്ങനെ പറഞ്ഞതു്. എന്നാൽ, ആ കണക്കുകൾ ഗവണ്മെണ്ടിൻെറ ചട്ടമനുസരിച്ചു എന്നു വരുത്തുന്നതിനായി ഉണ്ടാക്കുന്ന കണക്കുകളാണെന്നും, വാസ്തവത്തിൽ അത്രയും ചിലവു ചെയ്യുന്നില്ലെന്നും, അതിനു സാദ്ധ്യമല്ലെന്നും സ്പഷ്ടമാണു്. ഡാക്ടർ മിച്ചലിൻെറ ദോഷപ്രദങ്ങളും അപ്രായോഗികങ്ങളുമായ നിബന്ധനകൾ പലതും ഏട്ടിൽമാത്രം ശേഷിച്ചപ്പോഴാണു മി: സ്റ്റേത്താമിനെ വിദ്യാഭ്യാസക്കമ്മറ്റിപ്രെസിഡൻറാക്കിയതു്. ഡാക്ടർ മിച്ചലിൻെറ ആദശങ്ങളെ പല കായ്യങ്ങളിലും പുനസ്ഥാപിക്കണമെന്നു് ഈ കമ്മിററിയുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. റിപ്പോർട്ടിലെ നിദ്ദേശങ്ങൾ നടപ്പാക്കാൻ മി: സ്റ്റേത്താമിനെതന്നെ വിദ്യാഭ്യാസഡയറക്ടരായി നിയമിച്ചിട്ട് ഏകദേശം രണ്ടു വഷമായിയെങ്കിലും ഒരു വിദ്യാഭ്യാസബോർഡ് ഏപ്പെടുത്തുകയും, ഉദ്യോഗസ്ഥന്മാരെ കൂടുതലായി നിയമിക്കയും ചെയ്തതൊഴിച്ച് അധികമൊന്നും നടത്താൻ അദ്ദേഹത്തിനു് ഇതുവരെ സാധിച്ചില്ല. അപ്രായോഗികമായ കോഡിലേയും മററും നിബന്ധനകളെ അദ്ദേഹവും മുറയ്ക്കു ലംഘിച്ചുകൊണ്ടിരുന്നു. ഇപ്പോൾ അദ്ദേഹം ഇവിടത്തെ ജോലിയിൽ

നിന്നു പിരിയുകയും ചെയ്തു. ഡാക്ടർ മിച്ചൽ ആദ്യം ചെയ്തതുപോലെ ഇദ്ദേഹവും കുറെ അധികം പള്ളിക്കൂടങ്ങളുടെ (1—ം 2—ം ക്ലാസുകൾ മാത്രമുള്ളവയിൽ പലതിൻെറയും) ഗ്രാൻറു നിറുത്തി. ഈ കാര്യ്യവും പുനരാലോചന ചെയ്യേണ്ടിവരുമെന്നാണു തോന്നുന്നതു്. ഇത്തരത്തിലുള്ള പള്ളിക്കൂടങ്ങളിൽ പലതും ആവശ്യമുള്ളവയാണെന്നു ശരിയായ അന്വേഷണംകൊണ്ടും അവയെ നിറുത്തിയതിൻെറ ഫലം എന്താണെന്നുള്ള അനുഭവം കൊണ്ടും തെളിയും.

ഡാക്ടർ മിച്ചലിനെപ്പോലെതന്നെ മി: സ്റ്റേത്താമും, ഇംഗ്ലീഷ് ഭാഷാപ്രധാനമായ വിദ്യാഭ്യാസത്തിനു കൃത്രിമമായ അന്തസ്സും നാട്ടുഭാഷാപ്രധാനമായതിന് അനർഹമായ അപകർഷവും സ്ഥിരപ്പെടുത്തുന്നതിനു വേണ്ടതെല്ലാം റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ടു്. ഇക്കൂട്ടരുടെ ഈ വിദ്യാഭ്യാസവിഭജനം തന്നെ അത്യന്തം ദോഷപ്രദവും അപ്രായോഗികവും ബുദ്ധിശൂന്യവുമാണ്. പണം കൂടുതലുള്ളവരുടെ കുട്ടികൾക്കു ഒരുതരം വിദ്യാഭ്യസം, ഇതു കുറവുള്ളവർക്കു വേറൊരുതരം വിദ്യാഭ്യാസം എന്നിങ്ങനെ കുറെ താഴെവച്ചുതന്നെ വിദ്യാഭ്യാസത്തെ ഭാഷയെ അടിസ്ഥാനപ്പെടുത്തി വേർതിരിക്കുന്നതു നിരർത്ഥവും അനർത്ഥവുമാണ്. മാതൃഭാഷാമുഖാന്തരമായിത്തന്നെയാണ് സാമാന്യവിദ്യാഭ്യാസമെങ്കിലും പ്രധാനമായി നടത്തേണ്ടതു്. അവിടെ ഇംഗ്ലീഷ്പള്ളിക്കൂടമെന്നും നാട്ടുഭാഷാപള്ളിക്കൂടമെന്നും ഉള്ള വ്യത്യാസം അനാവശ്യമാണ്. സാമാന്യ ജീവിതത്തിനുള്ള പരിശീലനമായിരിക്കണം സാമാന്യവിദ്യാഭ്യാസം. ഇതു പണം ധാരാളമുള്ളവർക്ക് ഒരുതരത്തിലും പണം കുറഞ്ഞവർക്കു മററുതരത്തിലുമായാൽ പോരാ. ഇന്നു പണം ധാരാളമുള്ളവൻ നാളെ പണം കുറഞ്ഞവനാകുന്നതും മറിച്ചു സംഭവിക്കുന്നതും സാധാരണമാണെന്നുള്ള കാര്യ്യമെങ്കിലും ഓർമ്മിച്ചിട്ട് ഈ വീൺവ്യത്യാസത്തെ പുലർത്താൻ ആരും വീൺവേല ചെയ്യാതിരിക്കണം. മററു ഭരണകാര്യ്യങ്ങളിലെന്നതുപോലെതന്നെ, ഇവിടത്തെ ഉദ്യോഗസ്ഥന്മാർ വിദ്യാഭ്യാസകാര്യ്യത്തിലും, ജനങ്ങളുടെ സാമാന്യജീവിതത്തേയും ആവശ്യങ്ങളേയും കുറിച്ചു സാമാന്യമായ അറിവോ, ആദരവോ കൂടാതെയാണു പെരുമാറുന്നതു്. സർക്കാരുദ്യോഗസ്ഥന്മാരുടേയും അനുചരന്മാരുടേയും ഇപ്പോഴത്തെ ജീവിതം ഒരു കൃത്രിമാന്തരീക്ഷത്തിലാണ്. അതിനു സാമാന്യജനങ്ങളുടെ ജീവിതത്തോടു ഗണ്യമായ അടുപ്പമൊന്നുമില്ല. അതുകൊണ്ടു സർക്കാരുദ്യോഗസ്ഥന്മാരുടെ സങ്കുചിതമനസ്ഥിതിയുള്ളവർ നിർമ്മിക്കുന്ന വിദ്യാഭ്യാസനയങ്ങളും പദ്ധതികളും സാമാന്യജനങ്ങൾക്ക് അനുഭവത്തിൽ ദോഷപ്രദവും അപ്രായോഗികവുമായിത്തീരുന്നതു സ്വാഭാവികമാണ്. മററു പൊതുക്കാര്യ്യങ്ങളിലെന്നതുപോലെതന്നെ, നയരൂപീകരണവും നിയന്ത്രണവും സാമാന്യജനങ്ങളുടെ സാമാന്യജീവിതത്തിൽ പരിചയവും അനുകമ്പയുമുള്ള ജനപ്രതിനിധികളിൽ

നിക്ഷേപിച്ചാൽ മാത്രമെ വിദ്യാഭ്യാസവും കാലോചിതവും കാൎയ്യക്ഷമവും ഗുണകരവും ആകയുള്ളൂ. ഇവിടത്തെ വിദ്യാഭ്യാസബോർഡിൽ സൎക്കാരുദ്യോഗസ്ഥന്മാൎക്കും, അദ്ധ്യാപകന്മാൎക്കും അല്ലാ പ്രാധാന്യമുണ്ടായിരിക്കേണ്ടതു്; സാമാന്യജീവിതത്തിൽ ഏൎപ്പെട്ടിരിക്കുന്ന അഭ്യസ്തവിദ്യന്മാൎക്കായിരിക്കണം. ബോർഡ്, ഡയറക്ടരുടെ ഉപദേശസമിതി മാത്രമായിരുന്നാൽ പോരാ. ഈ വകുപ്പിൻെറ നിയന്ത്രണാധികാരം ബോർഡിന്നു നൽകുന്നതാണു നല്ലതു് അതിൻെറ അദ്ധ്യക്ഷൻ ജനപ്രതിനിധിയായ ഒരു അനുദ്യോഗസ്ഥമന്ത്രിയായിരുന്നാൽ നന്നായിരിക്കും. ഡയറക്ടർ എന്ന ഒരു ഉദ്യോഗസ്ഥൻ ആവശ്യമുണ്ടോ എന്നു സംശയമാണു്. ഒരു പ്രധാന ഇൻസ്പെക്ടരും ഏതാനും അസിസ്റ്റൻറു് ഇൻസ്പെക്ടർമാരും, ഉണ്ടായിരുന്നാൽ, ഹൈസ്കൂളുകളുടേയും അവയിൽ താണതരത്തിലുള്ള പാഠശാലകളുടേയും ഭരണത്തിന്നു ധാരാളം മതിയാകും. കോളെജുകൾ വിദ്യാഭ്യാസബോർഡിൻേറയും വിദ്യാഭ്യാസമന്ത്രിയുടേയും നേരിട്ടുള്ള നിയന്ത്രണത്തിലിരുന്നാൽമതി.

ആധുനികകാലത്തു വിദ്യാഭ്യാസത്തിൻെറ കേന്ദ്രം പാഠശാലയിൽനിന്നു ഗൃഹത്തിലേക്കു മാറുന്നുവെന്നു കൊച്ചിയിലെ വിദ്യാഭ്യാസഡയറക്ടർ അവിടത്തെ നിയമസഭായോഗത്തിൽവച്ചു് ഒരു സന്ദൎഭത്തിൽ പ്രസ്താവിച്ചതായി പത്രങ്ങളിൽ കണ്ടു. കാൎയ്യം വാസ്തവമാണു്. ഈ മാററം പുത്തനായിട്ടുള്ളതല്ല. മുമ്പു വിദ്യാഭ്യാസത്തിൻെറ കേന്ദ്രം ഗൃഹമായിരുന്നു. വീണ്ടും അതുതന്നെയാകുകയാണു വേണ്ടതു്. സ്വകാൎയ്യവിദ്യാഭ്യാസത്തിന്നു സൌകൎയ്യമില്ലാത്തവൎക്കുമാത്രമെ പൊതുപാഠശാലകൾ ആവശ്യമുള്ളൂ. ഇപ്പോഴത്തെ ചില അധികൃതന്മാരും ചിലപ്പോൾ ഇങ്ങനെയൊക്കെ പറയുമെങ്കിലും, അവരുടെ പ്രവൃത്തികളൊക്കെ മറിച്ചാണു്. ഇതിന്നു വ്യത്യാസമുണ്ടാകയും ജീവിതനിർവഹണത്തിന്നുപയോഗപ്രദമായ വിദ്യാഭ്യാസം സാദ്ധ്യമാകയും ചെയ്യണമെങ്കിൽ, ഗവൺമെണ്ടിൻെറ വിദ്യാഭ്യാസനയം രൂപീകരിക്കുന്നതിന്നും വിദ്യാഭ്യാസപ്രവൎത്തനത്തെ നിയന്ത്രിക്കുന്നതിന്നും ഉള്ള അധികാരം സാമാന്യ ജനപ്രതിനിധികളിൽ നിക്ഷിപ്തമാകണം. വിദ്യാൎത്ഥികളെ ഇന്നതൊക്കെ പഠിപ്പിക്കണമെന്നു നിശ്ചയിക്കുന്നതും അതൊക്കെ പഠിപ്പിക്കുന്നതും, വിദ്യാൎത്ഥികൾ അതൊക്കെ പഠിച്ചിട്ടുണ്ടോ എന്നു പരീക്ഷിക്കുന്നതും എല്ലാം ഇപ്പോൾ ഒരു പ്രത്യേകതരം കൂലിക്കാരുടെ തൊഴിലായിതീൎന്നിരിക്കുന്നു. ഈ സ്ഥിതിയിൽ കൂലിക്കാരുടെ ലാഭത്തിനല്ലാതെ, വിദ്യാഭ്യാസത്തിൻെറ കാൎയ്യക്ഷമതയ്ക്കു് അഭിവൃദ്ധിയുണ്ടാകാനെളുപ്പമില്ല. വിദ്യാഭ്യാസനയം രൂപീകരിക്കുന്നതും, വിദ്യാഭ്യാസത്തിൽ ഇന്നതെല്ലാം ഉൾപ്പെടണമെന്നു നിശ്ചയിക്കുന്നതും, വിദ്യാഭ്യാസയോഗ്യതകളെ നിൎണ്ണയിക്കുന്നതിനുള്ള പരീക്ഷകൾ നടത്തുന്നതും, പ്രധാനമായി സാമാന്യ ജനപ്രതിനിധികളുടെ ചുമതലയിലായിരിക്കണം പാഠശാലകളിൽ പഠിപ്പിക്കുന്ന അ

ധ്യാപകന്മാൎക്കും അവർ മുഖേനയുണ്ടാകുന്ന ഇൻസ്പെക്ടർമാർ മുതലായ ഉദ്യോഗസ്ഥന്മാൎക്കും നയരൂപീകരണം, മുതലായ മേൽപറഞ്ഞ നിയന്ത്രണകാൎയ്യങ്ങളിൽ പ്രധാന കൎത്തൃത്വം നൽകുന്നതു് ആപല്ക്കരമാണു്. പാഠശാലകൾ വഴിയല്ലാതെയും വിദ്യാഭ്യാസപരീക്ഷായോഗ്യതകൾ സമ്പാദിക്കുന്നതിനുവേണ്ട സൌകൎയ്യങ്ങൾ യുവതീയുവാക്കന്മാൎക്കു നൽകുന്നതു തയ്ക്കാലസ്ഥിതിയിൽ അത്യാവശ്യമായിരിക്കുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസക്കുത്തകക്കാരായ കൂലിത്തൊഴിലാളികൾതന്നെ പരീക്ഷകൾ നടത്തിയാൽ യഥാൎത്ഥവിദ്യാഭ്യാസമുള്ളവൎക്കു തോൽവിയും, പാഠശാലകളിലെ കൃത്രിമവിദ്യാഭ്യാസം മാത്രമുള്ളവൎക്കു വിജയവും ലഭിക്കാനാണിടയുള്ളതു്. വിദ്യാഭ്യാസത്തെ വാസ്തവത്തിൽ കാൎയ്യക്ഷമമാക്കുന്നതിനു്, അതിൻെറ നിയന്ത്രണത്തെ, കൂലിത്തൊഴിലാളികളുടെ കുത്തകാവകാശത്തിൽനിന്നും മോചിപ്പിക്കുന്നതു് അത്യാവശ്യമാണു്.

## ലോകം; ഉല്പത്തിയും പരിണാമവും.

[ഡാക്ടർ ജാബസ് ടീ. സണ്ടർലൻഡ്]

(തുടൎച്ച)

പരിണാമവാദത്തെ സാധൂകരിക്കുന്നതിനു ബലവത്തായ യുക്തികൾ പലതും പുറപ്പെട്ടുവിച്ചു കാണുന്നുണ്ടു്. എൻസൈക്ലോപ്പീഡിയാ ബ്രിട്ടാനിക്കായുടെ ഒടുവിലത്തെ പതിപ്പിൽ (പതിന്നാലിൽ) ഇപ്രകാരം പറയുന്നു.

"പരിണാമവാദത്തിനുള്ള തെളിവു് ഇപ്പോൾ അപരിമേയമാണു്. അതു് ഡാൎവിൻെറ കാലത്തേക്കാൾ ഇന്നു് കൂടുതൽ സമഗ്രമായിരിക്കുന്നു. എന്നു തന്നെയല്ലാ ഓരോ കൊല്ലവും പുതിയ തെളിവുകൾ വന്നുകൊണ്ടിരിക്കുന്നു. ഈ തെളിവുകളുടെ പ്രധാന അടിസ്ഥാനങ്ങളിൽ ചിലവയാണു് താഴെ പറയുന്നതു്. (1) പ്രസ്തരീഭൂതമായ സത്ത്വമൃഗാംശങ്ങൾ (ഇവ പൂൎണ്ണതെളിവായി ഇപ്പോൾ അംഗീകരിക്കപ്പെട്ടിരിക്കുന്നു). (2) അവികസിതാവയവങ്ങൾ (3) ഭ്രൂണശാസ്ത്രം (4) വിവിധജന്തുവൎഗ്ഗങ്ങളുടെ സൃഷ്ടിയിൽ കാണുന്ന നിയമത്തിൻെറ ഐകരൂപ്യം (5) ജന്തുക്കളുടെ ഭൂഭാഗസ്വഭാവമനുസരിച്ചുള്ള വിതരണം. (6) ഒരേവൎഗ്ഗത്തിലുള്ള ജന്തുക്കളിൽ കാണുന്ന വ്യത്യാസം, വിശേഷിച്ചും വ്യക്തികൾതമ്മിലും സ്ഥലവ്യത്യാസംകൊ

ണ്ടുണ്ടായിട്ടുള്ളതും വര്‍ഗ്ഗങ്ങളും അവാന്തരവര്‍ഗ്ഗങ്ങളും തമ്മിലുള്ള സൂക്ഷ്മവ്യത്യാസത്തെ കുറിക്കുന്നതിനുള്ള അസാദ്ധ്യത, അവസാനമായിട്ട് എല്ലാ ജന്തുശാസ്ത്രപരമായ ഗവേഷണങ്ങളിലും പരിണാമവാദത്തിനുള്ള പ്രായോഗികമായ വില', ഇതിന്റെ അഭാവത്തിൽ ജന്തുശാസ്ത്രം വലിയ കുഴപ്പത്തിലാകും. ഒരു ദൃഷ്ടാന്തം പറകയാണെങ്കിൽ അതു് ഒരു ഭൂതക്കണ്ണാടിപോലെതന്നെ പ്രാധാന്യമുള്ള ഒരുജന്തുശാസ്ത്രോപകരണമാകുന്നു".

ബ്രിട്ടീഷ് ശാസ്ത്രാഭിവര്‍ദ്ധിനിസംഘത്തിന്റെ അദ്ധ്യക്ഷനായ സർ ആർതർ കീത്തു് ഡാർവിനേയും പരിണാമവാദത്തേയും കുറിച്ചു 1927-ൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഡാർവിൻസിദ്ധാന്തം അഥവാ ഡാർവിൻ സങ്കല്പിച്ചിരുന്ന രീതിയിലുള്ള പരിണാമവാദം കാലഹരണപ്പെട്ടുപോയി എന്നു ശഠിക്കുന്ന ചിലരുണ്ടു്. ഇതിലധികം അബദ്ധം വേറൊന്നുമില്ല. ഡാർവിനു് പരിണാമവാദത്തിലെ ചില ഘട്ടങ്ങൾ ശൂന്യമായി വിടേണ്ടിവന്നു. ഈ ശൂന്യഭാഗങ്ങളിൽ ചിലവ അദ്ദേഹത്തിന്റെ പിൻഗാമികളാൽ പൂരിപ്പിക്കപ്പെട്ടു. "മനുഷ്യാവതരണം" എന്ന കൃതിയുടെ പ്രസിദ്ധീകരണാനന്തരം ഉണ്ടായിട്ടുള്ള നൂതനസമാസാദനങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം എഴുതിയിട്ടുണ്ടായിരുന്ന പലതും ആവര്‍ത്തിച്ചു എഴുതേണ്ടതായിവന്നു. എന്നാൽ ഡാർവിന്റെ സംക്ഷിപ്തമായ മാനവചരിത്രത്തിന്റെ മൂലതത്വങ്ങൾക്കു് ഇന്നും ഇളക്കം തട്ടിയിട്ടില്ല. ഡാർവിൻ അവലംബിച്ചിട്ടുള്ള നില ഇന്നും അധൃഷ്യമാണു്."

പരിണാമസിദ്ധാന്തത്തിനു പ്രൊഫ്സർ എഡ്വിൻ ജി. കാങ്ക്ളിനെക്കാൾ അഭിജ്ഞനായ ഒരു പ്രമാണികൻ ഇന്നു് അമേരിക്കയിൽ ഇല്ലെന്നു തോന്നുന്നു. ആ സുപ്രസിദ്ധനായ ശാസ്ത്രജ്ഞൻ ഇങ്ങനെ പറയുന്നു:—

"പരിണാമവാദത്തിന്റെ സാധുത്വം ശാസ്ത്രീയലോകം സമ്മതിച്ചു കഴിഞ്ഞിട്ടു നാൾ വളരെയായി. 1859-ൽ ഡാർവിന്റെ 'വര്‍ഗ്ഗോല്‍പ്പത്തി" എന്ന ഗ്രന്ഥം പ്രസിദ്ധപ്പെട്ടുത്തിയതിനുശേഷം അതിന്റെ താങ്ങായി സ്വരൂപിക്കപ്പെട്ട സംഖ്യാതീതങ്ങളായ തെളിവുകൾ വത്സരംതോറും വര്‍ദ്ധിച്ചു വരുകയാണു്. പരിണാമവാദത്തിന്റെ സാധുത്വത്തെ വിശ്വസിക്കാത്ത ഒരൊററ ജന്തുശാസ്ത്രഗവേഷകൻപോലും ഇന്നു ലോകത്തിലുണ്ടെന്നു തോന്നുന്നില്ല.

ഇതാ ഒരു തെളിവുകൂടി. അമേരിക്കയിലെ ശാസ്ത്രാഭിവര്‍ദ്ധിനിസംഘം, സര്‍വ്വകലാശാല പണ്ഡിതസംഘം എന്ന രണ്ടു ശാസ്ത്രീയമഹത്സമിതികൾ 1929 ജനുവരിയിൽ ന്യൂയാർക്ക് നഗരത്തിൽ കൂടിയ തങ്ങളുടെ വാത്സരികസമ്മേളനത്തിൽവച്ചു താഴെ പറയുന്ന സംയുക്തപ്രസ്താവന പുറപ്പെടുവിച്ചു.

"ഇന്നു പരിണാമം ഒരു രൂപത്തിൽ അല്ലെങ്കിൽ മറെറാരു രൂപത്തിൽ ലോകം ഒട്ടുക്കുള്ള എല്ലാ ശാസ്ത്രവിദഗ്ദ്ധന്മാരാലും യഥാൎത്ഥത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. ജീവശാസ്ത്രം, മനശ്ശാസ്ത്രം, സന്മാൎഗ്ഗശാസ്ത്രം, സമുദായശാസ്ത്രം, ഈ വിഷയങ്ങളിലുള്ള മനുഷ്യന്റെ ചിന്തയോടു പരിണാമസിദ്ധാന്തം സുദൃഢമായ തരത്തിൽബന്ധിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്കു് അതിന്റെ അൎത്ഥവും അടിസ്ഥാനവും ഗ്രഹിക്കാതെ ഒരുത്തനും വിശാലവിദ്യാഭ്യാസം ലഭിച്ചതായി ഗണിക്കാൻ പാടില്ല."

ശാസ്ത്രീയസിദ്ധാന്തത്തിന്റെ സാധുത്വത്തെപററി വിധികല്പിക്കുന്നതിനു പ്രാപ്തന്മാരായ മഹാന്മാർ പരിണാമവാദത്തെ ഐകകണ്ഠ്യേന അംഗീകരിച്ചു എന്നുള്ളതു് എത്രമാത്രം അൎത്ഥവത്താണെന്നു ഗ്രഹിക്കാൻ പ്രയാസമില്ല. ഈ അഭിനവസിദ്ധാന്തം ആദ്യം രംഗപ്രവേശം ചെയ്തപ്പോൾ അതിനു പരമാൎത്ഥത്തിൽ യാതൊരു അനുകൂലികളുമുണ്ടായിരുന്നില്ല. ഈ സിദ്ധാന്തം അംഗീകാരത്തിനായി സമൎപ്പിക്കപ്പെട്ട പ്രധാനികളായ ശാസ്ത്രജ്ഞന്മാരെല്ലാവരും മററു ചിന്താമാൎഗ്ഗങ്ങളിൽ ശിക്ഷണം ചെയ്യപ്പെട്ടവരായിരുന്നതുകൊണ്ടു പരിണാമവാദത്തിന്റെ സാധുത്വത്തെപററി അവർ വിമൎശനം ചെയ്വാൻ തുനിഞ്ഞതു് അതിനു പ്രതികൂലമായ മനോഭാവത്തോടുകൂടിയാണു്. ഇതിൽനിന്നും വ്യത്യസ്തമായ ഒരു വാദത്തെ അവരിൽ പലരും വിശ്വസിക്കയും, ഉപദേശിക്കയും, അതിനു അനുകൂലമായി അനേകംപേർ ഗ്രന്ഥം നിൎമ്മിക്കുകയും ചെയ്തിട്ടുണ്ടു്. ഡാൎവ്വിന്റെ സിദ്ധാന്തം വാസ്തവമാണെന്നു വരുന്നപക്ഷം ഈ അഭിപ്രായങ്ങളെയെല്ലാം പരിത്യജിക്കേണ്ടിവരും. സംഗതികൾ ഇങ്ങനെയിരിക്കെ അവരെ പുതിയ സിദ്ധാന്തത്തിലേക്കു പരിവൎത്തനം ചെയ്യുന്നതിനു് ഏററവും പ്രബലങ്ങളായ തെളിവുകൾക്കു മാത്രമെ കഴികയുള്ളു വെന്നതു് സ്ഥിതിഗതികൾക്കു എത്രയും അനുയോജ്യംതന്നെ. എന്നിരുന്നിട്ടും വളരെ വൈമനസ്യത്തോടുകൂടിയാണെങ്കിലും ഈ അഭിപ്രായത്തെതന്നെ സ്വീകരിക്കേണ്ടിവന്നു. ഇപ്രകാരം മുമ്പു പ്രസ്താവിച്ചപോലെ ഇന്നു പരിണാമവാദം അംഗീകരിക്കാത്തവരായി പേരുകേട്ട ശാസ്ത്രജ്ഞന്മാരിൽ ആരുംതന്നെയില്ല.

ചുരുക്കിപ്പറയുന്നതായാൽ ഇങ്ങനെ അധുനാതനന്മാരുടെ സ്വീകാൎയ്യത്തിനായി ലോകോല്പത്തിയെസംബന്ധിച്ചു രണ്ടു സിദ്ധാന്തങ്ങൾ നമ്മുടെ മുമ്പിൽ ഇന്നു സമൎപ്പിക്കപ്പെട്ടിരിക്കുന്നു. നാം സത്യതല്പരന്മാരും നമ്മുടെ വിശ്വാസങ്ങളെ വാസ്തവമായ അടിസ്ഥാനത്തിൽ സ്ഥാപിക്കണമെന്നു് ഇച്ഛയുള്ളവരുമാണെങ്കിൽ ഇവയിൽ ഏതിനെയാണു സ്വീകരിക്കേണ്ടതു് എന്നുള്ളതിനെപ്പററി ചോദിക്കാനുണ്ടോ?

ഇനി ഈ രണ്ടു വാദങ്ങളുടേയും മതപരമായ താരതമ്യേനയുള്ള

വിലയേയും പ്രേരകശക്തിയേയും പററിയുള്ള ഗൗരവമേറിയ പ്രശ്നത്തെക്കുറിച്ചു ചിന്തിക്കാം.

ഇവയിൽ ഒന്നു പുരാതനവും ആദരണീയവും മററതു പുതിയതും ആണെന്നും വിശേഷിച്ചും ഒന്നു ബൈബിളിലുള്ളതാണെന്നും മററതു് അപ്രകാരമല്ലെന്നും ഉള്ള സംഗതിനിമിത്തം ഉല്പത്തികാണ്ഡത്തിലെ സൃഷ്ടിപ്രകരണത്തിനു മതപരമായി കൂടുതൽ വില കല്പിക്കേണ്ടതാണെന്നും പക്ഷെ വിചാരിക്കാനിടയുണ്ടെന്നു് എനിക്കറിയാം.

എന്നിരുന്നാലും ആ വാദം സാധുവായിരിക്കണമെന്നു നിർബന്ധമുണ്ടോ? ബൈബിളിൽ പറഞ്ഞിട്ടുള്ളതുകൂടാതെ സത്യം വേറെ ഒന്നുമില്ലയോ? തുകൽകടലാസിലാകട്ടെ കല്ലിലാകട്ടെ കാണപ്പെട്ടതും മനുഷ്യഹസ്തത്താലോ കാററു മഴ മഞ്ഞു് അഗ്നി ഇവയാൽ പർവ്വതപാർശ്വങ്ങളിലോ എഴുതപ്പെട്ടതും 2000 കൊല്ലങ്ങൾക്കുമുമ്പു പാലസ്റ്റൈനിൽവച്ചോ ഇന്നു നമ്മുടെ തലയ്ക്കുമീതെയുള്ള നക്ഷത്രഖചിതമായ ആകാശത്തിലൊ നമ്മുടെ കാലിനു ചുവടെയുള്ള ഭൂമിയിലോ എഴുതപ്പെട്ടതുമായ ഏതു തത്വവും ദൈവീകമാണെന്നു നാം നാസ്തികന്മാരല്ലെങ്കിൽ പറയേണ്ടതല്ലയോ?

ഭൂതകാലത്തിലൊഴിച്ചു മറെറങ്ങും ഈശ്വരസാന്നിദ്ധ്യത്തെ ഒരിക്കലും കാണാൻ ശീലിക്കാത്ത മനുഷ്യർ മതത്തോടു ബന്ധിച്ചിരിക്കുന്ന ഏതെങ്കിലും പുതിയ തത്വത്തെ സദാ ശങ്കയോടെ വീക്ഷിക്കുന്നു. എന്നാൽ ഇപ്രകാരമുള്ള ശങ്ക എത്രമാത്രം കൃതഘ്നതയേയും ഈശ്വരനിന്ദയേയും സൂചിപ്പിക്കുന്നു! ദൈവം ഭൂതകാലത്തിലേക്കു മാത്രമുള്ള ദൈവമാണോ? അദ്ദേഹത്തിൻെറ അപാവരണങ്ങൾ അവസാനിച്ചുവോ? മനുഷ്യജീവിതത്തിൽ ഏററവും ഉൽകൃഷ്ടമായ അദ്ധ്യാത്മികവും സാത്വികവും ആയ രണ്ടു വിഷയങ്ങളെ ഒഴിച്ചു മററു വിഷയങ്ങളിൽമാത്രം അഭിവൃദ്ധിയുണ്ടായാൽ മതിയോ? മതപരമായ നൂതനതത്വങ്ങളിലേക്കു കണ്ണു തുറന്നുനോക്കാതെ ഇരുന്നുവെങ്കിൽ മനുഷ്യവർഗ്ഗത്തിൻെറ മതപരമായ ചിന്തയേയും ജീവിതത്തേയും ത്വരിതപ്പെടുത്തുകയും വിസ്തൃതമാക്കുകയും ചെയ്ത മഹത്തായ പുരോഗമനം ഉണ്ടാകുമായിരുന്നോ?

മതത്തിൻെറ മൗലികതത്വങ്ങൾ ഒരു ഗ്രന്ഥത്തിലും അല്ല. അവ മനുഷ്യൻെറ ആത്മാവിലാണു സ്ഥിതിചെയ്യുന്നതു്. അവ മനുഷ്യൻെറ ആത്മാവിലാണെങ്കിൽ ഈശ്വരസൃഷ്ടി ധ്രുവവും, അവിച്ഛിന്നവും, നിത്യവുമാണെന്നുള്ള വിശ്വാസത്തിൻെറ അംഗീകരണത്തിനും അവയെ ഒന്നുകൂടി ബലപ്പെടുത്തുവാനും അഗാധമാക്കുവാനും അല്ലാതെ ഇളക്കാനോ മററു വിധത്തിൽ മാററാനോ സാധ്യമല്ല.

പരിണാമവാദം ആസ്തിക്യത്തെ നിഷേധിക്കുകയും, സ്രഷ്ടാവിനെ പ്രപഞ്ചത്തിൽനിന്നും ബഹിഷ്കരിച്ചു തൽസ്ഥാനത്തു നിയമത്തെ പ്രതിഷ്ഠിക്കുകയും ചെയ്യുന്നുവെന്നു ചിലർ സിദ്ധാന്തിക്കുന്നു. ശരിതന്നെ. ഈ സിദ്ധാന്തത്തിൻെറ ചില രൂപഭേദങ്ങൾ നാസ്തികതയെ ദ്യോതിപ്പിക്കുകയും ദൈവത്തെ ഒരു വശത്തേക്കു മാററി പകരം നിയമത്തെ പ്രതിഷ്ഠിക്കുകയും ചെയ്യുമായിരിക്കാം. എന്നാൽ അതിന് ഏററവും അസ്തിക്യപരമായ വശങ്ങൾകൂടി ഉണ്ട്. ഇവ നിശ്ചയമായിട്ടും ഉല്പത്തികാണ്ഡത്തിലെ സിദ്ധാന്തത്തിനേയും മനുഷ്യൻെറ അറിവില്പെട്ട മററ് ഏതു സിദ്ധാന്തത്തേയും അതിശയിക്കുന്ന വിധത്തിൽ പ്രപഞ്ചം മുഴുവനും ഈശ്വരസാന്നിദ്ധ്യംകൊണ്ട് നിറയ്ക്കുന്നു. ഉല്പത്തികാണ്ഡത്തിലെ സിദ്ധാന്തം ഈശ്വരനെ ബഹിസ്ഥിതനായ ഒരു സൃഷ്ടാവാക്കുന്നു പരിണാമവാദമാകട്ടെ അദ്ദേഹത്തെ അന്തര്യാമിയായ സ്രഷ്ടാവാക്കുന്നു—അദ്ദേഹത്തിൻെറ സൃഷ്ടിശക്തി പരമാണു തൊട്ടു സൂര്യൻവരെ വ്യാപരിക്കുന്നു. ഉല്പത്തികാണ്ഡപ്രകാരം അദ്ദേഹം സൃഷ്ടികർമ്മം ഒന്നോടെ നിർവ്വഹിച്ചതായും അനന്തരം തിരോധാനം ചെയ്തു സൃഷ്ടികർമ്മത്തെ സംബന്ധിച്ചിടത്തോളം അതിനു ശേഷം എന്നന്നേക്കും അസന്നിഹിതനായി വർത്തിക്കുന്നുവെന്നുമാണ്. പരിണാമവാദമാകട്ടെ അദ്ദേഹത്തെ തൻെറ പ്രപഞ്ചത്തിലുള്ള പരമാണുവിൽ നിന്നുപോലും ഒരിക്കലും പിന്മാറാതെ സദാ ഉന്നിദ്രമായിരിക്കുന്ന ഒരു സൃഷ്ടിശക്തിയും ചൈതന്യവുമായി കല്പിക്കുന്നു.

"പ്രപഞ്ചം അദ്ദേഹത്തിൻെറ മാന്ത്രികവൃത്തമാണ്. അദ്ദേഹത്തിൻെറ ഇന്ദ്രജാലങ്ങളുടെ വിഹാരവുമാണ്. അനന്തമായ സൃഷ്ടി നിത്യനവമായ ഒരു ദിവ്യദ്രുതകവനമാണ്. ഈശ്വരൻെറ ഉള്ളിൽനിന്നും ഒരു ഇച്ഛ ലക്ഷോപലക്ഷം പ്രവൃത്തികളായി പുറപ്പെടുന്നു."

"അദ്ദേഹം ഓരോ നക്ഷത്രത്തിൻേറയും അക്ഷദണ്ഡമാണ്. അദ്ദേഹം ഓരോ ധാതുവിൻേറയും തേജാംശമാണ്. അദ്ദേഹം എല്ലാ പ്രാണികളുടേയും ഹൃദയമാണ്. അദ്ദേഹം എല്ലാ ഭാവഭേദങ്ങളുടേയും അർത്ഥമാണ്. അദ്ദേഹത്തിൻെറ മനസ്സ് ആകാശത്തിലാണ്. അതു് അവിടെ ചരിക്കുന്ന എല്ലാ ഗോളങ്ങളെക്കാളും ഉൽകൃഷ്ടവും അഗാധവുമാണ്."

പരിണാമവാദം പ്രപഞ്ചത്തിലുള്ള സകല വസ്തുക്കളുടേയും ആന്തരാത്മമായും അനശ്വരവും നിർന്നിമേഷവുമായ സൃഷ്ടിശക്തിയായും ഉള്ള ഈശ്വരചൈതന്യംകൊണ്ടു പ്രപഞ്ചം മുഴുവനും നിറയ്ക്കേണ്ടതും ശരിയായി ഗ്രഹിക്കുന്നപക്ഷം നിറക്കുന്നതും ഇപ്രകാരമാണ്.

"ഒരു ആഗ്നേയനീഹാരം ഒരു ഗ്രഹം, ഒരു തരി, സ്രോതസ്സ്, ഒരു സാന്ദ്രമത്സ്യം, ഒരു പല്ലി ആദിമമനുഷ്യരുടെ ആവാസസ്ഥാനമായ ഗുഹ,

പിന്നെ നിയമത്തിൻേറയും സൗന്ദര്യത്തിൻേറയും ബോധം, ഭൂമിയിൽനിന്നും ഉച്ചക്ഷുസ്സായ മുഖം ചിലർ ഇതിനെ പരിണാമമെന്നു പറയുന്നു. എന്നാൽ അതിൻെറ ഗൂഢാർത്ഥം ഈശ്വരനെന്നാണ്."

റാബർട്ട് എ മില്ലിക്കൻ എന്ന പ്രശസ്തനായ അമേരിക്കൻ ശാസ്ത്രപണ്ഡിതൻ ഇങ്ങനെ പറയുന്നു.

"മനുഷ്യവാസോചിതമാക്കത്തക്കവണ്ണം ഭൂമിയെ സന്നദ്ധമാക്കുന്നതിനും അവസാനത്തിൽ ആത്മീയചൈതന്യത്തോടും ഈശ്വരസദൃശമായ ശക്തിയോടുംകൂടിയ മനുഷ്യനായി പരിണമിച്ച ഭൂമിയുടെ അംശാണുക്കളിലേക്കു സുദീർഘകാലത്തെ ജീവസംക്രമണത്തിനു വേണ്ടിവന്ന യുഗസഹസ്രങ്ങളിൽകൂടി സ്വശക്തിയെ പ്രകടിപ്പിച്ചതായി പ്രതിപാദിക്കുന്ന പരിണാമവാദം സമർപ്പിക്കുന്നതിനേക്കാൾ അത്യുൽകൃഷ്ടമായ ഒരു ഈശ്വരസ്വരൂപജ്ഞാനം ഒരിക്കലും മനുഷ്യൻെറ മനസ്സിൽ അവിർഭവിച്ചിട്ടില്ല."

പരിണാമവാദം നിയമത്തെ പ്രധാനസ്ഥാനത്തിൽ പ്രതിഷ്ഠിക്കുന്നതുകൊണ്ട് ഈശ്വരനെ സ്ഥാനഭ്രഷ്ടനാക്കുമെന്നുള്ള ശങ്കയെപ്പററി പറകയാണെങ്കിൽ നിയമം എന്നുവച്ചാൽതന്നെ എന്താണ്? യാതൊന്നിൻെറ അഭാവത്തിൽ നിയമത്തിൻെറ ഭാവംതന്നെ അസാദ്ധ്യമായിരിക്കുന്നുവോ അതിൻെറ ചിഹ്നവും പ്രത്യക്ഷഭാവവും അല്ലാതെ മറെറന്താണ്? നിയമം ഒരു ശക്തിയാണോ? പരാശക്തി അതിൻെറ മഹനീയോദ്ദേശങ്ങളുടെ സംപ്രാപ്തിക്കായിക്കൊണ്ട് അവലംബിക്കുന്ന മാർഗ്ഗമാണതെന്നു വിചാരിക്കുന്നതാണു കുറെക്കൂടി യുക്തം.

"ദൈവം നിയമമാണെന്നു ജ്ഞാനികൾ പറയുന്നു. അല്ലയോ ആത്മാവേ നമുക്കാനന്ദിക്കാം. എന്തെന്നാൽ നിയമാനുസൃതമായി അദ്ദേഹം ഇടി മുഴക്കുന്നുവെങ്കിൽ ആ ഇടിതന്നെയും അദ്ദേഹത്തിൻെറ ശബ്ദമത്രേ."

പഴയതിനെ ആശ്ലേഷിക്കുന്നവരും പുതിയതിനെ സംശയദൃഷ്ട്യാ വീക്ഷിക്കുന്നവരും ആയ മനുഷ്യർ ഉല്പത്തികാണ്ഡത്തിലെ ജഗൽസൃഷ്ടിപ്രകരണം ഈശ്വരവാക്യമാണെന്നു വാഗ്ധാടിയോടെ ജല്പിക്കുന്നു. അതു ദൈവവാക്യമാകയാൽ അതു് അവശ്യം സത്യമായിരിക്കണമെന്നും പറയപ്പെടുന്നു. എന്നാൽ അതു് എങ്ങനെയാണ് ഈശ്വരൻെറ പ്രത്യക്ഷവാക്യമാകുന്നതു്? ആ വാദം സർവ്വാബദ്ധമാണ്. വാസ്തവത്തിൽ പരിണാമവാദം മുഖേനയാണ് ദൈവം നമുക്കു പ്രത്യക്ഷനാകുന്നതു്. ഇതിനുമുമ്പുള്ള എല്ലാ സൃഷ്ടിവിവരണത്തിലും നമുക്കു ഈശ്വരനെപ്പററിയുള്ള പ്രസ്താവനമാത്രമേയുള്ളു. ഉല്പത്തികാണ്ഡത്തിലെ വിവരണം എന്തുചെയ്യുന്നു? അതിൽ ഈശ്വരൻ ഒരുകാലത്തു ഇന്നപ്രകാരമെല്ലാം ചെയ്തുവെന്ന വിദ്ധ്യാഭിശംസനം മാത്രമേയുള്ളു. അതു് ഒന്നും തെളിയിക്കുന്നില്ല. അതു് ഒന്നും

വെളിപ്പെടുത്തുന്നുമില്ല. പരിണാമവാദം ചെയ്യുന്നതു് എന്താണ്? അതു് പ്രകൃതിതത്വങ്ങളെ അപാവരണം ചെയ്യുന്നു. അതു് ഈശ്വരൻ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നതായി നമുക്കു കാണിച്ചുതരുന്നു. ഭൂതകാലത്തിലും വർത്തമാനകാലത്തിലും ദൈവികസൃഷ്ടിക്രിയ നടന്നുകൊണ്ടിരുന്നതും ഇരിക്കുന്നതുമായി അതു നമുക്കു പ്രത്യക്ഷപ്പെടുത്തുന്നു. ഇപ്രകാരം പരിണാമവാദം ദൈവത്തെ സൃഷ്ടികർത്താവെന്നു വൃഥാ ജല്പിക്കുകയല്ല. അദ്ദേഹത്തെ സ്രഷ്ടാവായി നമുക്കു പ്രത്യക്ഷപ്പെടുത്തുന്നു. ഇങ്ങനെ ഇരിക്കെ പുതിയ സിദ്ധാന്തമൊ പഴയ അഭിപ്രായമൊ ഏതാണ് ഈശ്വരനെ നമ്മോട് അടുപ്പിക്കുന്നതും ഈശ്വരനെ അധികം സത്തായും നിസ്സംശയനായും സങ്കല്പിക്കുന്നതും.

മിഖേൽ അൻജലോവിൻേറയും അദ്ദേഹത്തിൻെറ ശ്രേഷ്ഠങ്ങളായ കലാസൃഷ്ടികളുടേയും കഥ എന്നോടു പറക. ഇത്രയും ചെയ്താൽ അതുതന്നെ ഒരു വലിയ കാര്യമായി. എന്നാൽ എന്നെ അദ്ദേഹത്തിൻെറ ചിത്രശാലയിലേക്ക് ആനയിച്ചു ആ പണ്ഡിതൻെറ ഉപകരണങ്ങളേയും, അദ്ദേഹത്തിൻെറ മാതൃകകളേയും, അദ്ദേഹത്തിൻെറ അപൂർണ്ണങ്ങളായ ചിത്രങ്ങളേയും, അദ്ദേഹം ഇരുന്നു ജോലി ചെയ്യുന്നതിനേയും കാണിച്ചു തരുകയും ചെയ്താൽ മേൽപറഞ്ഞതിൽ കൂടുതൽ ഉപകാരമായി. ഈ ഉദാഹരണം മുൻപറഞ്ഞ രണ്ടുവിധ സൃഷ്ടിപ്രകരണങ്ങളുടെ വിഷയത്തിലും എങ്ങനെ വാസ്തവമായിരിക്കുന്നുവെന്നു സ്പഷ്ടമല്ലെ? പഴയ സൃഷ്ടിപ്രകരണം നിസ്തുല്യനായ ലോകശില്പിയെ കുറിച്ചു എന്നോടു പറയുന്നു—അദ്ദേഹം പണ്ടെങ്ങാണ്ടൊ ഒരു കാലത്തു് എന്തു ചെയ്തു എന്നുള്ള കഥയെയാണ് അതു് എന്നോടു പറയുന്നതു്. പരിണാമവാദപ്രകാരമുള്ള സൃഷ്ടികഥ എന്നെ കൈയ്ക്കുപിടിച്ചു ആ ദിവ്യശില്പിയുടെ ലോകമാകുന്ന ചിത്രശാലയിലേക്കു പ്രകൃതിശക്തികളും നിയമങ്ങളുമാകുന്ന ഉപകരണങ്ങളെക്കൊണ്ടും, സസ്യങ്ങളുടെയു, ജീവികളുടേയും, ലോകങ്ങളുടേയും, മാതൃകകളെക്കൊണ്ടും നിറഞ്ഞതും ജീവനിർമ്മാണം, പ്രപഞ്ചനിർമ്മാണം, മനുഷ്യസൃഷ്ടി ഇവ നടന്നു കഴിഞ്ഞതും നടന്നുകൊണ്ടിരിക്കുന്നതും ആയ പ്രപഞ്ചചിത്രശാലയിലേക്ക് എന്നെ നയിച്ചു അദ്ദേഹത്തെ പ്രത്യക്ഷപ്പെടുത്തുകയും അദ്ദേഹത്തെ പൂർവ്വാധികം എന്നോടു് അടുപ്പിക്കുകയും ചെയ്തു് മറെറാ സിദ്ധാന്തത്തിനു സാധിച്ചിട്ടില്ലാത്തതും സാധിക്കാൻ വയ്യാത്തതുമായ തരത്തിൽ അദ്ദേഹത്തെ എൻെറ സകല ഇന്ദ്രിയങ്ങൾക്കും ഗോചരനാക്കി തീർക്കുന്നു.

പരിണാമവാദം മതവിദ്വേഷകമാണെന്നു സാധാരണ മനുഷ്യർ പറഞ്ഞുവരുന്നു. എത്ര വിചിത്രമായ വാക്പ്രയോഗം! വലിപ്പം കുറഞ്ഞതും പരിമിതപരിധിയോടു കൂടിയതും ആയ ഭൂമിയിൽനിന്നും അനന്തമാ

യ പ്രപഞ്ചത്തിലേക്ക ദൈവത്തിൻെറ ശക്തിയുടേയും പ്രവൎത്തിയുടേയും വൃത്തത്തെ വിസ്താരപ്പെടുത്തി മാററുന്നതു് മതവിദ്വേഷകമാണോ? ആറു ദിവസത്തിൽ നിന്നും ആദ്യവസാനമില്ലാത്ത യുഗങ്ങളായി അദ്ദേഹത്തിൻെറ സൃഷ്ടിവ്യാപാരകാലത്തെ നീട്ടുന്നതു് മതവിദ്വേഷകമാകുമൊ? ഒരു ക്ലിപ്തസ്ഥലത്തു് ഇരുന്നു വേലചെയ്യുന്ന സൎവ്വശക്തനായ ഒരു യാന്ത്രികൻെറയൊ കുലാലൻെറയൊ നിലയിൽ നിന്നും തൻെറ സന്താനങ്ങൾക്കും സൎവ്വത്ര ലോകങ്ങൾക്കും ഉന്മേഷവും ചൈതന്യവും പ്രദാനം ചെയ്യുന്ന ഒരു ദിവ്യാത്മാവ് എന്ന നിലയിൽ സ്രഷ്ടാവിനെ പരിഗണിക്കുന്നതു് മതവിദ്വേഷകമാകുമോ?

ഒരിക്കലുമില്ല. പരിണാമവാദം അതിൻെറ വാസ്തവാൎത്ഥവും ബന്ധവും എന്നെങ്കിലും പൂൎണ്ണമായി ഗ്രഹിക്കപ്പെട്ടുമ്പോൾ അതു് മതത്തിൻെറ ഒരു മഹത്തായ വിസ്താരകനും ഉന്നേതാവും മനുഷ്യൻെറ മാഹാത്മ്യത്തേയും ശ്രേഷ്ഠതയേയും വൎദ്ധിപ്പിക്കുന്നതും ദൈവത്തെ പ്രത്യക്ഷപ്പെടുത്തുന്നതും അദ്ദേഹത്തിൻെറ മഹത്വത്തെ പ്രകാശിപ്പിക്കുന്നതുമായ ഒന്നായിരിക്കും.

പരേതരുടെ ദൈവമല്ലെന്നും ജീവിച്ചിരിക്കുന്നവരുടെ ദൈവമാണെന്നും മനുഷ്യർ എന്നാണു് മനസ്സിലാക്കാൻ പോകുന്നതു്? ശാശ്വതമായ യുഗങ്ങൾ അദ്ദേഹത്തിനു സ്വാധീനമാണെന്നു് എന്നാണു് മനുഷ്യർ ഗ്രഹിക്കാൻ പോകുന്നതു്? ലോകത്തെ അതിൻെറ ശ്രേഷ്ഠമായ ഭാവിയിലേക്കുള്ള ചലനത്തിൽ നിയന്ത്രിക്കുന്ന നിയമങ്ങളും ശക്തികളും അദ്ദേഹത്തിൻെറതാണെന്നും എന്നാണു് അവർ ഇനി വെളിവായി ഗ്രഹിക്കാൻ പോകുന്നതു്? യാതൊന്നുകൊണ്ടാണൊ ഈശ്വരൻ ലോകത്തെ പൂൎണ്ണജ്ഞാനത്തിലേക്ക നയിക്കുന്നതു്, പ്രകൃതിയിലും മനുഷ്യനിലും ഉള്ള അദ്ദേഹത്തിൻെറ ആ തത്വത്തെ പ്രത്യക്ഷപ്പെടുത്തുന്ന ശ്രേഷ്ഠങ്ങളായ വെളിപാടുകളെ സംബന്ധിച്ച അന്യോന്യം കലഹിക്കയും ശങ്കിക്കയും ചെയ്യാതിരിക്കാൻ മാത്രം സൽബുദ്ധി അവൎക്ക ലഭിക്കുന്നതു് എന്നാണു്?

# ത്രൈമാസികം.

[പണ്ഡിതർ, ഇ. വി. രാമൻനമ്പൂതിരി.]

'സമസ്തകേരളസാഹിത്യപരിഷത്തു വക ത്രൈമാസിക'ത്തിൻെറ 3-ാംവാല്യം 2-ാംലക്കം (വൃശ്ചികം ലക്കം) ഈ മീനം അവസാനത്തോടടുക്കുടിയെങ്കിലും പുറപ്പെട്ടിരിയ്ക്കുന്നതിൽ, സാഹിത്യസമുത്സുകരമായ സകല കേരളീയരും സന്തോഷിക്കേണ്ടതാകുന്നു. ജാതിമതാദിഭേദമെന്യേ സമസ്തൎക്കും സംബന്ധിക്കാവുന്നസദപിഷയം ഇതുപോലെ അധികമില്ലല്ലൊ. രാജാധിരാജന്മാരുടേയും സാധാരണന്മാരുടേയും സോൽസാഹസാഹ്യം വഹിക്കുന്ന സജീവസ്ഥാപനവും മററധികമുണ്ടെന്നു തോന്നുന്നില്ല. അതു് അവ്യാപന്നമായും അനലസമായും പരിലസിച്ചു കാണുവാൻ ഏതു കേരളീയസഹൃദയനാണു പ്രാൎത്ഥിക്കാതിരിയ്ക്കുക!

2-ാം പുസ്തകം 1-ാം ലക്കം മുതൽ, 3-ാം പുസ്തകം 1-ാംലക്കം ഉൾപ്പെടെ അഞ്ചു ലക്കം കോട്ടയത്തുനിന്നാണ് പുറപ്പെട്ടതു്. ഇപ്പോൾ 2-ാം ലക്കം പുറപ്പെട്ടിരിക്കുന്നതു് പഴയപടി എറണാകുളത്തുനിന്നും ആകുന്നു. അച്ചടി, പ്രസിദ്ധീകരണം മുതലായവയ്ക്കു് ഇങ്ങനെ ഒരു സ്ഥലംമാററവും, പുറപ്പെടുവാൻ ഇത്രമാത്രം അമാന്തവും വേണ്ടിവന്നതു് എന്തുകൊണ്ടാണെന്നു സാധാരണ "സാമാജികന്മാൎക്കു്" അറിയാൻ കഴിയുന്നില്ല; വരിക്കാൎക്കും അങ്ങനെതന്നെ. വൃശ്ചികത്തിലും ധനുവിലുമായി, "പരിഷന്നിൎവ്വാഹകസംഘയോഗങ്ങൾ" 2 തവണ നടന്നുവെന്നു "പത്രാധിപക്കുറിപ്പുകളി"ൽ 'കഷ്ടിച്ചു' കാണാം. യോഗങ്ങൾ കൂടേണ്ട ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു എന്നോ, യോഗങ്ങളുടെ ശരിയായ "റിപ്പോൎട്ടോ" ഒന്നും കാണ്മാനില്ല. മി: ററി. കെ. കൃഷ്ണമേനോൻ, "കേരളസൎവ്വകലാശാല"യെസ്സംബന്ധിച്ചുള്ള പ്രചരണവേലക്കമ്മെററിയിലെ 'സംയോജക'സ്ഥാനം രാജിമൂലമൊഴിച്ചതും, മി: കേ. സി. മാത്യു, 'ഖജാൻജി' സ്ഥാനവും, ത്രൈമാസിക പ്രസിദ്ധീകരണജോലിയും കൈവിട്ടതും, 'ശ്രീമാന്മാരായ ഉള്ളൂർ' മുതൽ ശ്രീമതി മാധവി അമ്മവരെ 9 പേരടങ്ങിയ "ഒരു പത്രാധിപസമിതി"യെ കല്പിച്ചതും പ്രസ്തുതയോഗങ്ങളിൽ വച്ചാണെന്നു കാണിച്ചിട്ടുണ്ടെങ്കിലും, അങ്ങനെയെല്ലാം വേണ്ടിവന്നതു് എന്തുകൊണ്ടാണെന്നറിയാൻ മാൎഗ്ഗമില്ല. ഒരു ത്രൈമാസികത്തിന് ഇത്ര ഭീമമായ ഒരു 'പത്രാധിപസമിതി'യുടെ ആവശ്യം ഉണ്ടെന്നോ! 'സമിതി' എന്നതിനു യുദ്ധമെന്നും അൎത്ഥമുണ്ടല്ലോ; പ്രസ്തുത'സമിതിക്കാർ' മററു പത്രാധിപലോകവുമായി വല്ല യു

ദ്ധത്തിനും ഭാവമുണ്ടെന്നു ധ്വനിപ്പിച്ചിരിയ്ക്കുകയാണോ! ഈ ത്രൈമാസികം നടത്താൻ ഇത്ര വലിയ ഒരു സേന വേണമെന്നു കാണുന്നതു വലിയ 'നേരമ്പോക്കു' തന്നെ! "ത്രൈമാസികത്തിനുള്ള ലേഖനങ്ങൾ" മി: ഉള്ളൂർ പരമേശ്വരയ്യർക്കും, അതിന്റെ "അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ" മി: ടി. കെ. കൃഷ്ണമേനോനും അയക്കേണ്ടതാണെന്നു 'അറിയിപ്പ്' ഉണ്ട്. മി: കൃഷ്ണമേനോന്റെ നാമം 'പത്രാധിപസമിതി'യിൽ ഇല്ലാതാനും. ഇത്രയൊക്കെ പ്രൌഢിപ്രതാപങ്ങളോടു കൂടിയ ഈ ത്രൈമാസികം, മററു പത്രങ്ങളേയും മാസികകളേയും പോലെ പത്രങ്ങൾക്കും മാസികകൾക്കും സാധാരണമായി 'മാററത്തിനു്'അയക്കുന്നില്ലെന്നാണു ഞാൻ അറിയുന്നതു്.* അതു ശരിയാണെങ്കിൽ, വളരെ ദയനീയമായ അവസ്ഥയത്രേ. ത്രൈമാസികത്തിന്റെ പ്രതികൾ ആവശ്യത്തിലധികം അടിക്കുന്നുണ്ടെന്നു്, 1-ാംപുസ്തകവും, 2-ാം പുസ്തകവും പാതി വിലയ്ക്കു് (2 ഉറുപ്പികയ്ക്കു്) വില്ക്കുവാൻ ഈയിടെ തീരുമാനിച്ചതു കൊണ്ടുതന്നെ മററുള്ളവർക്കും അറിയാം. പിന്നെ ഈ 'പിശുക്കു' കാട്ടുന്നതെന്തിനാണു്? പത്രങ്ങൾക്കും മാസികകൾക്കും മാററത്തിനയക്കുന്നതുകൊണ്ടു പലേ തരത്തിലും പ്രചാരവും പോഷണവും "ത്രൈമാസിക"ത്തിനുണ്ടാവുകയില്ലേ? എന്നുമാത്രമല്ല, അങ്ങനെ അയയ്ക്കാത്തതു് പ്രവൎത്തനത്തിന്റെ മാന്യതയ്ക്കും ഉദ്ദേശശുദ്ധിയ്ക്കും തെല്ലു മാലിന്യം തന്നെ വരുത്തുകയില്ലേ? ത്രൈമാസികപ്രവൎത്തകസംഘക്കാരോ, പത്രാധിപസമിതിക്കാരോ ഈ വിഷയമൊന്നു ഗാഢമായാലോചിച്ചാൽ കൊള്ളാം.

ത്രൈമാസികത്തിന്റെ ആഭ്യന്തരികമായ അന്തസ്സുകൂടി സാമാന്യജനങ്ങളും അറിഞ്ഞിരിക്കേണ്ടതാണു്. അതുകൊണ്ടു്, ഈ ലക്കത്തിന്റെ അകത്തേയ്ക്കുകൂടി നമുക്കൊന്നവഗാഹനം ചെയ്യാം.

116പുറങ്ങളുള്ള ഇതിൽ, 'പത്രാധിപക്കുറിപ്പുകൾ' ഉൾപ്പെടെ 12വിഷയങ്ങളേ ഉള്ളു. മ—മ—ശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സിലെ "മുന്നാട്ടു വീരൻ" എന്ന ഗദ്യനാടകം 32- പേജിൽ വ്യാപിച്ചു കിടക്കുന്നു. അതാണിതിലേ ഏററവും തടിച്ച ലേഖനം. 10-രംഗങ്ങൾ തീൎന്നു എങ്കിലും, ഇനിയും ഇത്രകൂടി ഉണ്ടെങ്കിലേ മുഴുവനാവൂ എന്നു തോന്നുന്നു. 'വള്ളുവക്കമ്മാരൻ' എന്ന 'ചരിത്രാഖ്യായിക'യിലേ കഥാവസ്തുവാണു് ഈ നാടകത്തിലെയും ഇതിവൃത്തം എന്നു ഗ്രന്ഥകൎത്താവു പറയുന്നുണ്ടു്. രസാനുഗു

---

* ത്രൈമാസികം ഒന്നാം ലക്കം മുതൽ ഇവിടേയും മാററത്തിനു് കിട്ടിക്കൊണ്ടിരുന്നു. ഇപ്പോൾ ഒന്നുരണ്ടു ലക്കമായി വന്നുകാണുന്നില്ല. പ്രസിദ്ധീകരണത്തിനും പ്രവൎത്തകസമിതിക്കും വന്ന മാററമായിരിക്കാം ഈ "മാററ"ത്തിനും കാരണം. പത്രാധിപസമിതിയുടെ പേരു കാണുമ്പോൾ തല്ക്കാലം മറെറാന്നും പറവാൻ തോന്നുന്നില്ല.

(ഗുരുനാഥൻ പത്രാധിപർ)

ണ്യേന ചില്ലറമാററങ്ങളും ഇല്ലായ്കയില്ല. ഫലിതം, മനോധർമ്മം, തന്മയത്വം, ക്രിയാവൈവിധ്യം, പാത്രവൈചിത്ര്യം, നാതിദീർഘത മുതലായവയാൽ ഇതൊരു വിശിഷ്ടഗദ്യനാടകമായിത്തീരുമെന്നാണ് കണ്ടേടത്തോളം ഭാഗം കൊണ്ടു വിചാരിക്കേണ്ടതു്. വളരെ സൂക്ഷിച്ചുമാത്രം ഓരോപദവും പ്രയോഗിയ്ക്കുന്ന തമ്പുരാനവർകൾ, 7-ാം രംഗത്തിൽ, "എന്നാൽ അതിനെന്താ സംശയം?" എന്നു കരുണാകരക്കൈമ്മളേക്കൊണ്ടു പറയിയ്ക്കുന്നതിലേ, "എന്നാൽ" എന്നതിന്റെ സ്വാരസ്യവും ആവശ്യവും മാത്രം എനിയ്ക്കു ബോദ്ധ്യമാവുന്നില്ല. "കോട്ടയത്തു കേരളവർമ്മതമ്പുരാൻ" എന്ന ലേഖനമാണ് അടുത്ത വലുതു്. മി: ഉള്ളൂർ പരമേശ്വരയ്യരുടെ ആ ലേഖനം 28 പേജുണ്ട്. "പുതുവാത(ബാധ)പ്പാട്ട്"- എന്ന ഒരു പ്രാചീന കൃതിയെ ആസ്പദമാക്കി മഹാകവി കോട്ടയം കേരളവർമ്മയുടെ ജീവിതഗതിയേയും, കൃതികളേയും കുറിച്ചുള്ള ഒരു വിവരണം ആണതു്. കേരളവർമ്മയേസ്സംബന്ധിച്ചുള്ള പല അപ്രസിദ്ധസങ്ഗതികളും അതിൽ പ്രകാശിച്ചിട്ടുണ്ട്. അപ്രകാശിതങ്ങളായ ചില ചെറുകൃതികൾ, കൃതിവിചാരണയിൽ ഉദ്ധരിയ്ക്കപ്പെട്ടിട്ടുമുണ്ട്. എന്നാൽ അക്കൂട്ടത്തിൽ "ഭീഷ്മോപദേശം" എന്ന പ്രകാശിത ഗ്രന്ഥത്തെപ്പററി യാതൊന്നും ചിന്തിയ്ക്കാഞ്ഞതെന്താണെന്നു മനസ്സിലായില്ല. കോട്ടയം കേരളവർമ്മയുടേതെന്നു തോന്നിയ്ക്കുന്ന പല മുദ്രകളും അടങ്ങിയതാണ് 'ഭീഷ്മോപദേശം'. ആ വിഷയത്തിൽ മഹാകവിയ്ക്കുള്ള അഭിപ്രായം കൂടി ഇവിടെ രേഖപ്പെടുത്താമായിരുന്നു. ലേഖനത്തിലുദ്ധരിച്ചിട്ടുള്ള "ശ്രുമാനനഘഗുണ" ഇത്യാദി പദ്യത്തിലേ വൃത്തഭങ്ഗം അച്ചടിപ്പിഴവായിരിയ്ക്കണമല്ലോ.

"ഉദയവർമ്മകോലത്തിരിയും കൃഷ്ണഗാഥാകർത്താവും" എന്ന ലേഖനം ഏററവും ശ്രദ്ധേയമാകുന്നു. മി: ടി ബാലകൃഷ്ണൻനായരുടെ ആ ലേഖനം കൊണ്ടു, കൃഷ്ണഗാഥാകർത്താവിന്റെ ഊരും പേരും കാലവുമെല്ലാം ഖണ്ഡിതമായി ലഭിയ്ക്കുന്നു നമുക്ക്. ശ്രീമാൻ പി. കെ. നാരായണപിള്ളയുടെ കൃഷ്ണഗാഥാനിരൂപണസിദ്ധാന്തം വിജയിയ്ക്കുകയും, ശ്രീമാൻ കുണ്ടൂർ നാരായണമേനോൻ പുറപ്പെടുവിച്ച കൃഷ്ണഗാഥാകാരനും ഭാരതഗാഥാകാരനും ഒരാളല്ലെന്നുള്ള അഭിപ്രായം തെറിച്ചു പോവുകയും, ശ്രീമാൻ സി. ഐ. രാമൻനായർ മി: പി. കെ. യുടെ സിദ്ധാന്തത്തിനു നേരേ നീട്ടിയ വാദ ശലാകകൾ വളഞ്ഞു മാറുകയും, സർവ്വോപരി കൃഷ്ണഗാഥാകർത്താവും ചമ്പൂപ്രബന്ധകർത്താവും ഒരാളല്ലെന്നു തെളിയുകയും ചെയ്തിരിക്കുന്നു. കോലത്തിരിയുടെ കോവിലകത്തേ പ്രാചീനരേഖകളേയും മററും ആസ്പദമാക്കിക്കൊണ്ട്, എഴുതപ്പെട്ടിരിക്കുന്ന പ്രസ്തുതലേഖനം, ഭാഷാസാഹിത്യ ചരിത്രത്തിലെ ഒരു കുഴഞ്ഞുമറിഞ്ഞ കാര്യത്തേ അവദാതമാക്കിത്തീർത്തിരിയ്ക്കുന്നു. അതിലേയ്ക്കു ശ്രമപ്പെട്ട ലേഖകൻ ഏററവും അഭിനന്ദനീയൻ തന്നെ. എന്നാൽ

ആ ലേഖനത്തിലും ചില പിശകുകൾ ഇല്ലാതില്ല. ഗാഥാകാരൻെറ ഉപജീവ്യനായ ഉദയവൎമ്മ കോലത്തിരിയുടെ പൂൎവ്വികന്മാരായ കേരളവൎമ്മ, രാമവൎമ്മ എന്നിവരെസ്സംബന്ധിച്ചുള്ള പ്രസ്താവം തന്നെ നോക്കുക. "... കേരളവൎമ്മരായ കോലത്തിരുവടിയും, അവിടുത്തെ അനുജനും ഒരു സംസ്കൃത കവിയും ആയ രാമവൎമ്മതെക്കളംക്രവും..." എന്നു പറഞ്ഞിട്ടുള്ളതിലേ "അനുജനും" എന്നതു 'മരുമകനും' എന്നാക്കേണ്ടതാണ്. 'ഭാരതസംഗ്രഹ'നിൎമ്മാതാവായ പ്രസ്തുതരാമവൎമ്മയുവരാജാവിൻെറ ഭാരതസംഗ്രഹത്തിൽ നിന്നുദ്ധരിയ്ക്കപ്പെട്ടിരിക്കുന്ന—

"ജഗന്നിവാസം ഹൃദയേ ദധാനോ
മുദാ കദാചിന്നിജഭാഗിനേയം
സ രാമവൎമ്മാണമുവാച കാവ്യം
വിധീയതാം ഭാരതസംഗ്രഹാഖ്യം"

എന്ന പദ്യത്തിലെ ഭാഗിനേയപദംതന്നെ ഇപ്പറഞ്ഞതിനു തെളിവ്. ഭഗിനീപുത്രനാണല്ലൊ, അനുജൻ അല്ലല്ലോ ഭാഗിനേയൻ? അതുപോലെതന്നെ, "ജ്യേഷ്ഠനായ കേരളവൎമ്മ കോലത്തിരിയുടെ കല്പനപ്രകാരം" എന്നുള്ളതിലേ, "ജ്യേഷ്ഠനായ" എന്നഭാഗം അമ്മാവനായ എന്നും തിരുത്തേണ്ടതാണ്. ചെറുശ്ശേരിയില്ലത്തുനിന്നു പുനത്തിലില്ലത്തേയ്ക്കു ദത്തുണ്ടായി എന്നുള്ള ഐതിഹ്യത്തിനു ബാധയൊന്നും ഇല്ലാതിരിയ്ക്കെ, പൊനം അരക്കവി, കൃഷ്ണഗാഥാകാരൻെറ അനുജനായിരിക്കാമെന്നുള്ള അഭ്യൂഹം സങ്ഗതമാകുന്നതല്ല; മകനായിരിക്കാം എന്നുള്ളതുതന്നെ സങ്ഗതം.

ഈ മൂന്നു ലേഖനങ്ങളും, "പകൎപ്പവകാശം" കൈവിടാത്തവയത്രേ. അതുകൊണ്ടു മറുവായനക്കാൎക്ക്, ഇങ്ങനെ വല്ല വിധത്തിലുമേ അവയിലെ കാൎയ്യം ഗ്രഹിക്കുവാൻ കഴിയുന്നുള്ളു.

ഇനി പകൎപ്പവകാശം പറഞ്ഞിട്ടില്ലാത്ത ബാക്കി അൻപതു പേജിൻെറ 'കഥ' നോക്കാം. മ-മ-ശ്രീ അമ്മാവൻതമ്പുരാൻ തിരുമനസ്സിലെ 'ചാക്യാർപദത്തിൻെറ ഉത്പത്തി'—എന്ന ലേഖനത്തിൽ, 'ചാക്ക'—എന്ന രങ്ഗാൎത്ഥകമായ ശബ്ദത്തിൽനിന്നു ചാക്യാർ പദമുണ്ടായി എന്ന്, തമിഴകൃതികളെ പ്രമാണിച്ച് അഭ്യൂഹിക്കയും ഇതരമതങ്ങളെ നിരസിയ്ക്കുകയും ചെയ്തിരിക്കുന്നു. ഡാക്ടർ എൽ. ഏ. രാമവൎമ്മകോയിത്തമ്പുരാനവൎകളുടെ "പുരാതനഭാരതീയാചാരരഹസ്യങ്ങൾ" എന്ന 9 പേജുള്ള ലേഖനത്തിൽ, നാലു പുരുഷാൎത്ഥങ്ങൾ, നാലാശ്രമങ്ങൾ എന്നിവയെ അധികരിച്ച്, ഒരു നവീനവിചാരമാണടങ്ങിയിരിക്കുന്നത്. മി: ടി. വി. തിരുമല്പാടിൻെറ "ഉപമോത്പ്രേക്ഷാവിവേകം" അലങ്കാരപരമായ ഒരു വാദപ്രതിവാദത്തിൻെറ 'നാന്ദി'യാണെന്നു തോന്നുന്നു. ശ്രീമാൻ പി. കെ. നാരായണപിള്ളയുടെ 'ഘടകൎപ്പരൻ' എന്ന 'ലേഖന'മാണ് ഇതിലെ പ്രഥമപ്ര

ബന്ധം. മറേറതോ 'കാലികപ്രസിദ്ധീകരണ'ത്തിൽ, ഇതിനു മുൻപുതന്നെ ഇക്കൃതി അച്ചടിയ്ക്കപ്പെട്ടുകണ്ടിട്ടുണ്ട്. ഒരു മംഗളപദ്യം മാത്രമെഴുതി, പല 'കടലാസുകാക്കും' അയയ്ക്കുന്ന പതിവ്, ചിലരൊക്കെക്കൂടി നടപ്പാക്കിയിട്ടുണ്ട്. ഉപന്യാസങ്ങളും അങ്ങനെ മതി എന്നുവരുന്നതു് ഉചിതം തന്നെയോ! വിശേഷിച്ചും, മി: പി. കെ. തന്നെ, 'സാഹിത്യവിനോദിനി' എന്ന മാസികയിൽ പറഞ്ഞപ്രകാരം—"കേരളീയവിദ്വജ്ജനങ്ങളുടെ സവിശേഷപോഷണത്തിനു വിഷയീഭവിച്ചതായി വച്ചിരിക്കുന്ന ത്രൈമാസികത്തിൽ"? ഏതായാലും ഒന്നിലധികം സ്ഥലത്തു മുദ്രിതമായ അതിൻെറ ഗുണദോഷാദി ഒരിക്കലെങ്കിലും ചിന്തിയ്ക്കണമല്ലൊ. പ്രബന്ധനാമം 'ഘടകർപ്പരൻ' എന്നാണെങ്കിലും, ആ മഹാകവിയെപ്പററി അധികം വിവരങ്ങളൊന്നും ലേഖനത്തിലില്ല. 22 പദ്യം മാത്രമുള്ള 'ഘടകർപ്പരകാവ്യ'ത്തേപ്പററിയാണു കൂടുതൽ വിവരണം. "ഭൃത തം പഥികപാംസുലം" ഇത്യാദി പദ്യത്തേ പുരസ്കരിച്ചു "മേഘസന്ദേശ"സന്ദർഭത്തേ ഉപനയിയ്ക്കുകയും' ഒരു വിചാരമാരംഭിക്കുകയും ചെയ്തിട്ടുള്ളതു മി: പി. കേ. യുടെ സ്വപ്രസിദ്ധനിരൂപണനൈപുണ്യത്തിനു നിറന്ന നിദർശനമായിട്ടുണ്ട്. എന്നാൽ—

"അയുക്തിമദ്യഥാ ദൂതാ-
ജലഭൃന്മാരുതാദയഃ
തഥാ ഭ്രമരഹാരീത-
ചക്രവാകശുകാദയഃ"

ഇത്യാദി 'ഭാമഹാലങ്കാര'പദ്യത്തേക്കൂടി പ്രകൃതത്തിൽ അനുസ്മരിച്ചു് ഒരു വിമർശം ചെയ്യാഞ്ഞതു്, അദ്ദേഹത്തിൻെറ പാണ്ഡിത്യപ്രഥയ്ക്കു മതിയായോ, എന്നു സംശയം തോന്നുന്നു! "അതിനു വർണ്ണദേശനയുടെ പ്രാമാണ്യം" എന്ന ഭാഗത്തേ "വർണ്ണദേശന"യ്ക്കു് ഒരു ടിപ്പണിഎഴുതുകയോ എഴുതിയ്ക്കുകയോ കൂടി വേണ്ടതാണ്; ഇല്ലെങ്കിൽ മലയാളികളെന്നല്ല, സംസ്കൃതക്കാരും ഒന്നു പരിഭ്രമിച്ചുപോകും.

"നിചിതം ഖമുപേത്യ നീരദൈഃ
പ്രിയഹീനാഹൃദയാവനീരദൈഃ"

എന്നതിനർത്ഥം പറയുമ്പോൾ, "പ്രിയഹീനകളുടെ ഹൃദയാവനിയേ കടിച്ചു കീറുന്ന നീരദങ്ങൾ" എന്നാണു തുടങ്ങുന്നതു്. "......കളുടെ ... ...വനികളേ" എന്നു പറയാതെ, 'ഹൃദയാവനിയെ' എന്നു പറഞ്ഞിരിക്കുതിൻെറ സാധുത്വം ചിന്തനീയമാകുന്നു. സംസ്കൃതത്തിൽ ഇതിനെഴുതപ്പെട്ടിരിക്കുന്ന 'ടീക' ഏകവചനത്തേയല്ല, ബഹുവചനത്തേയാണ് സ്വീകരിച്ചിരിയ്ക്കുന്നതു്. 'കടിച്ചുകീറുന്ന' എന്നർത്ഥം പറഞ്ഞിരിക്കുന്നതും ആലോചനീയമല്ലേ? "രദ വിലേഖനേ വിലേഖനം ഭേദനം" എന്നാണു ധാതുവി

നർത്ഥം പറയപ്പെട്ടിരിക്കുന്നതു്. അപ്പോഠം, വെറും 'കീറുന്നതു്' എന്നല്ലാതെ, 'കടിച്ചുകീറുന്നതു്' എന്ന പയുന്നതു ശരിയാവുമോ? സംസ്കൃതടീകാകാരൻ ഇവിടെ അർത്ഥം പറഞ്ഞിരിക്കുന്നതു്, "......സ്ത്രിയഃ താസാം ഏദയാന്ന്യേവ അവനയോ ഭ്രമയഃ താഃ രദന്തിതൈഃ" എന്നാകുന്നു. ആ മാർഗ്ഗത്തിൽനിന്നു മാറി, 'രദ' ധാത്വർത്ഥത്തിനു പുറമെ, തദ്ധാതുനിഷ്പന്നവും ദന്തപര്യായവും ആയ 'രദ'പദത്തിന്റെ അർത്ഥംകൂടി ഇവിടെ പ്രശ്ലേഷിപ്പിച്ചതെന്തിനാണു്? ഒന്നുകിൽ, 'കടിക്കുന്നതു്' എന്നു പറയുക; അല്ലെങ്കിൽ, 'കീറുന്നതു്' എന്നു പറയുക. അല്ലാതെ രണ്ടും ചേർത്തു 'കടിച്ചുകീറുന്നതു്' എന്നാക്കിയതു് അത്ര ശരിയാണെന്നു തോന്നുന്നില്ല.

"ഹംസാ ന ദന്മേഘഭയാദ്ദ്രവന്തി"

എന്നാദിയായ പദ്യത്തിന്റെ അർത്ഥം പറഞ്ഞിരിക്കുന്നതിൽ, "മേഘാഗമേ" എന്ന പദത്തിന്റെ അർത്ഥം ചേർത്തുകാണുന്നില്ല. സംസ്കൃതടീകാകാരനാകട്ടെ, "മേഘാഗമേ പ്രാവൃട്കാലേ—ഇത്യർത്ഥഃ" എന്നു തെളിച്ചു പറഞ്ഞിട്ടുമുണ്ടു്. ഇങ്ങനെ, ഒരിടത്തു കൂട്ടുകയും മറെറാരിടത്തു കുറക്കുകയും ചെയ്യുന്നതെന്തിനാണു്?

"നിശാമുഖാന്യദ്യ ന ചന്ദ്രവന്തി"

എന്ന ശ്ലോകപാദത്തിനു്, "സന്ധ്യാസമയങ്ങഠം ചന്ദ്രവത്തുക്കഠം(ചന്ദ്രനോടുകൂടിയവ) അല്ല" എന്നാണു മി. പി. കേ. പറഞ്ഞിരിക്കുന്ന അർത്ഥം. അതിൽ "സന്ധ്യാസമയങ്ങഠം" എന്ന അംശം ശരിതന്നെയോ? ഒന്നാമതു്. സന്ധ്യാത്രയത്തിലും സന്ധ്യാശബ്ദത്തിന്നു പ്രസിദ്ധിയുണ്ടു്. രജനീമുഖത്തിൽ— രാത്രിയുടെ പൂർവ്വഭാഗത്തിൽ—അതു ശക്തമല്ലതാനും. 'നിശാമുഖ'ശബ്ദത്തിന്റെ അർത്ഥവും അതല്ലാ; രാത്രിയുടെപ്രഥമഭാഗം എന്നത്രേ. അപ്പോഠം, 'നിശാമുഖാനി' എന്നതിന്നു "സന്ധ്യാസമയങ്ങഠം" എന്നു പറയുന്നതു യുക്തമാകയില്ലെന്നും, രജനീമുഖങ്ങളെന്നോ, പ്രദോഷകാലങ്ങളെന്നോ മറെറാ പറഞ്ഞേ 'പന്തിയാവൂ' എന്നും വന്നുകൂടുന്നു.

"സർവ്വകാലമവലംബ്യ തോയദാ
ആയതാഃ സഖ ദയിതോ ഗതോ യദാ"

എന്നിങ്ങനെ 'യ' കാരമദ്ധ്യമമാക്കിയാണു്, 'ആയതാഃ' എന്നാണു്, മി: പി. കേ. ഒരു ശ്ലോകാർദ്ധം പഠിച്ചുകാണുന്നതു്. മി: പി. കേ. നിരൂപണത്തിനു വിഷയമാക്കിയിരിക്കുന്ന ഗ്രന്ഥം "ബാംബേ ശ്രീവെങ്കിടേശപരമുദ്രാലയത്തിൽ അച്ചടിച്ചിട്ടുള്ളതാണു്" എന്നു് അദ്ദേഹം പറയുന്നതുകൊണ്ടറിയാം. ആ 'ഘടകർപ്പരകാവ്യ'ത്തിന്റെ 'പ്രതി'യാണു് എന്റെ പക്കലുള്ളതും. 'ആയതാഃ, എന്നല്ല, "ആഗതാഃ" എന്നാണു് അതിൽ കാണുന്ന പാഠം. മി: പി. കേ. ചെയ്ത പാഠഭേദത്തിന്റെ ആവശ്യവും ഔചിത്യവും

അജ്ഞേയമായിരിക്കുന്നു. എന്നു മാത്രമല്ല, 'യ' കാർപാഠത്തിൽ അർത്ഥവും 'തകരാ'റാവുകയില്ലേ?

"വിപ്രലംഭ ശൃങ്ഗാരരസവർണ്ണത്തിൽ വർഷാകാലം വർണ്ണിതമായിരിക്കുന്നു" എന്ന അംശത്തിലേ 'വർണ്ണ'ശബ്ദത്തിൻെറ വിവക്ഷിതാർത്ഥത്തിന് ഒരു 'ടിപ്പണി' കൂടി ആവശ്യകമാണ്. ആധുനികഭാഷാകവികളിൽ പലക്കും അത്യന്തം ശ്രദ്ധേയമായ രണ്ടു വാചകം ഈ പ്രബന്ധത്തിലുണ്ട്

"ഒരു യമകകാവ്യമുണ്ടാക്കിയാലേ കവിയാകയുള്ളു എന്നു വല്ല നിയമവുമുണ്ടാകുന്നപക്ഷം, ആധുനികഭാഷാകവികളിൽ പലരും കാവ്യവ്യാപാരത്തിൽനിന്നു പിൻവലിഞ്ഞു "റെ്യ. പി." കൊടുക്കേണ്ടിവരും. കീർത്തനീയമ്മന്യന്മാരും മിതംപചവചസ്സുകളും ആയ കവിതാതീർത്ഥകാകന്മാരുടെ പകിട്ടുകൾക്ക് അതു് ഒരു നല്ല ശാണപാഷാണവുമായിരിക്കും"—എന്നുള്ളതാണതു്. ഇവയെ അഴിച്ചുപിരിച്ചു് ആലോചനം ചെയ്യേണ്ടഭാരം ഇപ്പോൾ ഞാൻ വഹിയ്ക്കുന്നില്ല.

പേരിനു മാത്രമുള്ള 'പത്രാധിപക്കുറിപ്പുകൾ'ക്കു പുറമേ, 'വിമർശനവീഥി'യാണ് ഇനി ഗദ്യവകുപ്പിൽ നമുക്കു നോക്കുവാനുള്ളതു്. ഈ 'വിമർശനവീഥി'യ്ക്കു നവീനഗ്രന്ഥനിർദ്ദേശസരണി എന്നേ അർത്ഥമുള്ളു. വിമർശനത്തിൽ കേളികേട്ട ഒരു വിശിഷ്ടൻെറ പത്രാധിപത്യത്തിലാണു ത്രൈമാസികം ആരംഭിച്ചതെങ്കിലും, ഒന്നരക്കൊല്ലം 6 ലക്കം വരെ ഒരു 'പുസ്തകാഭിപ്രായ'വീഥിപോലും അതിനുണ്ടായിരുന്നില്ല. മി: കേ. സി. മാത്യുവിൻെറ ആധിപത്യത്തിൽ കോട്ടയത്തുനിന്നു പുറപ്പെട്ടു തുടങ്ങിയ 2-ാംപുസ്തകത്തിൻെറ 3-ാംലക്കത്തിലാണ് ആദ്യമായൊരു നിരൂപണസരണി ആവിർഭവിച്ചതു്. 'ഗ്രന്ഥനിരൂപണ'മെന്ന പേരിലാണ് ആ പങ്ക്തി തുടങ്ങിയിരുന്നതും. നിരൂപകനാമം ഘടിപ്പിച്ചല്ല, അന്നു നിരൂപണം പ്രസിദ്ധീകരിച്ചിരുന്നതു്. പുതിയ 'വിമർശനവീഥി'യിൽ തത്തദ്ഗ്രന്ഥവിമർശകനാമവും ചേർത്തിരിയ്ക്കുന്നു. മി: ടി. കെ. കൃഷ്ണമേനോൻ, മി: കെ. പി. കറുപ്പൻ, മ—മ—ശ്രീ. അമ്മാവൻതമ്പുരാൻ എന്നിവരാണു താദൃശവിമർശകന്മാർ. മി: ടി. കേ. യുടെ വിമർശം, കഷ്ടിച്ചു 17 വരിയത്രെ! മി: പരമേശ്വരയ്യരുടെ അവതാരികയിലെ "ചില സങ്ഗതികളെ" "അവതരിപ്പിയ്ക്കുകയാണ"ത്രേ അതിൽ 'ചെയ്തിട്ടുള്ളതു്'! ഇങ്ങനെ ഒരു "വഴവാടാ"യ 'വിമർശനവീഥി' എന്തിനാണ്? "മുന്നേ ഗർഭിണിയായനാൾ മുദിതയായ് മാതാവു നേർന്നിട്ടുമുണ്ടെന്നോ" എന്നിങ്ങനെ ഒരു കവിയേ വിഷയീകരിച്ചുള്ള ശങ്ക ഇവിടേയും സങ്ഗതമായിരിക്കുന്നു. "കൂടുതൽ മാഹാത്മ്യം സാഹിത്യഗുണത്തിലല്ല ഇരിയ്ക്കുന്നതു്. ആചാര്യരുടെ ഒടുവിലത്തേ കൃതിയെന്നുള്ള മെച്ചം മററൊന്നിനും കിട്ടുവാൻ തരമില്ലല്ലോ" എന്നാണു "ശ്രീവിഷ്ണുപാ

ദാദികേശാന്തസ്തോത്ര"ത്തെപ്പററി മി: മേനോൻ വിമശിച്ചിരിയ്ക്കുന്നതു്! ആദ്യത്തേതെന്നോ നടുവിലത്തേതെന്നോ മറേറാ ഒക്കെ ഉള്ളപോലെ മാത്രമല്ലേ 'ഒടുവിലത്തേ'തന്നെ മെച്ചവും? ഞാൻ മി: മേനോനെ ഉദ്ബോധിപ്പിയ്ക്കുന്നു, "കൂടുതൽ മാഹാത്മ്യം സാഹിത്യഗുണത്തിലല്ല" എന്നു പറഞ്ഞതു് അപ്രഗല്ഭമായിപ്പോയി; മഹാകവിയും വിശേഷാത്തരവിമശകനും ആയ 'പൂൎണ്ണസരസ്വതി' നിമ്മിച്ചിട്ടുള്ള സംസ്കൃതവ്യാഖ്യാനം പരിശീലിച്ചു നോക്കുക- എന്നു്. 'മാഹാത്മ്യ'വും 'സാഹിത്യഗുണവു്'മെല്ലാം എന്നിട്ടു നിൎണ്ണയിച്ചാൽ മതിയെന്നും. മി: കരുപ്പൻ, 4 പുസ്തകത്തിന്നു വിമശമെഴുതിയിട്ടുണ്ടു്. മി: മേനോൻ എഴുതിയതിലും കൂടുതൽ വരി—അതും അഞ്ചോ ആറോ—രണ്ടു പുസ്തകവിമശനത്തിലെ മി: കരുപ്പനും എഴുതിയിട്ടുള്ളു. വിമശനീയഗ്രന്ഥത്തിലേ രണ്ടു പദ്യമുദ്ധരിച്ചാണു് ഒന്നിന്നു വരികൂട്ടിയിരിക്കുന്നതും! "ചില ദിക്കിൽ സ്ഥലംപിടിച്ചുകാണുന്ന ചില്ലറ വൈകല്യങ്ങളേ അടുത്ത പതിപ്പിൽ പരിഹരിയ്ക്കുന്നതു നന്നായിരിയ്ക്കും" എന്നദ്ദേഹം പറഞ്ഞിരിയ്ക്കുന്നു. ആ "ചില ദിക്കോ" ആ "ചില്ലറ വൈകല്യങ്ങളോ" എന്തെന്നോ, ഏതു തരമെന്നോ അദ്ദേഹം പറയുന്നില്ല. അതറിയാൻ ഗ്രന്ഥകത്താവിനി എന്തു ചെയ്യണം? വായനക്കാർ എവിടേത്തേടണം? മറെറാരു പുസ്തകത്തെപ്പററിയുള്ള ദോഷോദ്ഘോഷണം, "ദുർല്ലഭം ചില ദിക്കിൽ ഇക്കാലത്തു വാദപ്രതിവാദത്തിനു ഹേതുവാകു (? ക)ന്ന സംസ്കൃതപ്രത്യയങ്ങളും പദപ്രയോഗങ്ങളും കാണുന്നുണ്ടു്."—എന്നുമാത്രമാണു്. ഏതെന്നും എവിടേയെന്നും ഒന്നുമില്ല! "വാദത്തം, രാജ്യഭ്രഷ്ടൻ, അധികരിച്ച മുതലായ അപഭ്രംശങ്ങളും...മററു ചില ചില്ലറ സ്ഖലിതങ്ങളും ഇതിന്റെ ഗുണപൗഷ്കല്യത്തിൽ നിമജ്ജിച്ചുപോകും"—എന്നു മറെറാന്നിനെപ്പററിയും! 'ഷ്ടൻ' എന്നതു് 'ഷ്ടൻ' ആകണം; അങ്ങനെയല്ലാതെ വന്നതു് അച്ചുപിഴയാവാനേ വഴിയുള്ളൂ. "വദത്ത"വും "അധികരിച്ച"തും എങ്ങനെ അപഭ്രഷ്ടങ്ങളായി? മററു ചില്ലറ സ്ഖലിതങ്ങൾ എവിടെ, എന്തു്? ഇങ്ങനെയുള്ള ദോഷപ്രഖ്യാപനശൈലി ഇനിയും നിലനില്ക്കുമെന്നാണോ വിമശകന്റെ ഭാവം? 'ത്രൈമാസിക്'വിമശനവീഥിയിലേയ്ക്കു മേലിലും മി: കരുപ്പൻ വരാനൊരുക്കമുണ്ടെങ്കിൽ, ഈ മട്ടിലല്ലാതായാൽ കൊള്ളാം. വിശിഷ്യ വിമശകൻ ശുദ്ധമായ ഭാഷ ഉപയോഗിയ്ക്കേണ്ടതു് എപ്പോഴും അത്യാവശ്യമാണു്. പദവാക്യസംബന്ധമായ പ്രമാദം വിമശനത്തിൽ വരുത്തരുതു്. "ക്രമീകരണം" "ഭാളഭാള്യത" മുതലായവ അസാധുരൂപങ്ങളാണെന്നു "സാഹിത്യസാഹ്യം കൊണ്ടുതന്നെ സ്പഷ്ടമാണു്. ഭാഷാശൈലിയുടേയോ, ഭാഷാവ്യാകരണത്തിന്റേയോ ഗന്ധമുള്ളവർ, "നാല കാവ്യരത്നങ്ങൾ" എന്നു്-സംഖ്യാനിയമവും നപുംസകബഹുവചനവും-പ്രയോഗിയ്ക്കരുതു. "ശുദ്ധനപുംസകങ്ങളായ ജീവനില്ലാത്ത വസ്തുക്കളെ ഒരിയ്ക്കലും........ബഹുവചനം ചേൎത്തു പറയരുതു്". എന്നു 'മധ്യമ

വ്യാകരണം നോക്കിയാൽപോലും അറിയാം! "അതേ വൈദുഷ്യത്തേയും വാസനയേയും തന്നെ'യാണ്"—എന്ന വാക്യാംശത്തിൽ ഒന്നുകിൽ "തന്നെ" അല്ലെങ്കിൽ 'അതേ' എന്നതിലെ "ഏ" എന്ന "നിപാതം"—ഒന്നു 'അധികപ്പടി'പുനരുക്തി—ആണെന്നു സമ്മതിയ്ക്കാതെ തരമില്ല. അവധാരണാത്മകമായ 'ഏ' നിപാതമുള്ളപ്പോൾ 'തന്നെ'യുടെ ആവശ്യമേയില്ല. വിദ്വാൻ കെ. പി. കറുപ്പനവർകളുടെ കുറിപ്പുകളിൽ ഈവക പദവാക്യവിവേകഹാനി വന്നുകൂടാമോ? ഒരിക്കലുമരുതു്.

മ—മ—ശ്രീ. അമ്മാവൻതമ്പുരാൻ അത്ര 'അടിപിഴച്ചി'ട്ടില്ല. കുറച്ചാലസ്യം കാണിച്ചിട്ടുണ്ടെന്നേയുള്ളു. അവിടന്നു വിമർശിച്ചിട്ടുള്ള കൃതിയുലോം ലഘുവാണു്. വിമർശനത്തിൽ കാണിച്ചിട്ടുള്ള ദോഷങ്ങൾക്കു പുറമേയും പല ദോഷങ്ങൾ ആകൃതിയിലുണ്ടു്. "സത്സഖേ!" "പ്രിയസഖേ!" ഇത്യാദിപദദോഷങ്ങൾ ഒരുവക, (സത്സഖ! പ്രിയസഖ!—എന്നു വേണം); "ഈ ദൃശവാക്യം..... ആഹ്ലാദം കലർത്തിനാൻ". "പൊട്ടിച്ചാടിനാസ കണ്ണീർക്കണം" "ആവൃതാംബരം...... കിഴിഞ്ഞിറങ്ങീടിനാൻ" "എന്നിവ വീണ്ടും വീണ്ടും....വൈവശ്യം വളർത്തിനാൻ" എന്നിങ്ങനെ നപുംസകങ്ങളായ 'ആഖ്യ'കൾക്കു പുല്ലിംഗപ്രത്യയം ചേർത്തിട്ടുള്ള 'ആഖ്യാതങ്ങൾ' മറെറാരുവക,—ഒടുവിലെ ഉദാഹരണത്തിൽ വചനക്കുഴപ്പവും—; "ക്ഷുത്ശാന്തി"—എന്നുതുടങ്ങിയ വിസന്ധിപ്രയോഗങ്ങൾ വേറൊരിനം; "പ്രാക്കളെ ദൈവാംശമായിക്കരുതപ്പെടുന്നു" എന്നു 'കുറിപ്പി'ൽ പോലും കാണുന്ന കർമ്മണിപ്രയോഗപ്പിഴ ഒന്നുവേറേ:—ഇങ്ങനെ അവശ്യം ചൂണ്ടിക്കാണിയ്ക്കേണ്ടതായ അബദ്ധങ്ങൾ വളരെയുണ്ടു് ആ കൃതിയിൽ. അവയെല്ലാം ചൂണ്ടിക്കാണിച്ചു്, ഗ്രന്ഥകർത്താവിന്നു വിനയനാവസരം നില്ക്കുന്നതല്ലേ വിശിഷ്ടമായ വിമർശനധർമ്മം? പുതിയ ഭാഷാഗ്രന്ഥങ്ങൾ, 'സാഹിത്യപരിഷത്പ്രവർത്തകസംഘ'ത്തേക്കൊണ്ടു പരിശോധിപ്പിച്ചു പ്രസിദ്ധീകരിയ്ക്കണമെന്നൊരു 'പ്രമേയം' നിലമ്പൂരേസ്സമ്മേളനത്തിൽ അവതരിച്ചപ്പോൾ, വലിയൊരു വാദപ്രതിവാദവും മററുമുണ്ടായതു് ഈ 'വിമർശവീഥി' വായിയ്ക്കുമ്പോൾ വിശേഷിച്ചും ഓർമ്മയിൽവരുന്നു. അച്ചടിയ്ക്കപ്പെടുന്ന വിമർശം ഈ വിധമാണെങ്കിൽ, അണിയറവിമർശം പിന്നെ ഏതുതരത്തിലായിരിയ്ക്കയില്ല!

പദ്യകൃതികൾ മൂന്നെണ്ണമേ ഈ ലക്കത്തിലുള്ളൂ. "ശങ്കരകവിയുടെ ചെറുകുന്നമ്മസ്തുതി" "ശ്രീവല്ലഭകീർത്തനം" എന്ന രണ്ടെണ്ണം പ്രാചീനകവനങ്ങളും, "നിരാശയിൽനിന്നു്" എന്ന ബാക്കി ഒന്നു്, മഹാകവി ഉള്ളൂരിന്റേയും ആകുന്നു. "കൂരിരുട്ടഴിഞ്ഞാട്ടം" "പാതിരയ്ക്കുത്തയ്യലാൾ" "നിർഗ്ഗമിയ്ക്കുന്നുവല്ലി" "തട്ടംകൈയ്ക്കു—" എന്നിങ്ങനെ ഒടുവിൽ പറഞ്ഞ കൃതിയിൽ കാണുന്ന അംശങ്ങളിൽ, 'ഞാട്ടം' "പാതിരി" 'പല്ലി' "കട്ടം"—എന്നല്ലാമാണു് വേണ്ടതെന്നു തോന്നുന്നു.

ഇതാണു് ഈ ലക്കം 'ത്രൈമാസിക'ത്തിന്റെ സ്ഥിതി. സമസ്ത കേരളീയരുടേയും പൊതുസ്വത്തെന്നും, പ്രാമാണികപ്രവൎത്തിതമെന്നും, പ്രൌഢോപഭോഗ്യമെന്നും മററുമുള്ള നിലകളിൽ ത്രൈമാസികം ഇനിയും വളരെ വളരുവാനുണ്ടെന്നു് ഈ സമീക്ഷകൊണ്ടു തെളിയുന്നു. ആ വളൎച്ചയ്ക്കുവേണ്ടുന്നതെല്ലാം, സാഹിത്യാഭിമുഖ്യമുള്ള സകല കേരളീയരും, വിശിഷ്യ മാസികപ്രവൎത്തകസമിതിയും ഇനിയെങ്കിലും ഉടനേ ചെയ്യേണ്ടതാണു്.

ആളില്ല, അൎത്ഥമില്ല—എന്നുള്ള ആക്ഷേപം അത്ര അൎത്ഥമുള്ളതാണെന്നു തോന്നുന്നില്ല. ചില ചുമതലക്കാരും നടത്തിപ്പും, നടക്കലും എല്ലാമുണ്ടല്ലോ. ഉള്ളതു് അൎഹണീയമാവാത്തതു് ഇല്ലാത്തതിന്റെ കുററമാണെന്നു പറഞ്ഞാൽ നിരക്കുമോ!

# പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാരോടു്.

[എം. രാമവൎമ്മത്തമ്പാൻ ബി. എ. എൽ. ടി.]

ഞാൻ അദ്ധ്യാപകവൃത്തിയിൽനിന്നും വിരമിച്ചിട്ടു കുറേക്കാലമായി. അതിനാൽ നിങ്ങൾ എത്രത്തോളം മുന്നോട്ടുപോയി എന്നു് എനിക്കു് നല്ല നിശ്ചയമില്ല. എന്നാൽ സമസ്ത തിരുവിതാംകൂർ പ്രൈവററുസ്കൂൾ അദ്ധ്യാപകയൂണിയൻ, അദ്ധ്യാപകന്മാരുടെ അവശതകളെല്ലാം വിശദീകരിച്ചു്, പല അവകാശവാദങ്ങളും നടത്തിവരുന്നതായി പത്രപംക്തികളിൽനിന്നും അറിയാൻ എനിക്കിടയായിട്ടുണ്ടു്. അയൽരാജ്യമായ കൊച്ചിയിൽ "ടീച്ചേഴ്സ് അസോസിയേഷൻ" മൂലം അദ്ധ്യാപകന്മാൎക്കു് അനല്പമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ടു്. പ്രസ്തുത അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഒരു അദ്ധ്യാപകസമ്മേളനത്തിൽ സംബന്ധിക്കുവാനും പ്രസംഗിക്കുവാനും എനിക്കും അവസരം ലഭിച്ചു. ഗവൎമ്മേണ്ടുദ്യോഗസ്ഥന്മാരുടെ സംരക്ഷണവും, മേലധികാരവും, താലോലിപ്പും കൂടാതെ കഴിക്കാവുന്ന സ്വതന്ത്രമായ നില അസോസിയേഷനു് സിദ്ധിച്ചുകഴിഞ്ഞുവെന്നു കൊച്ചിയിൽ അന്നു് വിദ്യാഭ്യാസഡയറക്ടരായിരുന്ന മി: മത്തായി പ്രസ്താവിക്കുകയുണ്ടായി. അദ്ധ്യാപകസംഘടനകൊണ്ടും അവരുടെ ഉത്സാഹംകൊണ്ടും സമ്പാദിക്കാവുന്ന ശക്തിയും മേന്മയും നല്ലപോലെ മനസ്സിലാക്കി

യ—വാദ്ധ്യാർമൂത്ത—ഒരു ഡയറക്ടരാണ് അപ്രകാരം പറഞ്ഞത്. ഇത് കൊച്ചിയിലെ സ്ഥിതിയാണ്. തിരുവിതാംകൂർ മാതൃകാരാജ്യമെന്നാണ് അഭിമാനിക്കുന്നതും പറയുന്നതും. എന്നാൽ ഇവിടത്തെ അദ്ധ്യാപകന്മാർ സംഘടിക്കാൻ ശ്രമിക്കാറില്ല. സംഘടനയുടെ മാഹാത്മ്യം അവക്കറിഞ്ഞുകൂടാ. സംഘടിപ്പിക്കാൻ ആളില്ല. പണമില്ല. അതിനു വല്ലവരും തുനിഞ്ഞിറങ്ങിയാൽ അവക്കു വേണ്ടപോലെ പ്രോത്സാഹനം നല്കുകയുമില്ല. തിരുവിതാംകൂറിലും അദ്ധ്യാപകസംഘങ്ങൾ നാമമാത്രങ്ങളായി നിലവിലുണ്ട്. പക്ഷേ ഹെഡ്മാസ്റ്റരന്മാരും ഹെഡ്മിസ്ട്രസ്സുകളുമാണ് അവയുടെ കൺവീനറന്മാർ. ഇവിടത്തെ അദ്ധ്യാപകസംഘങ്ങൾ ഉദ്യോഗസ്ഥന്മാരുടെ ഉത്തരവുകൾ അനുസരിക്കാൻ മാത്രമുള്ളവയാണ്. ഇവിടത്തെ അദ്ധ്യാപകന്മാക്കു സ്വാതന്ത്ര്യബോധമോ സ്വാശ്രയശക്തിയോ, സംഘടനാതല്പരതയൊ, താരതമ്യേന വളരെ കുറവായിട്ടാണ് കണ്ടുവരുന്നത്. അദ്ധ്യാപകസമ്മേളനങ്ങളിൽ പ്രസംഗിക്കാമെന്നു സദയം മുൻകൂട്ടി സമ്മതിക്കുന്നവർപോലും, തത്സമയത്തു ഹാജരാകാറില്ല. ഡാക്ടരെക്കൊണ്ടു വരത്തക്കവിധത്തിൽ അത്യാസന്നമായ സുഖക്കേടിൽ കിടപ്പാണെന്ന് ഒരു കുറിപ്പു സമ്മേളനപ്രവത്തകന്മാക്കു ചിലർ കൊടുത്തയയ്ക്കും. മററു ചിലർ അപ്രകാരമുള്ള മയ്യാദപോലും കാണിക്കാറില്ല.

കൊച്ചിയിലെ അദ്ധ്യാപകന്മാരുടെ ആവശ്യങ്ങളേയും അവകാശങ്ങളേയും പററി അന്വേഷിച്ചു റിപ്പോർട്ടു സമപ്പിക്കുവാൻ മി: എസ്സ്. കെ. സുബ്രഹ്മണ്യയ്യരുടെ നേതൃത്വത്തിൽ ഒരു കമ്മററിയെ ഗവമ്മെണ്ടിൽനിന്ന് നിയമിച്ചു. എന്നാൽ പ്രസ്തുത കമ്മററിയുടെ റിപ്പോർട്ട് അദ്ധ്യാപകന്മാരുടെ ആശയ്ക്കൊത്തവണ്ണം പരിപൂർണ്ണമായില്ലെന്നുള്ള ഏകകാരണത്താൽമാത്രം കൊച്ചിയിലെ അദ്ധ്യാപകന്മാർ യോഗങ്ങൾകൂടി മി: സുബ്രഹ്മണ്യയ്യരുടെ പേരിൽ അവിശ്വാസം രേഖപ്പെടുത്തി. മററു പ്രകടനങ്ങൾ നടത്തി, അദ്ദേഹത്തെ വകവയ്ക്കാതെ, സംഘടനയോടും ധൈയ്യത്തോടുംകൂടി അദ്ധ്യാപകന്മാർ തങ്ങളുടെ അവകാശവാദം മുഴക്കി. മാതൃകാരാജ്യമെന്ന് അഭിമാനിക്കപ്പെടുന്ന തിരുവിതാംകൂറിലെ അദ്ധ്യാപകന്മാക്കാകട്ടെ, യാതൊരു സംഘടനയും വേണ്ട. യോഗവും വേണ്ട. എന്തെല്ലാം അവശതകളും കഷ്ടപ്പാടുകളും ഉണ്ടെങ്കിലും, എല്ലാം തങ്ങളുടെ "യോഗം" ആണ്, വിധിയാണ് എന്നു കരുതി അടങ്ങി ഒതുങ്ങി കൈയ്യും കെട്ടി മിണ്ടാതിരുന്നുകൊള്ളും. നമ്മുടെ അദ്ധ്യാപകന്മാക്കു വലിയ പേടിയാണ്. യോഗം കൂടാൻ പേടി. ശമ്പളം പോരെന്നു വാദിക്കാൻ പേടി. ഹെഡ്മാസ്റ്റരെയും മാനേജരേയും ഇൻസ്പെക്ടരേയും പേടി. അദ്ധ്യാപകന്മാർ, അദ്ധ്യേതാക്കളുടെ പേടി കളയണമെന്നാണു ബെർട്രാൻഡ് റസ്സൽ ഉപദേശിക്കുന്നത്. പേടിക്കാരായ അദ്ധ്യാപകന്മാർ പേടി കളയണമെന്നു വി

ദ്ധ്യാത്ഥികളോടുപദേശിച്ചാൽ, അതാരു വിലവയ്ക്കും? പരമാത്ഥം പറഞ്ഞാൽ, പേടി കളയണമെന്നു വിദ്ധ്യാർത്ഥികളോട്ട് ഉപദേശിക്കാൻപോലും അവക്കു പേടിയാണ്. അദ്ധ്യാപകന്മാർ ആവശ്യത്തിലും അനാവശ്യത്തിലും പേടിച്ചുതുങ്ങിയാൽ, നില്ക്കക്കള്ളിയുണ്ടോ? ഈ താലൂക്കിൽതന്നെ മുന്നൂറിൽപരം അദ്ധ്യാപകന്മാരുണ്ടെന്നാണ് എൻെറ അറിവ്. ഇന്നത്തെ അദ്ധ്യാപകയോഗത്തിൽ അവരിൽ അധികംപേരും വന്നിട്ടില്ല. ചിലർ വേറെ വല്ല അത്യാവശ്യംകൊണ്ടോ അസൌകയ്യംകൊണ്ടോ ആയിരിക്കാം വരാത്തത്. എങ്കിലും കുറെ അധികംപേർ മാനേജരന്മാരെ പേടിച്ചു വരാതിരിക്കുന്നതാണെന്നാണ് എനിക്കു തോന്നുന്നത്. അങ്ങനെയാണെങ്കിൽ അതു വളരെ കഷ്ടമാണ്. മാനേജരന്മാക്ക് എതിരായി ഇവിടെ യാതൊന്നും പ്രവത്തിക്കയില്ല. നേരെമറിച്ച് അദ്ധ്യാപകസംഘടന അവരുടെ ശക്തി വദ്ധിപ്പിക്കുകമാത്രമെ ഉള്ളു. എങ്കിലും സാമാന്യേന എല്ലാവക്കും പേടി ഉണ്ടാകുന്നതു സാധാരണമാണ്. തങ്ങളുടെ കീഴിലുള്ള അദ്ധ്യാപകന്മാർ സംഘടിക്കുന്നതു തങ്ങൾക്കു ദോഷകരമായേക്കുമോ എന്നാണു മാനേജരന്മാരുടെ പേടി. മാനേജരന്മാർ തെററിദ്ധരിച്ചാൽ—കോപിച്ചാൽ—തങ്ങളുടെ കാലക്ഷേപമാഗ്ഗമായ അദ്ധ്യാപകജോലിതന്നെ പൊയ്യോകുമൊ എന്നാണ് അദ്ധ്യാപകന്മാരുടെ പേടി. ഉത്തമർണ്ണനായ മുതലാളിയുടെ പേടി അധമണ്ണൻ പാപ്പരാകുമോ എന്നാണ്. മുതലാളിമാർ തങ്ങളെ പാപ്പരാക്കുമെന്നാണു കടംവാങ്ങുന്നവരുടെ പേടി.

ഏതായാലും പ്രൈവററുസ്കൂൾ മാനേജരന്മാരുടെ ഉദ്ദേശ്യം പൊതുവെ പറയുന്നപക്ഷം മഹത്തരമാണ്. രാജ്യവാസികളുടെ നിരക്ഷരത്വം നശിപ്പിക്കണമെന്നാണ് അവരുടെ ഉദ്ദേശ്യം. തങ്ങൾക്കു പേരും പെരുമയും ലാഭവും ഉണ്ടാക്കണമെന്നും അപൂർവ്വം ചില മാനേജരന്മാക്ക് ഉദ്ദേശ്യമുണ്ടായിരിക്കാം. അങ്ങിനെയായാലും, പള്ളിക്കൂടങ്ങൾ വേണ്ടെന്നു വയ്ക്കുവാൻ അവക്കു ധൈയ്യമുണ്ടാകയില്ല. നാലു ലക്ഷത്തോളം കുട്ടികൾ ഈ രാജ്യത്തെ പ്രൈവററുവിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ടെന്നാണ് എൻെറ അറിവ്. പള്ളിക്കൂടങ്ങളെല്ലാം നിറുത്തി സകല കുട്ടികളേയും വീട്ടിലേക്കു പറഞ്ഞയക്കുവാൻ ആക്കെങ്കിലും ധൈയ്യമുണ്ടാകുമോ? അനദ്ധ്യായദിവസങ്ങളിൽതന്നെ കുട്ടികളുടെ ശല്യംകൊണ്ടും ലഹളകൊണ്ടും വീട്ടിൽ കഴിച്ചുകൂട്ടാൻ വിഷമമാണെന്നു പലരും പറയാറുണ്ട്. കുട്ടികളെ പള്ളിക്കൂടത്തിലേക്കു പറഞ്ഞയച്ചാൽ, വീടുകളിൽ അമ്മമാക്കു സൈ്വരവും സമാധാനവും ആയി. അതിനാൽ, അദ്ധ്യാപകസംഘടനയെ ഭയന്ന്, മാനേജരന്മാർ പള്ളിക്കൂടം വേണ്ടെന്നുവച്ചാൽതന്നെ, മാതാക്കളുടെ സ്വാധീനശക്തി ചെലുത്തുമ്പോൾ രക്ഷാകത്താക്കന്മാർ യോജിച്ചു തങ്ങളുടെ കുട്ടികളെ പഠിപ്പിക്കാൻ-അവരെക്കൊണ്ടു വീട്ടിലുള്ള ശല്യംകുറക്കാൻ-സ്കൂളുകൾ പ

ണിയിച്ചുകൊള്ളും, അതിനു രക്ഷാകൎത്താക്കന്മാർ നിർബന്ധിതരായിത്തീരും. അതിനാൽ ഒററദിവസംകൊണ്ടു്, കുട്ടികൾതന്നെ വേണ്ട പരിഹാരം ഉണ്ടാക്കാതിരിക്കയില്ല.

പ്രയോജനകരവും പെട്ടെന്നുണ്ടാകുന്നതുമായ മാററത്തിനാണു വിപ്ലവം എന്നു പറയുന്നതു്. ലോകത്തിൽ മുഴുവൻ വിപ്ലവമുണ്ടാക്കാൻ അദ്ധ്യാപകന്മാർമാത്രം വിചാരിച്ചാൽ മതി. എന്തെല്ലാം നിയമവ്യവസ്ഥകളുണ്ടാക്കിയാലും, ശിക്ഷകൾ കല്പിച്ചാലും, പിടികൊടുക്കാതെ, കുട്ടികളിൽ വിപ്ലവവിത്തുകൾ വിതക്കുവാൻ അദ്ധ്യാപകന്മാരാൽ സുസാദ്ധ്യമാണു്. കേവലം രാമായണപാരായണംകൊണ്ടും, ഭഗവൽഗീതാവ്യാഖ്യാനംകൊണ്ടും ബ്രിട്ടീഷ് ദുഷ്പ്രഭുത്വഭരണത്തോടു് ഇൻഡ്യാക്കാൎക്കു വെറുപ്പുണ്ടാക്കാൻ ബാലഗംഗാധരതിലകനു സാധിച്ചുവെന്നു കേട്ടിട്ടുണ്ടു്. വിദേശിയമേധാവിത്വം ദോഷകരമാണെന്നുള്ള ബോധം, ഭംഗ്യന്തരേണ, അദ്ദേഹം ഭാരതീയരിൽ കുത്തിവെച്ചു. യുദ്ധസന്നദ്ധനായി തോക്കേന്തിനില്ക്കുന്ന ഒരു ഭടനേക്കാൾ ബാലപാഠവും കൈയിലെടുത്തു പള്ളിക്കൂടത്തിലേക്കു പോകുന്ന ഒരു ബാലവിദ്യാൎത്ഥിയെയാണു താൻ അധികം ഭയപ്പെടുന്നതെന്നു ലാർഡു ബ്രൂഗാൻ ഒരവസരത്തിൽ പറയുകയുണ്ടായി. അതിനാൽ ബാലവിദ്യാർത്ഥികളെ എന്തിനും സന്നദ്ധരാക്കാൻ ത്രാണിയുള്ള അദ്ധ്യാപകന്മാരെ ആരാണു പേടിക്കാത്തതു്?

മക്കളില്ലാത്തവരെ, അച്ഛനെന്നു വിളിക്കാൻ ആരും ഉണ്ടാകയില്ല. അതുപോലെതന്നെ, അദ്ധ്യാപകന്മാരെക്കൂടാതെ, ഒരു മാനേജ്മെൻറും ഉണ്ടായിരിക്കുകയില്ല. ചുള്ളിക്കെട്ടിൻെറ കഥ കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർതന്നെ, ഐകമത്യം മഹാബലമെന്നു മനസ്സിലാക്കണം. അദ്ധ്യാപകന്മാൎക്കു സംഘടനാശക്തി ഉണ്ടായിരിക്കണം. ഒരു സമുദായത്തിൻേറയൊ രാഷ്ട്രത്തിൻേറയൊ സംസ്കാരം അളക്കുന്നതു സംഘടിക്കാൻ അതിനുള്ള ശേഷിയുടേയും ശേമുഷിയുടേയും തോതനുസരിച്ചാണു്.

തിരുവിതാംകൂറിൽ ടെക്സ്റ്റ്ബുക്കുകൾ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ പല ആക്ഷേപങ്ങളും ഉണ്ടാകാറുണ്ടു്. അക്കാൎയ്യത്തിൽ അഭിപ്രായം പറയാൻ അദ്ധ്യാപകന്മാൎക്കാണു കൂടുതൽ അവകാശവും അധികാരവുമുള്ളതു്. ടെക്സ്റ്റ്ബുക്കുകമ്മിററിയിൽ അദ്ധ്യാപകന്മാരുടെ പ്രതിനിധികൾക്കുകൂടി സ്ഥാനമുണ്ടായിരുന്നാൽ ഇപ്പോഴുണ്ടാകുന്ന പല ആക്ഷേപങ്ങൾക്കും വളരെ കുറവുവരും. ഇപ്പോഴത്തെ ടെക്സ്റ്റ്ബുക്കുകമ്മിററിയും ഡയറക്ടരുംഅവരവൎക്കിഷ്ടമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നുവെന്നു പരക്കെ ആക്ഷേപമുണ്ടു്. 'വേദാന്തനവനീതം' എന്ന ഒരു പുസ്തകം ഒന്നാംക്ലാസിലേക്കു് അവർ ടെക്സ്റ്റായി തിരഞ്ഞെടുത്തുവെന്നിരിക്കട്ടെ. "ഓംകാരമായപൊരുൾ"

എന്നു തുടങ്ങിയാൽ ഒന്നാംക്ലാസിലെ കൊച്ചുകുട്ടികൾ വല്ലാതെ വിഷമിച്ചു പോകും. ഏററവും സമൎത്ഥനായ അദ്ധ്യാപകനും കാൎയ്യം പറഞ്ഞു മനസ്സിലാക്കാൻ സാധിക്കാതെ കൊമ്പു കുത്തിപ്പോകും. അദ്ധ്യാപകൻതന്നെ കടിച്ചാൽ പൊട്ടാത്ത വേദാന്തം കൊച്ചു കുട്ടികളെ എങ്ങിനെ പഠിപ്പിക്കും? അപ്രകാരം ഓരോരോ ക്ലാസ്സിനു യോജിക്കാത്ത പുസ്തകങ്ങൾ പഠിപ്പിക്കയില്ലെന്നു് അദ്ധ്യാപകന്മാർ ഉറയ്ക്കണം. ദൃഢനിശ്ചയം ചെയ്യണം. തങ്ങളുടെ പ്രതിനിധികളുംകൂടി ഉൾപ്പെട്ട ബുക്കുകമ്മററി തിരഞ്ഞെടുക്കുന്ന പുസ്തകങ്ങൾ മാത്രമേ പഠിപ്പിക്കയുള്ളുവെന്നു് അദ്ധ്യാപകസമ്മേളനങ്ങൾകൂടി പ്രമേയങ്ങൾ പാസാക്കണം. അങ്ങിനെയല്ലാതെ പ്രവൎത്തിക്കാൻ അധികാരികൾ മുതിൎന്നാൽ, അദ്ധ്യാപകന്മാർ ഒത്തൊരുമിച്ചു എതിൎക്കണം. അദ്ധ്യാപകന്മാർ ഒരുമിച്ചുകൂടി എന്തെങ്കിലും കാൎയ്യമായി നിശ്ചയിച്ചാൽ അനുകൂലിച്ചു പ്രവൎത്തിക്കാനല്ലാതെ, ഒരിക്കലും എതിൎക്കാൻ സാധിക്കയില്ലെന്നു് ഇവിടത്തെ വിദ്യാഭ്യാസഡയറക്ടരായിരുന്ന ഡാക്ടർ മിച്ചൽ ഒരിക്കൽ എന്നോടു പറഞ്ഞു. അദ്ധ്യാപകന്മാർ ഒരുമിച്ചാൽ ഡയറക്ടരായ ഞാൻ തന്നെ ചെരിപ്പിനകത്തുനിന്നു കിടുകിടെ വിറക്കുമെന്നാണു് അദ്ദേഹം പറഞ്ഞതു്. അദ്ധ്യാപകന്മാൎക്കു ഫണ്ടില്ലാത്തതുകൊണ്ടു് അവൎക്കു് ഏററവും അത്യാവശ്യമുള്ള സംഘടനയും, അവരുടെ ഉന്നമത്തിനുള്ള പ്രവൃത്തികളും നടന്നില്ലെന്നുവരുന്നതു ലജ്ജാകരമാണു്. ഒരിക്കൽ സ്കാട്ട്ലൻഡിലെ അദ്ധ്യാപകന്മാരെല്ലാംകൂടി യോജിച്ചു്, ഒരു പണിമുടക്കം ചെയ്തു. അവർ ആവശ്യപ്പെട്ടതുപോലെ കൂടുതൽ ശമ്പളം കൊടുക്കാഞ്ഞിട്ടാണു് അങ്ങിനെ ചെയ്തതു്. അദ്ധ്യാപകന്മാരിൽനിന്നും പിരിച്ചു ബാങ്കിലിട്ടിരുന്ന ഫണ്ടിൽനിന്നും പണിമുടക്കകാലത്തു് ഓരോ അദ്ധ്യാപകനും ആവശ്യമുള്ള സംഖ്യ അയച്ചുകൊടുത്തു് അവരെ സഹായിച്ചു. ഒടുവിൽ അദ്ധ്യാപകന്മാർ തന്നെ ജയിച്ചു. അവർ ആവശ്യപ്പെട്ട ശമ്പളം കൊടുക്കേണ്ടിവന്നു. അതുകൊണ്ടു് സംഘടനയുടെ ആവശ്യം നിങ്ങൾ നല്ലപോലെ മനസ്സിലാക്കണം

നിങ്ങൾ സംഘടിച്ചാൽ, ആപത്തുണ്ടാകുമോ എന്നു പേടിക്കുന്ന മാനേജരന്മാരുടെ മിഥ്യാബോധം മാററുവാൻ നിങ്ങൾ ആത്മാൎത്ഥമായി യത്നിക്കണം. നിങ്ങളുടെ സംഘടനകൊണ്ടു മാനേജരന്മാരെ പലവിധത്തിലും നിങ്ങൾക്കു സഹായിക്കാം. മാനേജരന്മാൎക്കു് ശക്തിയുണ്ടാക്കാൻ അദ്ധ്യാപകന്മാരായ നിങ്ങൾ ശ്രമിച്ചാൽമാത്രമേ സാധിക്കയുള്ളു. ഗവൎമ്മെണ്ടിൽനിന്നും മാനേജരന്മാൎക്കു് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സഹായധനം കൂട്ടികിട്ടണമെങ്കിൽ നിങ്ങളുടെ സഹായംകൂടി ഉണ്ടെങ്കിൽ നിഷ്പ്രയാസം അതും സാധിക്കാം. അദ്ധ്യാപകന്മാരുടെ അഭിവൃദ്ധിക്കുവേണ്ടി അശ്രാന്തം പരിശ്രമിക്കുവാൻ അതിസമൎത്ഥനാണു് നിങ്ങളുടെ ഇപ്പോഴത്തെ യൂണിയൻ

സിക്രട്ടറി എന്നു ഞാൻ കേട്ടിട്ടുണ്ട് അക്കാര്യത്തിൽ അദ്ദേഹം ഒരു ഭ്രാന്തനാണത്രെ. ആ ഭ്രാന്ത് നിങ്ങളിലും കുത്തിവച്ചാൽ വളരെ നന്നായിരുന്നു. അദ്ധ്യാപകന്മാരായ നിങ്ങളെല്ലാം സംഘടിച്ച്, ഉദാരമായി സംഭാവനചെയ്ത്, യൂണിയനു ഫണ്ടുണ്ടാക്കുവിൻ! നിങ്ങളുടെ സംഘടനാശക്തി വർദ്ധിപ്പിച്ച്, അത് അപ്രതിഷേധ്യമാണെന്ന് അധികാരികളെ ബോദ്ധ്യപ്പെടുത്തുവിൻ! അദ്ധ്യാപകന്മാർക്ക് ഐകമത്യമില്ലാത്തതുകൊണ്ടാണ്, ഫണ്ടില്ലാത്തതുകൊണ്ടാണ്, അവരുടെ അഭിവൃദ്ധിക്കായി പരിശ്രമിക്കുവാൻ ആളില്ലാതെ വന്നിരിക്കുന്നതെന്നുള്ള അപഖ്യാതിയുണ്ടാകാതിരിക്കുവിൻ! നിങ്ങളുടെ സകല പരിശ്രമങ്ങൾക്കും മംഗളമുണ്ടാകട്ടെ!! *

# വില്യം ഷേക്സ്പിയർ

(ജീവചരിത്രസംക്ഷേപം.)

[ആർ. പത്മനാഭപിള്ള ബി. എ., ബി. എൽ.]

"ആംഗ്ലേയഭാഷയിലെന്നുമാത്രമല്ല, ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ അക്ഷയഭാസ്സോടുകൂടി പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഒരുജ്ജ്വലജ്യോതിസ്സാണു വില്യം ഷേക്സ്പിയർ" എന്നു ഹെൻറിഹില്ലം എന്ന ചരിത്രകാരൻ പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ സുപ്രശസ്തനായ ഈ കവികോകിലത്തിൻെറ ജീവചരിത്രത്തെപ്പററി നമുക്കുള്ള അറിവു കേവലം പരിമിതമാണെന്നു സമ്മതിയ്ക്കാതെ നിവൃത്തിയില്ല. ആധുനികകാലങ്ങളിൽ ചെയ്തുവരുന്നതനുസരിച്ചു ഷേക്സ്പിയർ ഡയറി എഴുതി സൂക്ഷിക്കുകയൊ, ബന്ധുക്കൾക്കും സുഹൃത്തുകൾക്കും ധാരാളമായി എഴുത്തുകളെഴുതിയയക്കുകയൊ ചെയ്തിരുന്നില്ല. മഹാകവി മിൽട്ടനെപ്പോലെ രാഷ്ട്രീയകാര്യങ്ങളിൽ അസാമാന്യമായ അഭിരുചിയൊ, എഡ്മണ്ട്സ്പെൻസർക്കുണ്ടായിരുന്ന സുഹൃത്സമ്പത്തൊ അദ്ദേഹത്തിനുണ്ടായിരുന്നില്ല. മററുള്ളവരുടെ വേഷം ധരിച്ചു പൊതുജനങ്ങളുടെ മുമ്പിൽ അഭിനയിക്കുന്ന ഒരു നടൻെറ തൊഴിലായിരുന്നു അദ്ദേഹം പ്രധാനമായി സ്വീകരിച്ചതു്. തൻെറ തൊഴിലിൽ സദാ ബദ്ധശ്രദ്ധനായിരുന്ന ഷേക്സ്പിയർക്ക് സ്നേഹിതന്മാരുമായി സംഭാഷണങ്ങളിലേർപ്പെടുന്നതിനുള്ള സന്ദർഭസൗകര്യങ്ങൾ ഏറെക്കുറെ ദുർല്ലഭങ്ങളുമായിരുന്നു. അദ്ദേഹം എഴുതിയിട്ടുള്ള എഴുത്തുകളൊ, അദ്ദേഹത്തിൻെറ സംഭാഷണങ്ങളുടെ സംക്ഷേപമൊ യാതൊന്നുംതന്നെ സൂക്ഷി

* പറവൂർ താലൂക്ക് പ്രൈവററുസ്കൂൾ അദ്ധ്യാപകസമ്മേളനത്തിൽ നടത്തിയ അദ്ധ്യക്ഷപ്രസംഗം.

യ്യപ്പെട്ടിട്ടില്ല. മഹാനായ ഈ കവിവര്യന്റെ ജീവചരിത്രത്തെപ്പററി സൂക്ഷ്മമായി നമുക്കറിവുള്ള സംഗതികളേതെല്ലാമെന്നു നമുക്കു് ഇനി വിചിന്തനംചെയ്യാം.

16-ാംശതാബ്ദത്തിന്റെ പ്രാരംഭത്തിൽ ആവൺനദീതീരത്തുള്ള സ്ട്രാററ്ഫോർഡ്ഡ് എന്ന സ്ഥലത്തുനിന്നും ഉദ്ദേശം മൂന്നു നാലു മൈൽ അകലെ വാർവിക്ക്റോഡിൽ സ്നിററർഫീൽഡ് എന്ന സ്ഥലത്തു റിച്ചേർഡ്ഡ് ഷേക്സ്പിയർ എന്ന ഒരു കൃഷീവലൻ റാബർട്ട്ആർഡന്റെ വക ഒരു പുരയിടത്തിൽ താമസിച്ചുവന്നിരുന്നു. റിച്ചേർഡ്ഡ്ഷേക്സ്പിയർ ഈ സ്ഥലം ആർഡന്റെ പക്കൽനിന്നും പാട്ടത്തിനേററു വാങ്ങുകയും ആണ്ടുതോറും ശരിയായി പാട്ടം കൊടുക്കുകയും ചെയ്തുവന്നു. കാലക്രമേണ ഇദ്ദേഹത്തിനു ജാൺ, ഹെൻറി എന്നു പേരുള്ള രണ്ടു സന്താനങ്ങളുണ്ടായി. മൂത്ത പുത്രനായ ജാൺ 1551-ൽ അച്ഛന്റെ കൃഷിസ്ഥലത്തുനിന്നും സ്ട്രാററ്ഫോർഡ്ഡ്നഗരത്തിൽ പോയി ആ പട്ടണത്തിന്റെ ഒരു പ്രധാന വീഥിയായ ഹെൻലിസ്ട്രീററിൽ കച്ചവടം ചെയ്തു താമസമുറപ്പിച്ചു. ചില അവസരങ്ങളിൽ ധാന്യങ്ങളും, ചിലപ്പോൾ തുകൽ, കമ്പിളി മുതലായ സാധനങ്ങളുമായിരുന്നു ജാൺ കച്ചവടം ചെയ്തിരുന്നതു്.

ജാൺഷേക്സ്പിയരുടെ കച്ചവടം ക്രമമായി അഭിവൃദ്ധിപ്രാപിച്ചു തുടങ്ങി. 1556-ൽ താൻ കച്ചവടം ചെയ്തിരുന്ന സ്ഥലവും, അതോടൊന്നിച്ചു തൊട്ടുകിടന്നിരുന്ന ഒരു പുരയിടവും, ഗ്രീൻഹിൽ സ്ട്രീററിലുള്ള മറെറാരു കെട്ടിടവും ജാൺ വിലയ്ക്കുവാങ്ങി. തന്റെ അച്ഛന്റെ കൃഷിസ്ഥലത്തിന്റെ ഉടമസ്ഥനായ റാബർട്ട്ആർഡന്റെ പുത്രി മേരിയെ 1557-ൽ ജാൺ വിവാഹം കഴിച്ചു. അച്ഛൻ റാബർട്ട്ആർഡന്റെ മരണശേഷം മേരിക്കു പിതാവിന്റെവക 60 ഏക്കർ പുരയിടവും, കുടുംബം വകയായി ഇതരഭൂസ്വത്തുക്കളും ലഭിക്കുകയും, ദമ്പതിമാർ സുഖമായി കാലയാപനം ചെയ്തുവരുകയും ചെയ്തു.

ജാൺഷേക്സ്പിയർ നഗരവാസികളുടെ വിശ്വാസത്തിനും, ബഹുമാനത്തിനും പാത്രമാകത്തക്കവണ്ണം പെരുമാറിവന്നു. നഗരനിവാസികൾക്കു് അദ്ദേഹത്തിലുള്ള അളവററ ഭക്ത്യാദരങ്ങളുടെ ഫലമായി സ്ട്രാററ്ഫോർഡ്ഡിലെ മേയർ എന്ന ബഹുമതി അദ്ദേഹത്തിനു സിദ്ധിച്ചു. പൊതുക്കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചുകൊണ്ടു ക്രമപ്രവൃദ്ധമായ ഒരു ജീവിതം ജാൺഷേക്സ്പിയർ നയിച്ചുകൊണ്ടിരുന്നു.

ജാൺഷേക്സ്പിയരുടേയും, അദ്ദേഹത്തിന്റെ പ്രിയപത്നി മേരിയുടേയും ആദ്യത്തെ രണ്ടു സന്താനങ്ങളും ചെറുപ്പത്തിൽതന്നെ മരിച്ചുപോയി. അവരുടെ തൃതീയപുത്രൻ—പിന്നീടു് ആംഗ്ലേയഭാഷാസാഹിത്യത്തി

ലെ പ്രശസ്തകവിയായി പരിലസിച്ച—വില്യംഷേക്സ്പിയർ 1564 ഏപ്രിൽമാസം 23-ാനു- ഭൂലോകജാതനായി. ഏപ്രിൽ 26-നു- സ്ട്രാറ്റ്ഫോർഡ് പള്ളിയിൽ വച്ചാണു ശിശുവിൻെറ നാമകരണകമ്മം നിവ്ഹിയ്ക്കപ്പെട്ടതു്. വില്യംഷേക്സ്പിയറുടെ ജനനശേഷം ജാണിനു രണ്ടു പുത്രികളും, മൂന്നു പുത്രന്മാരും കൂടി ഉണ്ടായി. അതിൽ ആൻ എന്ന പുത്രി ചെറുപ്പത്തിൽതന്നെ ഇഹലോകവാസം വെടിഞ്ഞു.

ഷേക്സ്പിയറുടെ ബാല്യദശയെപ്പററി നമുക്കറിവുള്ള വിവരങ്ങൾ തുലോം ദുർല്ലഭമാണ്. 7-ാമത്തെ വയസ്സുമുതൽ 14-ാമത്തെ വയസ്സുവരെ സ്ട്രാററ്ഫോർഡിലുള്ള ഗ്രാമർസ്കൂളിൽ ഷേക്സ്പിയർ വിദ്യയഭ്യസിച്ചു. അച്ഛൻ നഗരത്തിലെ മേയറായ സ്ഥിതിയ്ക്കും, അമ്മ സൽഗുണസമ്പത്തിയും, സംസ്കാരവുമുള്ള ഒരു മഹതിയായിരുന്ന സ്ഥിതിയ്ക്കും അവരുടെ പ്രിയപുത്രനെ വിദ്യാലയത്തിലയച്ചു പഠിപ്പിച്ചുവെന്നനുമാനിക്കുന്നതിൽ ലേശവും അബദ്ധമില്ല. ഈ വിദ്യാലയത്തിൽവച്ചു വില്യംഷേക്സ്പിയർ ലാററിൻഭാഷയിൽ സാമാന്യമായ പരിജ്ഞാനം സമ്പാദിച്ചു. ഒരു പ്രധാന ലാററിൻഗ്രന്ഥകാരനായ ഓവിഡിനെപ്പററി ഷേക്സ്പിയക്കുള്ള ജ്ഞാനത്തിന് അദ്ദേഹത്തിൻെറ ആദ്യകാലത്തുള്ള കൃതികൾതന്നെ ഉത്തമസാക്ഷ്യം വഹിക്കുന്നു.

യുവാവായ വില്യംഷേക്സ്പിയക്കു സിദ്ധിച്ച പ്രധാനവിദ്യാഭ്യാസം പ്രകൃതിയിൽനിന്നുതന്നെയായിരുന്നു. അദ്ദേഹത്തിൻെറ ബാലഹൃദയത്തിനു പ്രകൃതി വികാസതയും വിശാലതയും നല്കി. വാർവിക്ക്ഷയറിലെ മനോഹരമായ മൈതാനങ്ങളും, വനാന്തരങ്ങളും, വെൽക്കോംബിലെ കുന്നുകളും, ഗിരിതടങ്ങളും "മനസ്സാന്തി പാൽപ്പുഴപോലെ മന്ദമൊഴുകുന്ന" ആവൺനദിയും, രമണീയങ്ങളായ മററു പല പ്രകൃതിവിശേഷങ്ങളും ഷേക്സ്പിയരുടെ ഹൃദയത്തെ ആഹ്ലാദിപ്പിച്ചുകൊണ്ടിരുന്നു. തൻെറ സഹോദരിയായ ജോവിനേയും സഹോദരന്മാരായ ജിൽബർട്ട്, റിച്ചേർഡ് എന്നിവരേയും ഷേക്സ്പിയർ സ്നേഹിച്ചു വരികയും നാട്ടിൻപുറങ്ങളിലുള്ള സവാരികളിൽ അവരുടെ മേൽനോട്ടം വഹിയ്ക്കുകയും ചെയ്തുവന്നു. സ്നിററർഫീൽഡിലുള്ള അവരുടെ അച്ഛൻെറ കൃഷിസ്ഥലം അക്കാലത്ത് അവരുടെ അമ്മാവൻഹെൻറിയുടെ കൈവശമായിരുന്നു. സഹോദരന്മാരൊരുമിച്ച് ഒഴിവുദിവസങ്ങളിൽ വിശ്രമത്തിനായി ബാലനായ ഷേക്സ്പിയർ സ്നിററർഫീൽഡിൽ പോകുക പതിവായിരുന്നു. കാലക്രമേണ അച്ഛൻെറ കൃഷിസ്ഥലം മാത്രമല്ല, അമ്മയുടെ സ്വന്തസ്ഥലമായ ആഷ്ബിയും ഷാട്ടറിയിലുള്ള ഹാതാവേയുടെ കൃഷിസ്ഥലങ്ങളും ഷേക്സ്പിയക്ക് സുപരിചിതമായിത്തീൻ. നാട്ടിൻപുറത്തുള്ള ജനങ്ങളും, അവരുടെ ജീവിതരീതിയും അദ്ദേഹത്തിൻെറ ബാലഹൃദയത്തിൽ ഒരു ശാശ്വതസ്ഥാനം കൈവശപ്പെടുത്തി.

"ഇളതാംചിത്തവും വെള്ളക്കടലാസും സമാനമാം
പതിയും രണ്ടിലും നേരേയെഴുതുന്നവയൊക്കെയും"

എന്നൊരു കവി പറഞ്ഞിരിക്കുന്നതു് ഏറെക്കുറെ വാസ്തവംതന്നെ. ഷേക്സ്പിയർ നിവസിച്ച സ്ഥലത്തിനു ചുററുമുള്ള രമ്യമായ ഭൂപ്രകൃതിയും മററു പ്രകൃതിവിശേഷങ്ങളും, നാട്ടിൻപുറത്തുകാരുമായുള്ള സമ്പർക്കവും, അവരുടെ ജീവിതക്രമങ്ങളും, ചെറുപ്പകാലത്തിൽ അദ്ദേഹത്തിൻെറ മനസ്സിൽ പതിഞ്ഞതു് അദ്ദേഹത്തിൻെറ പല കൃതികളും വ്യക്തമാക്കുന്നുണ്ടു്. ഒരു ശ്രേഷ്ഠകവിയായിത്തീരുന്നതിനു പ്രകൃതിസൗന്ദര്യം ഷേക്സ്പിയരെ ഏറെക്കുറെ സഹായിച്ചുവെന്നും പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ലെന്നു നിസ്സംശയം പ്രസ്താവിക്കാം.

ഷേക്സ്പിയർ വിദ്യാലയത്തിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തു ലണ്ടനിലെ ചില നാടകക്കമ്പനിക്കാർ സ്ട്രാറ്റ്ഫോർഡിൽ ചെന്നു നാടകം കളിയ്ക്കുന്നതിനു സംഗതിയായി. ഷേക്സ്പിയർ അവരുടെ നാടകം കാണുന്നതിനു കൂടക്കൂടെ പോകുകയും ചെയ്തിരുന്നു. ഈ നടന്മാരുമായുള്ള സാഹചര്യം ഷേക്സ്പിയർക്കു നടനകലയിൽ അഭിരുചിയുണ്ടാക്കുന്നതിനും, കാലക്രമേണ അദ്ദേഹത്തെ ഒരുനടനാക്കിത്തീർക്കുന്നതിനും ഏറെക്കുറെ സഹായിച്ചു.

വില്യം ഷേക്സ്പിയറുടെ വിദ്യാഭ്യാസം അദ്ദേഹത്തിൻെറ പതിനാലാമത്തേയൊ, പതിനഞ്ചാമത്തേയൊ വയസ്സിൽ അവസാനിച്ചു. അച്ഛൻെറ ധനസംബന്ധമായ വൈഷമ്യങ്ങളും കഷ്ടപ്പാടുകളും പുത്രൻെറ വിദ്യാഭ്യാസം തുടൎന്നുകൊണ്ടുപോകുന്നതിനു വിഘാതമായി വന്നുവെന്നാണു് പൊതുവെയുള്ള വിശ്വാസം. വളരെ ചെറുപ്പത്തിൽതന്നെ സർവ്വകലാശാലയിൽചെന്നു പഠിക്കുവാൻ അക്കാലത്തു സൗകര്യമുണ്ടായിരുന്നതുകൊണ്ടു് ഈ വിശ്വാസം ശരിയായ അടിസ്ഥാനത്തിന്മേലാണോ നില നില്ക്കുന്നതെന്നുള്ള കാര്യം സംശയാസ്പദമാണു്. ഏതായാലും അക്കാലം പിതാവായ ജാൺഷേക്സ്പിയർക്കു് കഷ്ടപ്പാടുകൾ ധാരാളമായുണ്ടായിരുന്ന ഒന്നായിരുന്നുവെന്നുള്ളതു് അവിതർക്കിതമാണു്.

തൻെറ കച്ചവടം പല ശാഖകളിലായി തുടൎന്നതുകൊണ്ടോ, ധാരാളമായ ചിലവുകൾകൊണ്ടോ, ജാൺഷേക്സ്പിയർക്കു ധനദൗർല്ലഭ്യംകൊണ്ടു് അസാധാരണമായി ബുദ്ധിമുട്ടേണ്ടതായും പല അവസരങ്ങളിലും അദ്ദേഹത്തിനു നീതിന്യായകോടതികളെ അവലംബിയ്ക്കേണ്ടതായും വന്നു. ഇതിനും പുറമെ 1578-ൽ അദ്ദേഹം ഭാൎയ്യയുടെവക ആഷ്ബിയിലുള്ള പുരയിടങ്ങൾ ഭാൎയ്യാസഹോദരനായ എഡ്മണ്ഡ്ലാംബർട്ടിനു് പണയപ്പെടുത്തുകയും, സ്നിററർഫീൽഡിലുള്ള പുരയിടങ്ങളിൽ ഭാൎയ്യയ്ക്കുണ്ടായിരുന്ന അവകാശം അനന്തിരവനായ റാബർട്ട് വെബ്ബിൻെറപേൎക്കു തീറുകൊടുക്കുകയും ചെയ്തു.

ഷേക്സ്പിയർ ആക്സ്ഫോർഡിലോ, കേംബ്രിഡ്ജിലോ ഉള്ള സർവ്വകലാശാലകളിൽ പ്രവേശിച്ച് അഭ്യസനം തുടൎന്നിരുന്നുവെങ്കിൽ അദ്ദേഹത്തിൻെറ സമകാലീനന്മാരായ ബേക്കണെപ്പോലെ ഒരു പ്രസിദ്ധ അഭിഭാഷകനായൊ, ബിഷപ്പ് ആൻഡ്രൂസിനെപ്പോലെ ഒരുപ്രസിദ്ധ മതപ്രാസംഗികനായൊ, ജീവിതരംഗത്തിൽ പ്രവേശിക്കുന്നതിനും തദ്വാരാ ആംഗ്ലേയഭാഷയ്ക്കുന്നല്ലാ, ലോകത്തിനുതന്നെ ഒരു മഹാകവിയെ നഷ്ടപ്പെടുന്നതിനും സംഗതിവരുമായിരുന്നു. എന്നാൽ പരിതസ്ഥിതികൾ അദ്ദേഹത്തിൻെറ ജീവിതം ഒരു നടൻേറതും, നാടകകൎത്താവിൻേറതുമാക്കിത്തീൎത്തു.

ചെറുപ്പകാലംമുതൽക്കുള്ള തൻെറ ഷാട്ടറിയിലേക്കുള്ള നിരവധി സന്ദൎശങ്ങളുടെ ഫലമായി യുവാവായ വില്യംഷേക്സ്പിയർ 1582-ൽ അദ്ദേഹത്തെക്കാൾ എട്ടുവയസ്സ പ്രായക്കൂടുതലുണ്ടായിരുന്ന ആൻഹാതാവേ എന്ന തരുണീരത്നത്തെ വിവാഹം കഴിച്ചു. ആൻഹാതാവേ സൗശീല്യസൽഗുണങ്ങൾ നിറഞ്ഞ ഒരു യുവതിയായിരുന്നു എന്നു വിശിഷ്യ പ്രസ്താവിക്കേണ്ടതില്ലല്ലൊ. ഷേക്സ്പിയറുടെ പ്രഥമസന്താനമായ സൂസന്ന 1583 മേമാസത്തിൽ ഭൂലോകജാതയായി.

വിവാഹം കഴിഞ്ഞതിനുശേഷവും, ഷേക്സ്പിയർ അദ്ദേഹത്തിൻെറ പിതൃഗൃഹത്തിൽ പിതാവിനെ ആശ്രയിച്ചു തന്നെയാണു ജീവിതം നയിച്ചുവന്നതു്. 1585-ൽ ഷേക്സ്പിയൎക്കു ഹാംനററ്, ജൂഡിത്ത് എന്ന രണ്ടു കുട്ടികൾക്കൂടി ഉണ്ടായി. ധനദൌർല്ലഭ്യം നിമിത്തം ക്ലേശം അനുഭവിച്ചുവന്നിരുന്ന ജാൺഷേക്സ്പിയറുടെ കുടുംബച്ചെലവുകൾ വൎദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. പ്രത്യേകം ആദായമാൎഗ്ഗങ്ങൾ ഒന്നുംതന്നെ ഇല്ലാതിരുന്നതുകൊണ്ടു വില്യംഷേക്സ്പിയൎക്കും തൻെറ പിതാവിനെ സഹായിയ്ക്കുന്നതിനു നിവൃത്തിയുമില്ലായിരുന്നു. ജാൺഷേക്സ്പിയറെ ഈ ഘട്ടത്തിൽ നിൎദ്ധനനാക്കി സ്ഥാപിച്ചു. ഇതോടുക്കൂടി അദ്ദേഹത്തിനു പൊതുക്കാൎയ്യങ്ങളിലുള്ള പ്രസക്തി വളരെ കുറയുകയും കൌൺസിൽ മീററിങ്ങുകളിൽ സംബന്ധിയ്ക്കാതെ വന്നതുകൊണ്ടു നഗരത്തിലെ അദ്ദേഹത്തിൻെറ ആൾഡർമാൻസ്ഥാനം നഷ്ടപ്പെട്ടുപോകുകയും ചെയ്തു.

കുടുംബകാൎയ്യങ്ങൾ അന്വേഷിക്കുന്നതിനും, കുടുംബാംഗങ്ങളെ സംരക്ഷിക്കുന്നതിനും ചുമതലക്കാരനായ വില്യംഷേക്സ്പിയൎക്കു് 22 വയസ്സ പ്രായമായെങ്കിലും, അദ്ദേഹത്തിൻെറ ഒരു പ്രസിദ്ധ കഥാപാത്രമായ ഹാൾ രാജകുമാരനെപ്പോലെതന്നെ സ്വഭാവവൈരൂപ്യത്തോടെ തൻെറ കൂട്ടുകാരുമായി അദ്ദേഹം കളിച്ചു നടന്നുകൊണ്ടിരുന്നു. അന്യന്മാരുടെ തോട്ടങ്ങളിൽപോയി മാനിനെ ഓടിച്ചു പിടിയ്ക്കുന്ന കളിയിൽ അദ്ദേഹത്തിനു

വളരെ ഇഷ്ടമുണ്ടായിരുന്നു. ഇപ്രകാരം ചെയ്തതിനു യുവാവായ ഷേക്സ്പിയൎക്കു ഒരവസരത്തിൽ സർ താമസ്ലൂസി പിഴശിക്ഷ നൽകുകയുണ്ടായി. ഈ വിഷയത്തെ ആസ്പദമാക്കി ആക്ഷേപസൂചകമായ ഒരു കവിത നിൎമ്മിയ്ക്കുകയും അതു സർ താമസ്ലൂസിയെ ഏറെക്കുറെ അസഹ്യപ്പെടുത്തുകയും ചെയ്തു.

ആകപ്പാടെ ഷേക്സ്പിയറുടെ സ്ട്രാറ്റ്ഫോർഡിലുള്ള താമസം തീരെ സുഖശൂന്യമായ ഒന്നായിത്തീൎന്നു. പിതാവിന്റെ ധനദൗർലഭ്യവും, കുടുംബക്ലേശവും നാൾക്കുനാൾ വൎദ്ധിച്ചുകൊണ്ടിരുന്നു. 1587-ൽ സ്ട്രാറ്റ്ഫോർഡ് നഗരം മൂന്ന് നാടകക്കമ്പനിക്കാർ സന്ദൎശിക്കുന്നതിനിടയായി. ജെയിംസ് ബർബേജ്, ഹെമിംങ്, ഗ്രീൻ എന്ന പേരുള്ള മൂന്ന് സ്ട്രാറ്റ്ഫോർഡ് നഗരനിവാസികൾ അതിൽ ഒരു കമ്പനിയിൽ ഉൾപ്പെട്ടിരുന്നു. ഇവരോടൊന്നിച്ച്, ആ നഗരത്തിലെ ജീവിതം അത്ര സുഖപ്രദമല്ലാതിരുന്നതിനാൽ യുവാവായ വില്യംഷേക്സ്പിയർ ജീവിതമാൎഗ്ഗമന്വേഷിച്ചു ലണ്ടനിൽ ചെന്നുചേൎന്നു.

1589-ാമാണ്ടു ജാൺ ഷേക്സ്പിയറുടേയും, പുത്രൻ വില്യംഷേക്സ്പിയരുടേയും നാമധേയങ്ങൾ, ആഷ്ബിയിലെ വസ്തുക്കളുടെ പണയക്കാരനായ എഡ്മണ്ഡ്ലാംബട്ടിന്റെ മകൻ ജാൺ ലാംബട്ട് കൊടുത്ത ഒരു വ്യവഹാരത്തിൽ കാണുന്നുണ്ടു്. 1585മുതൽ 1592വരെ വില്യംഷേക്സ്പിയറെപ്പറ്റി നമുക്ക് ഇത്രമാത്രമെ അറിവുള്ളു. ഇക്കാലത്തു് അദ്ദേഹത്തിന്റെ ഭാൎയ്യയും, സന്താനങ്ങളും മിയ്ക്കസമയങ്ങളിലും പിതൃഗൃഹത്തിൽ തന്നെയാണു കഴിച്ചുകൂട്ടിയിരുന്നതു്. കഷ്ടപ്പെട്ടു ജീവിതം നയിച്ചുവന്ന ജാൺഷേക്സ്പിയറെ 1587ൽ ഒരു പ്രാവശ്യം വിധികടത്തിനുവേണ്ടി അറസ്റ്റുചെയ്യുകയും ജയലിൽ താമസിപ്പിയ്ക്കുകയും ചെയ്തിട്ടുണ്ടു്.

## ടൎക്കിയിലെ വിദ്യാഭ്യാസപരിഷ്കാരം.

(എൻ. പി. മാരാർ.)

സാമാന്യജനങ്ങൾ നിരക്ഷരകുക്ഷികളായി, അന്ധവിശ്വാസികളായി, അനാചാരനിരതന്മാരായി, ദാസദാസന്മാരായി വൎത്തിക്കുന്നിടത്തോളംകാലം ഏതൊരു രാജ്യത്തിലും പരിഷ്കാരമൊ അഭിവൃദ്ധിയൊ ഉണ്ടാകുന്നതല്ല. ഈ തത്വം നല്ലപോലെ മനസ്സിലാക്കിക്കൊണ്ടാണു് ആധുനിക

ടക്കിയുടെ രക്ഷിതാവായ കെമാൽപാഷ, അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ സഹായസഹകരണങ്ങളോടുകൂടി, ഉൗർജ്ജിതമായ പ്രചരണവേല ചെയ്തും ജനസാമാന്യത്തെ സംഘടിപ്പിച്ചും നിരന്തരമായി പ്രവൎത്തിച്ചും ടക്കിയിൽ ജനപ്രഭുത്വഭരണം സംസ്ഥാപിച്ചതു്. തൽഫലമായി സുൽത്താൻെറ ഏകച്ഛത്രാധിപത്യവും, മുല്ലാമാരുടെ മതഭ്രാന്തും, ജനങ്ങളുടെ അന്ധവിശ്വാസങ്ങളും പമ്പകടന്നിരിക്കുന്നു. ഘോഷാസ്ത്രീകൾ മൂടുപടം വലിച്ചെറിഞ്ഞു പുരുഷന്മാരോടൊപ്പം സകല കാൎയ്യങ്ങളിലും പരിപൂൎണ്ണസ്വാതന്ത്ര്യം അനുഭവിക്കുന്നു. മതവിശ്വാസം അവനവൻെറ അനുഭവത്തിനും യുക്തിക്കും ചേൎന്നപടി ആകാമെന്നു വന്നിരിക്കുന്നു. സാമാന്യജനങ്ങളുടെ ഇടയിൽ സാമ്പത്തികവും, സാമുദായികവുമായി അനല്പമായ അഭിവൃദ്ധിയുണ്ടായിരിക്കുന്നു. സൎവ്വതോമുഖമായ ഈ ഉല്ക്കൎഷത്തെ നിലനിൎത്തണമെങ്കിൽ കാലാനുകൂലമായ വിദ്യാഭ്യാസപരിഷ്കാരം നടപ്പിലാക്കണമെന്നു കെമാൽപാഷ നിശ്ചയിച്ചുറച്ചു.

തൽഫലമായി വിദ്യാലയങ്ങളുടെ സംഖ്യ പൂൎവ്വാധികം വൎദ്ധിപ്പിക്കുന്നതിലും, ഗവണ്മെണ്ടിൽനിന്നു നേരിട്ടു ധനസഹായം ചെയ്യുന്നതിലും, സ്ത്രീവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിലും, അഭ്യസ്ഥവിദ്യരായ സ്ത്രീജനങ്ങളെ ഉദ്യോഗം നല്കിപ്രോത്സാഹിപ്പിക്കുന്നതിലും, ഭരണാധികാരികൾ ഏററവും ശ്രദ്ധാലുക്കളായിരിക്കുന്നു. കാൺസ്റ്റാൻറിനോപ്പിൾപ്രാവിൻസിൽമാത്രം 56 പ്രൈമറിസ്കൂൾളുകൾ പുതിയതായി പണിചെയ്തിട്ടുണ്ടു. അവയിൽ പകുതിയും നഗരത്തിൽത്തന്നെയാണു് സ്ഥിതിചെയ്യുന്നതു്. വിപ്ലവാനന്തരം ടക്കിയിൽ വിദ്യാൎത്ഥിവിദ്യാൎത്ഥിനികളുടെ സംഖ്യ അസാമാന്യമായി വൎദ്ധിച്ചിരിക്കുന്നു. അനുദിനം ഭയങ്കരമായി വൎദ്ധിച്ചുകൊണ്ടിരിക്കുന്ന ജീവിതസമരത്തിൽ സാമൎത്ഥ്യവും ത്രാണിയും ഉളവാകത്തക്കവണ്ണം പരിശീലനം നൽകുവാൻ തല്ക്കാലമുള്ള സ്കൂളുകൾ മതിയാകയില്ലെന്നു ബോദ്ധ്യം വന്നതിനാലാണു് പുതിയതായി സ്കൂളുകൾ പണിയിച്ചതു്.

ടക്കിയിലെ ജനപ്രഭുത്വഭരണം കാലിഫിൻെറ സ്വേച്ഛാധികാരത്തേയും പുരോഹിതന്മാരുടെ പ്രാബല്യത്തേയും നശിപ്പിച്ചു. മതസംബന്ധവും സമുദായപരവുമായ അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും നാടുകടത്തി. ജനങ്ങളിൽ മതഭ്രാന്തും സങ്കുചിതബുദ്ധിയും പുലൎത്തുന്ന മതപാഠശാലകളെ വേണ്ടെന്നുവെച്ചു. നിലവിലിരിക്കുന്ന മതാദ്ധ്യായനംമൂലം ജനസാമാന്യത്തിൻെറ ഭൌതികാഭിവൃദ്ധിക്കു പറയത്തക്ക യാതൊരു പ്രയോജനവും ഇല്ലാതായി. എന്നുമാത്രമല്ല അഭ്യസ്തവിദ്യരായ അല്പപക്ഷക്കാൎക്കു നിരക്ഷരകുക്ഷികളും പശുപ്രായന്മാരുമായ ബഹുജനങ്ങളുടെമേൽ കുതിര കയറുവാൻ മാത്രമെ പഴയ വിദ്യാഭ്യാസപദ്ധതി പൎയ്യാപ്തമായിരുന്നൊ

ള്ളു. നേരെമറിച്ചു് ഇപ്പോഴാകട്ടെ ടർക്കിയിൽ ആകപ്പാടെ രണ്ടോ മൂന്നോ വേദാദ്ധ്യയനശാലകൾ മാത്രമെ ഉള്ളു. ഇവ പുരോഹിതന്മാർക്ക് മാത്രമായിട്ടാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അവിടെ പ്രാഥമികവിദ്യാഭ്യാസം സൌജന്യവും നിർബന്ധിതവും ആക്കിയിരിക്കുന്നു. ടർക്കിയിലെ വിദ്യാഭ്യാസാദർശം ഭൌതികാഭിവൃദ്ധിയും ശാസ്ത്രീയപര്യവേക്ഷണവും ആണു. സാമുദായികാചാരങ്ങളിൽ മദ്ധ്യകാലങ്ങളിലെ അന്ധവിശ്വാസത്തിനും അനാചാരത്തിനും യാതൊരു വിലയും നിലയും ഇല്ലാതായിട്ടുണ്ടു്. ഓരോ പൌരനും അവനവന്റെ യുക്തിക്കും അനുഭവത്തിനും യോജിച്ച മതവിശ്വാസം ഉണ്ടായിരുന്നാൽ മതി. പരലോകത്തിലും സ്വർഗ്ഗനരകങ്ങളിലും ആത്മാവിന്റെ അനശ്വരത്വത്തിലും ഈശ്വരസത്തയിലും ലേശംപോലും വിശ്വാസമില്ലാത്ത നിരീശ്വരന്മാർ ഉണ്ടായിക്കൊള്ളട്ടെ. അക്കാര്യത്തിൽ രാജ്യഭരണമേധാവികൾ തലയിടാറില്ല.

മതത്തിന്റെ കെട്ടുപാടുകളിൽ കുടുങ്ങിക്കിടക്കാതെ ഓരോ പൌരനും ചിന്താസ്വാതന്ത്ര്യത്തോടുകൂടി ആധുനികശാസ്ത്രീയതത്വങ്ങളും ആശയങ്ങളുംസ്വീകരിച്ചു ജനങ്ങൾ പ്രതിബന്ധമെന്യേ അഭിവൃദ്ധി പ്രാപിച്ചാൽ മാത്രമെ തുർക്കികൾക്കു പരിഷ്കൃതരാജ്യങ്ങളിലെപോലെ ഉന്നതനിലയിൽ പരിലസിക്കുവാൻ സാധിക്കയൊള്ളു എന്നു ഭരണാധികാരികൾക്കുനല്ലപോലെഅറിയാം. സ്ത്രീജനങ്ങൾ കേവലം ഭർത്താക്കന്മാരുടെ അടിമകളായിവർത്തിക്കാതെഗൃഹറാണികളായി പരിശോഭിക്കുകയും, സാമ്പത്തികവും, സാമുദായികവും, രാഷ്ട്രീയവും ആയ കാര്യങ്ങളിൽ പുരുഷന്മാരോടു വേണ്ടവണ്ണം സഹകരിക്കയും ചെയ്യുന്നമെങ്കിൽ അവർക്കു ശരിയായ വിദ്യാഭ്യാസം അപരിത്യാജ്യമാണു്. ഏറ്റവും പുതിയ കണക്കുകളനുസരിച്ചുള്ള ടർക്കിയിലെ വിദ്യാഭ്യാസറിപ്പോർട്ടിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

7367 പ്രൈമറിവിദ്യാലയങ്ങൾ— 476860 വിദ്യാർത്ഥികൾ.
29 സെക്കൻഡറിവിദ്യാലയങ്ങൾ-- 94525 ,,
23 വിദ്യാലയങ്ങൾ—അദ്ധ്യാപകപരിശീലനത്തിനു്.
5200 വിദ്യാർത്ഥികൾ കൃഷിവാണിജ്യാദികളിൽ പ്രത്യേകപരിശീലനം സമ്പാദിക്കുന്നു.
230 വിദേശിയ വിദ്യാലയങ്ങളിൽ— 38000 വിദ്യാർത്ഥികൾ.

ഇതിനുംപുറമെ നിയമപരിശീലനം നൽകുന്നതിനായി അംഗോറയിൽ ഒരു “ലാക്കാളേജ്” സ്ഥാപിച്ചിട്ടുണ്ടു്.

വിദ്യാഭ്യാസവിഷയം പ്രത്യേകപ്രവിശ്യകളുടെ ചിലവിലും മേൽനോട്ടത്തിലും ആണെങ്കിലും അതിന്റെ നിയന്ത്രണം ഗവണ്മെണ്ടിൽതന്നെ സ്ഥിതിചെയ്യുന്നു. വിദ്യാലയങ്ങളും കലാലയങ്ങളും മുഖാന്തരമല്ലാതെ

പ്രായമായവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി രാജ്യമൊട്ടുക്കു വായനശാലകൾ സ്ഥാപിച്ചിട്ടുണ്ട്. അവക്കു ഗവൺമെണ്ടിൽനിന്നും ഉദാരമായ ധനസഹായവും നൽകിവരുന്നു. ജനപ്രഭുത്വഭരണം നടപ്പിൽ വരുന്നതിനുമുമ്പു ടക്കിയിലെ പ്രാഥമികവിദ്യാഭ്യാസം അറബിഭാഷയിലുള്ള 'കൊറാൻ' പഠിക്കുവാൻ മാത്രമായിരുന്നു ഉദ്ദേശിക്കപ്പെട്ടിരുന്നതു്. അർത്ഥം ശരിയായി ഗ്രഹിക്കാതെ പ്രാർത്ഥനകൾ നടത്തുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകയില്ലെന്നു കെമാൽപാഷ പൊതുജനങ്ങളെ ധരിപ്പിച്ചു. അതിനാൽ ടക്കിഭാഷതന്നെ പഠിക്കണമെന്നു നിശ്ചയിക്കയും ഏററവും എളുപ്പമുള്ള ഒരു പുതിയ അക്ഷരമാല നടപ്പിൽ വരുത്തുകയും ചെയ്തു. തന്മൂലം പ്രാഥമികവിദ്യാലയങ്ങളിലെ പാഠപദ്ധതിയിൽ പ്രയോജനകരങ്ങളായ പല പുതിയ വിഷയങ്ങളും ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടു്. അധികം താമസിയാതെതന്നെ ടക്കിയിൽ സർവ്വജനീനമായ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനും പരിഷ്കൃതങ്ങളായ മററു പാശ്ചാത്യരാജ്യങ്ങളോടു കിടനില്ക്കുന്നതിനും സാധിക്കുമെന്നുള്ളതിൽ ലേശംപോലും സംശയത്തിന് അവകാശമില്ല.

# ഭൂകമ്പം.

(ടി. സുധാകരൻ.)

"അഗ്നിപർവ്വതങ്ങൾ" എന്ന ലേഖനത്തിൽ അഗ്നിപർവ്വതങ്ങളും ഭൂകമ്പങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ഞാൻ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഈ ബന്ധം വളരെ വ്യക്തമായി കാണുന്നതു ജാപ്പാനിലാണ്. എന്നാൽ അഗ്നിപർവ്വതങ്ങളുടെ പരിസരപ്രദേശങ്ങളിലുണ്ടാകാറുള്ള ഭൂകമ്പങ്ങൾ മററു ഭൂകമ്പങ്ങളെ അപേക്ഷിച്ചു നിസ്സാരങ്ങളാകുന്നു. ഇന്ത്യയിലുണ്ടായിട്ടുള്ള ഭയങ്കരഭൂകമ്പങ്ങൾക്കു് അഗ്നിപർവ്വതങ്ങളുമായി യാതൊരുബന്ധവുമില്ല.

ഭൂകമ്പങ്ങളെ നിസ്സാരങ്ങളെന്നും ഇരട്ടകളെന്നും ഭയങ്കരങ്ങളെന്നും മൂന്നായി വിഭജിച്ചിട്ടുണ്ടു്. നിസ്സാരഭൂകമ്പത്തിൽ ചലനം സാവധാനത്തിൽ വർദ്ധിച്ചുവന്ന്, സാവധാനത്തിൽ അസ്തമിക്കുന്നു. ഇരട്ടഭൂകമ്പത്തിൽ ചലനം വീണ്ടും വീണ്ടുമുണ്ടാകുന്നു. ഭയങ്കരഭൂകമ്പങ്ങളുടെ ചലനങ്ങൾ യാതൊരുനിയമത്തേയും അനുസരിക്കുന്നവയല്ല. 1901-ലെ ഇൻവെർനസ്

ഭൂകമ്പം നിസ്സാരവും, 1903-ലെ ഡെർബി ഭൂകമ്പവും 1905-ലെ ഡോൺകാസ്റ്റർ ഭൂകമ്പവും 1906-ലെ സ്വാൻസിഭൂകമ്പവും ഇരട്ടകളും, 1891-ലെ മിനോവറി ഭൂകമ്പവും 1897-ലെ ആസ്സാം ഭൂകമ്പവും 1906-ലെ കാലിഫോർണിയാഭൂകമ്പവും 1934-ലെ ബീഹാർഭൂകമ്പവും ഭയങ്കരങ്ങളുമായിരുന്നു.

ഭൂകമ്പങ്ങൾ ഭൂമിയുടെ അന്തർഭാഗത്തിലുണ്ടാകുന്ന ചലനങ്ങളാകുന്നു. ഭൂകമ്പത്തിൻെറ ഉത്ഭവസ്ഥാനം പത്തു മൈൽകൂടെ താഴെ ആയിരിക്കുകയില്ലെന്നാണു ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ചിലർ മുപ്പതു മൈൽവരെ ആകാമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ഉത്ഭവസ്ഥാനത്തിൻെറ ആഴം കുറയുന്നതനുസരിച്ചു ഭൂകമ്പം കൂടുതൽ പ്രദേശങ്ങളെ ആക്രമിക്കുന്നു.

ചെറിയ ഭൂകമ്പങ്ങൾ പല കാരണങ്ങളാലും ഉണ്ടാകാം. അഗ്നിപർവ്വതക്ഷോഭം, ഭൂമിയുടെ അന്തർഭാഗത്തിലുള്ള ഒരു ഗുഹ ഇടിഞ്ഞു വീഴുക, മലയിടിഞ്ഞുവീഴുക, നീരാവിയുടെ ബഹിർഗമനം, സൂര്യചന്ദ്രന്മാരുണ്ടാക്കുന്ന ശക്തിയേറിയ വേലിയേററവും വേലിയിറക്കവും, ഇവയെല്ലാം ചെറിയ ഭൂകമ്പങ്ങളെ ഉണ്ടാക്കാറുണ്ട്.

ഹിമാലയാപർവ്വതം സാവധാനത്തിൽ ഉയരുന്നതിനാലാണ് ഉത്തരേന്ത്യയിൽ ഭൂകമ്പങ്ങളുണ്ടാകാറുള്ളതെന്നാണു ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. 1720-ൽ ഡൽഹിയിലും 1737-ൽ കൽക്കട്ടയിലും 1819-ൽ കച്ചിലും 1885-ൽ കാശ്മീരിലും 1897-ൽ ആസ്സാമിലും 1905-ൽ കാൻഗ്രയിലും 1934-ൽ ബീഹാറിലും ഇപ്രകാരം ഭൂകമ്പങ്ങളുണ്ടായിട്ടുണ്ട്. പൂർവ്വകാലങ്ങളിൽ—മനുഷ്യൻ അവതരിക്കുന്നതിന് അനേകായിരം സംവത്സരങ്ങൾക്കുമുമ്പു—ഇന്ത്യ, ആഫ്രിക്ക, ആസ്ട്രേലിയ, തെക്കെഅമേരിക്ക, അൻറാർട്ടിക്കയുടെ ചില ഭാഗങ്ങൾ എന്നീ രാജ്യങ്ങളെല്ലാം "ഗോണ്ഡവനാലാൻഡ്" എന്നൊരു മഹാഭൂഖണ്ഡത്തിൽ പെട്ടവയായിരുന്നു. ഈ മഹാഭൂഖണ്ഡത്തിന്നും ഉത്തരഭാഗത്തുണ്ടായിരുന്ന "അങ്കാറാലാൻഡ്" എന്ന മഹാഭൂഖണ്ഡത്തിന്നും മദ്ധ്യേ "ടെത്തീസ്" എന്നു പേരായ ഒരു സമുദ്രമുണ്ടായിരുന്നു. ഈ സമുദ്രത്തിൽനിന്നാണ് ഹിമാലയാപർവ്വതത്തിൻെറ ഉത്ഭവം. അറബിക്കടലിൻെറ അടിയിൽ ഇന്നു കിടക്കുന്ന ഗോണ്ഡവനാലാൻഡിൻെറ അവശിഷ്ടങ്ങളെ പണ്ഡിതാഗ്രേസരനും മഹാശാസ്ത്രജ്ഞനുമായ ആർ. ബി. സെയ്മൂർസീവെൽ പരിശോധിച്ചുവരുന്നുണ്ട്. ഓമൻ ഉൾക്കടലിലും സൊക്കോട്ട്രോറയുടെ പരിസരപ്രദേശത്തിലും അദ്ദേഹം ചില പർവ്വതങ്ങളെപ്പോലും കണ്ടിരിക്കുന്നുവത്രെ. ടെത്തീസിൽനിന്നു ഹിമാലയാപർവ്വതം ഉയർന്നു പർവ്വതനിർമ്മാണചലനങ്ങൾമൂലം അങ്കാറാലാൻഡും

ഗോണ്ടവനാലാൻഡും പരസ്പരം സമീപിച്ചപ്പോളായിരുന്നുവെന്നാണ കോബർ എന്ന ജമ്മൻ ശാസ്ത്രജ്ഞൻെറ അഭിപ്രായം. ഹിമാലയാപവ്തത്തിൻെറ ഉന്നമനം ഇനിയും അവസാനിപ്പിച്ചിട്ടില്ല. എന്ന് അവസാനിപ്പിക്കുമെന്നു കൃത്യമായി പറയുവാനും പ്രയാസമാണ്. ഉന്നമനം പൂണ്ണമായി അവസാനിപ്പിക്കുന്നതുവരെ ഉത്തരേന്ത്യയിൽ ഇടയ്ക്കിടയ്ക്കു ഭൂകമ്പങ്ങളുണ്ടാകുന്നതാണ്.

ചാറത്സ്ഡേവീസൺ തൻെറ "Origin of earthquakes" എന്ന പുസ്തകത്തിൽ 1897-ലെ ആസ്സാം ഭൂകമ്പത്തെ വണ്ണിച്ചിട്ടുണ്ട്. ഈ ഭൂകമ്പം 1755-ലെ സുപ്രസിദ്ധമായ ലിസ്ബൺ ഭൂകമ്പത്തോടു കിടപിടിക്കത്തക്കതായിരുന്നുവെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. ഈ ഭൂകമ്പം അഞ്ചു മൈൽതാഴെനിന്നായിരുന്നു ഉത്ഭവിച്ചതു്. ഈ ഭൂകമ്പമുണ്ടായതിന്നു ശേഷം ഗാറൊകുന്നുകൾ കുറച്ചു ഉയന്നുവെന്നുള്ളതു് അവിതക്കിതമാകുന്നു. ഗാറൊകുന്നുകളിലും ഖാസികുന്നുകളിലും അനവധി പുതിയ തടാകങ്ങളുണ്ടായി. ഈ ഭൂകമ്പത്തിന്ന് അനവധി ഉത്ഭവസ്ഥാനങ്ങളുണ്ടായിരുന്നുവെന്നുള്ളതാണ് ഒരു പ്രത്യേക വിശേഷത.

1934-ലെ ഭയങ്കരമായ ബീഹാർ ഭൂകമ്പം വരുത്തിയ കഷ്ടനഷ്ടങ്ങൾ വത്തമാനപ്പത്രങ്ങൾമുഖേന വായനക്കാർ അറിഞ്ഞിരിക്കുമെല്ലോ. ഡാക്റ്റർ ഫർമോർ, ഡാക്റ്റർ ടി. ബി. ആഡെൻ, ഡാക്റ്റർ എം. എസ്സ്. കൃഷ്ണൻ, ഡാക്റ്റർ എസ്സ്. എൻ. ബാനർജി, പ്രഫസർ കെ. കെ. മാധുർ, ഡാക്റ്റർ ജി. സി. റോയ്, ആർ. എൻ. ഘോഷ് മുതലായ അനവധി ഭൂഗഭശാസ്ത്രജ്ഞന്മാർ ഈ ഭൂകമ്പത്തെക്കുറിച്ചു വിപുലമായി പയ്യവേക്ഷണം നടത്തീട്ടുണ്ട്. ഇവരുടെ അഭിപ്രായങ്ങൾ ഇൻഡ്യൻ ജിയളോജിക്കൽ സവ്വെ 68-ാം വാല്യത്തിൽ രണ്ടാംഭാഗത്തിൽ അടങ്ങീട്ടുണ്ട്. ഹിമാലയാപവ്വതത്തിൻെറ ഉന്നമനംതന്നെയാണ് ഈ ഭൂകമ്പത്തിൻേറയും ഹേതുവെന്നാണ് ഇവരുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായം.

ദക്ഷിണേന്ത്യയിൽ ഭൂകമ്പങ്ങളുണ്ടാകുവാൻ മാഗ്ഗം കാണുന്നില്ല. ചിലപ്പോൾ ചില ചില്ലറ ഭൂകമ്പങ്ങളുണ്ടാകാറുള്ളതു് ഉത്തരേന്ത്യയിലെ ഭൂകമ്പങ്ങൾമൂലം മാത്രമാകുന്നു.

ഭൂകമ്പങ്ങൾ മനുഷ്യരുടെ പരമശത്രുക്കളാകുന്നു. അവ വരുത്തുന്ന കഷ്ടനഷ്ടങ്ങൾക്കു കൈയ്യും കണക്കുമില്ലാത്തവയാണ്. കാശ്മീറിലെ അനവധി തടാകങ്ങളെ സൃഷ്ടിച്ചിട്ടുള്ളതു ഭൂകമ്പങ്ങളാണ്. 1819-ൽ കച്ചിൽ ഭൂകമ്പമുണ്ടായപ്പോൾ കച്ചുൾക്കടലിൻെറ പശ്ചിമഭാഗത്തു് "അള്ളാബണ്ടു" എന്നൊരു പുതിയ സ്ഥലം ഉയന്നുവരികയുണ്ടായി. അതേ ഭൂകമ്പംതന്നെയായിരുന്നു ചരിത്രപ്രധാനമായ സിൻഡ്രികോട്ട സമുദ്രത്തി

നടിയിൽ താഴ്ത്തികളഞ്ഞതും. കേരളം സൃഷ്ടിച്ചതു ഭൂകമ്പമായിരുന്നുവെന്നാണു ചില ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

അവസാനമായി പറയുവാനുള്ളതു ഭൂകമ്പങ്ങളുടെ വിതരണത്തെക്കുറിച്ചാകുന്നു. ഭൂകമ്പങ്ങൾ ധാരാളമുള്ള രാജ്യങ്ങൾ മററുരാജ്യങ്ങളെ അപേക്ഷിച്ചു പ്രായം കുറഞ്ഞവയാകുന്നു. ജാപ്പാൻ, ഉത്തരേന്ത്യ, ഈസ്റ്റ്ഇൻഡീസ്, ഉത്തരാസ്ത്രേലിയ, തിബററ്, മദ്ധ്യേഷ്യ, ഏഷ്യാമൈനർ, ദക്ഷിണയൂറോപ്പ്, മെക്സിക്കൊ, വെസ്റ്റ്ഇൻഡീസ് എന്നീ രാജ്യങ്ങളിലാണു ഭൂകമ്പങ്ങൾ ധാരാളമുള്ളതു്.

# വൈരൂപ്യത്തിൽ വിജ്ഞാനസൌന്ദര്യം.

[വിദ്വാൻ കാട്ടൂർ പി. കൃഷ്ണപ്പണിക്കർ.]

ക്രിസ്തുഭഗവാൻ അവതരിച്ചതിനു നാലു നൂററാണ്ടുകൾക്കു മുൻപ് 'ഏതൻസു' നഗരത്തിൽക്കൂടി കുട്ടികൾ വിദ്യാലയത്തിലേക്കു പൊയ്ക്കൊണ്ടിരുന്നു. അവരിൽ ചിലർ പാഠങ്ങളേപ്പററിയും മററുചിലർ തലേദിവസത്തെ വഴക്കുകളേയും അതിനു ലഭിച്ച ശിക്ഷകളേയും കുറിച്ചും സംസാരിച്ചുകൊണ്ടാണു നടന്നിരുന്നതു്. ചില കുട്ടികൾ കളിച്ചും ചിരിച്ചും സോല്ലാസം സഞ്ചരിച്ചു. അവരുടെ ബഹളങ്ങളിൽ ഉൾപ്പെടാതെ നിശ്ശബ്ദനായി നടന്നുകൊണ്ടിരുന്ന ഒരു ബാലനെ അവരിലാരും അത്ര കാര്യമായി കരുതിയില്ല. എന്നാൽ അവർ പാന്ഥന്മാരുടെ ജിജ്ഞാസാപൂർവ്വമായ നോട്ടങ്ങൾക്കു ലക്ഷ്യമായി ഭവിച്ചു. ഇരുവശത്തുമുള്ള വസ്തുക്കളിൽ അവന്റെ വീക്ഷണങ്ങൾ പതിയുന്നതും അവൻ ചിന്താമഗ്നനായി വഴിയിൽനിന്നു പോകുന്നതും സാധാരണമായിരുന്നു.

സാധാരണയിൽ കുറഞ്ഞ ഉയരമേ ആ കുട്ടിക്കുണ്ടായിരുന്നുള്ളു. പതിഞ്ഞ മൂക്കും മുന്നോട്ടൊന്നുന്തിനില്ക്കുന്ന നയനങ്ങളും അയാൾക്കുണ്ടായിരുന്നു. കാഴ്ചയിൽ അയാൾ വിരൂപിയായിരുന്നുവെന്നുതന്നെ തീർത്തു പറയാം. എന്നാൽ അവന്റെ ദൃഷ്ടിക്കു ഗോചരീഭവിച്ച ഒരു വസ്തുപോലും ശരിയായി മനസ്സിലാക്കാതെ വിട്ടുകളയുന്ന ഒരുദാസീനനായിരുന്നില്ലെന്നുള്ളതു് അയാളുടെ ഒരു പ്രത്യേകസ്വഭാവമായിരുന്നു. സഹപാഠികളുമായി അട്ട

ത്തു പെരുമാറി അവരുടെ സ്വഭാവഗതിയും ജീവിതരീതിയും സസൂക്ഷ്മം ഗ്രഹിക്കുന്നതിന് അയാൾക്കു പ്രത്യേകം താല്പര്യമുണ്ടായിരുന്നു. കീറിപ്പറിഞ്ഞ വസ്ത്രങ്ങളുമുടുത്തു മൗനിയായി സഹഗമനം ചെയ്തുകൊണ്ടിരുന്ന സതീത്ഥ്യനെ—ഒരു വെറും സൂതികമ്മിണിയുടെ പുത്രനെ—ആ വിദ്യാത്ഥിവൃന്ദം അത്ര കാര്യമായിക്കരുതാതിരുന്നതു് ഒട്ടും ആശ്ചര്യമല്ലല്ലോ.

ഈ അദ്ധ്യേതാവിൻെറ പേരു് എന്തായിരുന്നുവെന്നും അയാളുടെ ഭാവി എന്തായിരുന്നുവെന്നും അറിയുന്നതിന് എൻെറ വായനക്കാർ വാഞ്ഛിക്കുന്നുണ്ടായിരിക്കും. ലോകവിശ്രുതനായിത്തീന്ന ആ അതീനിയൻ ബാലൻെറ പേരു സോക്രട്ടീസ് എന്നായിരുന്നു. അയാളുടെ പിതാവു് ഒരു കൊത്തുപണിക്കാരനും അമ്മ സൂതികമ്മിണിയും ആയിരുന്നുവത്രേ. ഈ മാതാപിതാക്കന്മാരുടെ ദാമ്പത്യജീവിതത്തിൻെറ ഉൽകൃഷ്ടഫലമായ സോക്രട്ടീസ് ബി. സി. 469-ൽ ഏതൻസു നഗരത്തിൽ ജനിച്ചു. പിതാവിനെയനുസരിച്ചു ചെറുപ്പത്തിലേതന്നെ അയാൾ ശില്പകലയിൽ നൈപുണ്യം നേടി. സോക്രട്ടീസിൻെറ മരണാനന്തരം അഞ്ഞൂറുവഷങ്ങൾ കഴിഞ്ഞതിൽപിന്നെ പോസ്സവാനിയസ്, എന്ന ദേശസഞ്ചാരി 'അക്രോപ്പോളിസിൽ' നമ്മുടെ കഥാനായകൻ നിമ്മിച്ചിട്ടുള്ള പ്രതിമകൾ കണ്ടതായി പറഞ്ഞിട്ടുണ്ട്. പാരമ്പര്യമായി സിദ്ധിച്ച ഈ ശില്പവൃത്തി തുടൎന്നുകൊണ്ടുപോകണമെന്നു് അയാൾ അശേഷം വിചാരിച്ചില്ല.

സംഗീതത്തിലും കായികാഭ്യാസങ്ങളിലും അയാൾക്കു വിദ്യാലയത്തിൽനിന്നുതന്നെ സാമാന്യജ്ഞാനം സിദ്ധിച്ചിരുന്നു. അല്പം സയൻസും കണക്കും, നക്ഷത്രശാസ്ത്രവും സോക്രട്ടീസ് വിദ്യാലയജീവിതത്തിൽനിന്നുതന്നെ മനസ്സിലാക്കി. 'അനക്സാഗോറസിൽ'നിന്നു തത്വശാസ്ത്രവും ഡേമണിൽനിന്നു സംഗീതവും അഭ്യസിച്ചതിൽപ്പിന്നെ 'സോക്രട്ടീസു' സംഭാഷണവിഷയവും അതിൻെറ രീതികളും 'പ്രോഡിക്സ്' എന്ന മഹാനിൽനിന്നും പഠിച്ചു.

ഏതൻസു നഗരത്തിൻെറ രാഷ്ട്രീയമായ ഉയച്ചത്താഴ്ചകൾ സംഭവിച്ച കാലഘട്ടത്തിൻെറ അധികഭാഗവും സോക്രട്ടീസിൻെറ ജീവിതം നീണ്ടുനിന്നു. വിശ്വവിശ്രുതമായ 'പാത്ഥിനൺ'ദേവാലയത്തിൻെറ പണി പൂത്തിയായതു നമ്മുടെ കഥാനായകനു മുപ്പതു വയസ്സു കഴിഞ്ഞതിൽപിന്നീടാണു്. സോക്രട്ടീസിൻെറ ബാല്യദശയിൽതന്നെ ഏതൻസുനഗരം 'പെരിക്കിൾസു്' എന്ന നേതാവിൻെറ നേതൃത്വത്തിൽ ലളിതകലകളിൽ വലിയ അഭിവൃദ്ധി പ്രാപിച്ചിരുന്നു. പ്രതിമാനിമ്മാണത്തിലും ആലയത്രൂഷീകരണത്തിലും കാവ്യരചനയിലും കമനീയങ്ങളായ ആക്കകൾ സൃഷ്ടിക്കുന്നതിലും ആ നായകൻ വാസനയും ശ്രമവും ഉള്ളവരെ ധൈര്യപ്പെടുത്തുക

യും പ്രോത്സാഹിപ്പിക്കുകയും ചെയ്തുവന്നു. ഏതൻസുനഗരത്തിൻെറ ഒരു ഗോപുരമെന്നു തോന്നുമാറു നിന്നിരുന്ന 'ആക്രോപ്പോളീസ്' എന്ന വമ്പിച്ച പാറക്കെട്ടുകൾ കല്ലുകളും മാർബിളുകളും ചേർത്തു പണിയപ്പെട്ട അമ്പലങ്ങളാൽ നിറയപ്പെട്ടിരുന്നു. 'പാർത്തിനൺ' എന്ന ക്ഷേത്രമായിരുന്നു അവയിൽ ഏററവും പ്രാധാന്യം അർഹിച്ചതു്. ഇതും ഇതുപോലെ ഉണ്ടായിരുന്ന മററു ദേവാലയങ്ങളും ഏതൻസുനഗരത്തിൻെറ അക്കാലത്തെ ശില്പതക്ഷണത്തിന് ഉത്തമോദാഹരണമായിരുന്നു.

നമ്മുടെ ബാലൻ ചുററിത്തിരിഞ്ഞു പല പ്രാവശ്യവും ഈ പാറയുടെ ചുവട്ടിൽ ചെല്ലാറുണ്ടായിരുന്നു. മത്സരിച്ചു സമ്മാനം വാങ്ങുവാനായി വന്നുകൊണ്ടിരുന്ന കവികളുടേയും നടന്മാരുടേയും കവിതകൾ കേൾക്കുവാനും നടനം കാണുവാനും അനവധിയാളുകൾ അവിടെ വന്നുകൊണ്ടിരുന്നു. ഇവരുടെ സംസർഗ്ഗം സോക്രട്ടീസിൻെറ ജിജ്ഞാസയേയും ചിന്താസ്വഭാവത്തേയും വർദ്ധമാനമാക്കിയിരിക്കണം. 'ഡിമാൺ' 'യൂറിമേഡൻ, എന്ന യുദ്ധം ജയിച്ചതു സോക്രട്ടീസിൻെറ ശൈശവകാലത്തായിരുന്നു. അദ്ദേഹത്തിൻെറ മുപ്പത്തിയെട്ടാമത്തെ വർഷത്തിൽ ആണു 'പെലോപോണിസിയൽ' യുദ്ധം ഭയങ്കരമായി ആരംഭിച്ചതു്. സ്പാർട്ടൻ തടവുകാരെ 'സ്പാക്റ്റേറിയായിൽ'നിന്നും ഏതൻസിലേക്കു കൊണ്ടുവരുന്നതു നമ്മുടെ കഥാനായകൻ കണ്ടതിൻെറ അടുത്തവർഷം (അദ്ദേഹത്തിൻെറ 46-ാമത്തെ വയസിൽ ബി. സി.—424) 'ഡിലിയം'എന്ന സ്ഥലത്തുവച്ചുണ്ടായ സമരത്തിൽ അദ്ദേഹംതന്നെയൊരു പടയാളിയായി ചേർന്നു രാജ്യത്തോടുള്ള സ്നേഹത്തെ കടിതമാക്കി. ഇതു കൂടാതെ രണ്ടു പ്രാവശ്യംകൂടി അദ്ദേഹം സ്വരാജ്യകക്ഷിയിൽ ചേർന്നു യുദ്ധം ചെയ്തിട്ടുള്ളതിൽനിന്നു് അദ്ദേഹത്തിനുള്ള ആസക്തി വ്യക്തമാകുന്നുണ്ടല്ലോ. സോക്രട്ടീസിൻെറ സഹസേനാനിയായിരുന്ന ഒരാളുടെ അഭിപ്രായം നോക്കുക. "എവിടേയും വലിയ ഘനത്തിൽ മഞ്ഞു വീണു കിടന്നിരുന്നു. ആരും വെളിയിലിറങ്ങി നടപ്പാൻ ധൈര്യപ്പെട്ടില്ല എല്ലാവരും മറിക്കകത്തുതന്നെ അടങ്ങി പാർത്തതേയുള്ളു. ആ ദുർഘടഘട്ടത്തിൽ സൈന്യങ്ങളുടെ നില വളരെ പരുങ്ങലിലായിരുന്നു. എന്നാൽ സോക്രട്ടീസാകട്ടെ സാധാരണവേഷത്തിൽ നഗ്നപാദങ്ങൾകൊണ്ടു പാദരക്ഷകളുള്ള മററുപടയാളികളേക്കാൾ ഊർജ്ജസ്വലനായും സ്വസ്ഥനായും നടന്നുപോയി". സോക്രട്ടീസിൻെറ വിപദിധൈര്യം ഇതിൽനിന്നു നമുക്കു മനസ്സിലാക്കാവുന്നതാണല്ലോ.

നിർദ്ധനനായിരുന്ന ഈ യുവാവു വൈശ്രവണന്മാരുടെ വിഭവസമൃദ്ധങ്ങളായ വീടുകളിൽചെന്നു് അവിടെയുണ്ടായിരുന്ന വിലയേറിയ സാധനസാമഗ്രികളേയും അലങ്കരണസാധനങ്ങളേയും കണ്ടു മനസ്സിലാക്കി. അദ്ദേഹം വസിച്ചിരുന്നതു് എത്രയോ താണതരത്തിലുള്ള ഒരു കൊച്ചു വീട്ടി

ലായിരുന്നു. അവിടെ കുഴൽവെള്ളമോ മററു സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. പുകപോകുന്നതിനുകളപ്പുരയുടെ മുറിയിൽ മുകളിലായി ഒരു ചെറിയ ദ്വാരമാണുണ്ടായിരുന്നതു്. എന്നാൽ സോക്രട്ടീസ് ഒരിക്കലെങ്കിലും ധനത്തിനോ ഭംഗിയുള്ള ഭവനത്തിനോ ആഗ്രഹിച്ചിട്ടുള്ളതായി അറിയുന്നില്ല. പ്രായമായതോടുകൂടി ഭൗതികങ്ങളായ സുഖത്തിലും സന്തോഷത്തിലും നിശ്ശേഷം അശ്രദ്ധയും, ന്യായവും ഉൽകൃഷ്ടവും യോഗ്യവും ആയിട്ടുള്ള കാര്യങ്ങൾ വിവേചിക്കുന്നതിൽ നിഷ്കർഷയും ഉണ്ടായി. കാലങ്ങൾ കഴിഞ്ഞുവരവേ അദ്ദേഹം വസ്ത്രധാരണത്തിൽ ശ്രദ്ധ ഇല്ലാത്തവനായും ചിന്താശീലനായും തീൎന്ന

ഒരാചാര്യനാണെന്നുള്ള പ്രസിദ്ധി അദ്ദേഹത്തിനു സിദ്ധിച്ചു. അയാൾ തെരുവിൽക്കൂടി സഞ്ചരിച്ചപ്പോൾ ചിരപരിചിതമായ ആ വികൃതരൂപം മുൻപിൽ കണ്ടപ്പോൾ—ഓരോരുത്തരും സ്നേഹിതന്മാരെ വിളിച്ചു "അതാ സോക്രട്ടീസു പോകുന്നു. വരുവിൻ നമുക്കദ്ദേഹത്തോടൊന്നു സംസാരിക്കാം എന്നു" പറയാറുണ്ടായിരുന്നു. ചന്തസ്ഥലങ്ങളിലോ രാജപാതകളിലോ സഞ്ചരിച്ചു് അദ്ദേഹത്തോടു സമീപിച്ചവരോടു വിവിധവിഷയങ്ങളെക്കുറിച്ചു തർക്കിച്ചും ചോദ്യങ്ങൾ ചോദിച്ചുമായിരുന്നു സോക്രട്ടീസ് ദിവസങ്ങൾ നയിച്ചതു്.

ഏതൻസ് ഒരു മാതൃകാരാജ്യമാകണമെന്നായിരുന്നു സോക്രട്ടീസിന്റെ പരമോദ്ദേശം. ഏതാണു നല്ലതു്, ഏതാണു ചീത്ത എന്നു തിരിച്ചറിയാനുള്ള സാമൎത്ഥ്യം വിദ്യാഭ്യാസത്താൽ മനസ്സു സംസ്കരിച്ചെങ്കിലേ സാധിക്കയുള്ളു. അപ്രകാരമുള്ള ഒരു വിവേചനാസാമൎത്ഥ്യം സമ്പാദിക്കേണ്ടതു രാജ്യത്തിലെ പൗരസഞ്ചയത്തിന്റെ പ്രഥമകൎത്തവ്യമാകുന്നു. അപ്രകാരമുള്ള ഒരു പൗരസഞ്ചയത്തെ രൂപീകരിക്കാതെ സോക്രട്ടീസിന്റെ ആദൎശം സഫലമാകയില്ലെന്നു സ്വശിഷ്യന്മാരോടും അഭിമുഖസംഭാഷണത്തിനു വശംവദരായവരോടും അദ്ദേഹം എപ്പോഴും പറഞ്ഞുകൊണ്ടാണിരുന്നതു്. അവനവനെക്കുറിച്ചുതന്നെ ചിന്തിക്കുന്നതിനു മനുഷ്യൻ പഠിക്കണമെന്നും സ്വന്തയുക്തിയുപയോഗിച്ചു നീതിയും, ന്യായവും, സൗന്ദര്യവും എന്താണെന്നറിഞ്ഞു തദ്വാരാ സ്വഭാവത്തെ രൂപീകരിക്കണമെന്നും അദ്ദേഹം വിശ്വസിച്ചു.

തൎക്കങ്ങളും പ്രശ്നങ്ങളും മനുഷ്യന്റെ വിവേചനാശക്തിയേ വൎദ്ധിപ്പിക്കുമെന്നദ്ദേഹം വിചാരിച്ചതിനാൽ ഏതു തുറന്ന പ്രദേശങ്ങളിൽവച്ചും അദ്ദേഹം അവരോടു വാദസമരം ചെയ്തുകൊണ്ടിരുന്നു. ആളുകൾ ഉറപ്പായി ധരിച്ചു വച്ചിരുന്ന കാര്യങ്ങളെക്കുറിച്ചു് അദ്ദേഹം സംശയാസ്പദങ്ങളായ ചോദ്യങ്ങൾ ചോദിച്ചു് അവരുടെ ധാരണയെ ഇളക്കുകയും അവരുടെ മനസ്സു വല്ലാതെ കുഴക്കിട്ടു കടന്നുകളയുകയും ചെയ്ത സന്ദൎഭങ്ങൾ ധാരാളമുണ്ടായിട്ടുണ്ടു്. ഏതവസരങ്ങളും ആലോചനീയങ്ങളായ പാഠങ്ങൾ ഏതു പ്രാ

യത്തിലുള്ളവക്കും നൽകുന്നതിനദ്ദേഹം ഉപയോഗപ്പെടുത്തി. ഈ സ്വഭാവം നല്ലപോലെ പ്രകാശിക്കുന്ന ഒരു ഘട്ടമിവിടെ രേഖപ്പെടുത്താം. ചില സ്നേഹിതന്മാരുമൊന്നിച്ചു അദ്ദേഹം ഒരിക്കൽ ഒരു പാഠശാലയിലേക്കു പോയി. അവിടെ ചെന്നപ്പോൾ അദ്ദേഹത്തിൻെറ സമീപത്തു രണ്ടു ബാലന്മാർ വന്നിരുന്നു. അവരോടു സോക്രട്ടീസു സംസാരിച്ചുതുടങ്ങി.

സോക്ര:— കുട്ടികളെ! നിങ്ങളിലാരാണു മൂത്തവൻ?

ഒരു കു:— ഞങ്ങൾ അതേപ്പററിത്തന്നെ വഴക്കു പറഞ്ഞുകൊണ്ടിരിക്കയാണു്.

സോക്ര:— ആകട്ടെ നിങ്ങളിലാരാണുൽകൃഷ്ടൻ? ആരാണു കൂടുതൽ സുന്ദരൻ! മുൻപു പറഞ്ഞതുപോലെ ഇതും തക്കവിഷയമാണോ?

കുട്ടികൾ:— അതേ [എന്നു ചിരിച്ചുകൊണ്ടു പറഞ്ഞു.]

സോക്ര:— [അവരെ സഗൌരവം നോക്കിയിട്ടു] നിങ്ങളിൽ ആരാണു ധനവാൻ എന്നു ഞാൻ ചോദിക്കുന്നില്ല. നിങ്ങൾ സ്നേഹിതന്മാരല്ലേ? സ്നേഹിതന്മാക്കു സകല വസ്തുക്കളിലും സമാവകാശമാണുള്ളതു്. അതുകൊണ്ടു രണ്ടു സ്നേഹിതന്മാരിൽ ഒരാൾക്കു മറേറയാളിനേക്കാൾ ധനികനായിരിക്കാൻ കഴിയുമോ?

B. C. 415-ൽ സിസിലിയിലേക്കു പോയ പടക്കപ്പൽ സമൂഹത്തിൻെറ സ്ഥിതിയിൽ ഇട വിട്ടുള്ള ആശയോടും ഭയത്തോടുംകൂടി അദ്ദേഹം രണ്ടുവഷം കഴിച്ചുകൂട്ടി. ഇക്കാലത്തു സോക്രട്ടീസിനു് അൻപതുവയസ്സിൽ കൂടുതൽ പ്രായമുണ്ടായിരുന്നു. നേരത്തെയുണ്ടായ വിജയങ്ങളിൽ ജനങ്ങൾ പ്രദശിപ്പിച്ച ആഹ്ലാദത്തേയും, പിന്നീടു വന്നുചേന്ന അവിശ്വാസനീയമായ നാശവൃത്താന്തം കേട്ടപ്പോൾ ഉണ്ടായ മന്ദതയേയും ആ യവനാചായ്യൻ ഉദാസീനതയെന്നിയെ ശാന്തമായി വീക്ഷിച്ചുകൊണ്ടാണഢിന്നതു്. B. C. 460 മുതൽ 400 വരെ ഏതൻസിൽ ജീവിച്ചിട്ടുള്ള ഒരുവനും, സംഭവബഹുലമല്ലാത്ത ജീവിതമാണു നയിച്ചതെന്നു പറവാൻ കഴിയുമെന്നു തോന്നുന്നില്ല. സോക്രട്ടീസ് ഈ അതീനിയൻ ജീവിതത്തിൻെറ പരമകാഷ്ഠയിൽത്തന്നെയാണു ജീവിച്ചിരുന്നതെങ്കിലും അദ്ദേഹം 'പോട്ടിഡിയാ' നിരോധനത്തിലും 'ഡിലിയും' യുദ്ധത്തിലും ഒരു വലിയ യോദ്ധാവായി സ്വരാജ്യത്തോടുള്ള സേവനം നിർവഹിച്ചതിൽ കവിഞ്ഞു പൊതുക്കാൎയ്യങ്ങളിൽ അധികം ഭാഗഭാക്കായിട്ടുണ്ടെന്നു പറഞ്ഞുകൂടാ. അക്കാലത്തവിടെയുണ്ടായ സകല സംഭവങ്ങളേയും നിരൂപണബുദ്ധിയോടുകൂടി അദ്ദേഹം നിരീക്ഷിച്ചുകൊണ്ടിരുന്നു. സാമുദായികമായി അദ്ദേഹത്തിൻെറ സ്ഥാനത്തെക്കുറിച്ചു നോക്കുന്നപക്ഷം ഏതൻസിലേയൊരു സ്വതന്ത്രപൌരനായിരുന്നു അദ്ദേഹമെന്നു മനസ്സിലാകും.

(തുടരും)